LIBRARY ARCHIVES Kerala Legislative Assembly.

മി. സ്പീക്കർ: പ്രമേയത്തിന് ഭേദഗതികളില്ല. 2003-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2003-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച (ഭേദഗതി) ബില്ലും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2003-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2003-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച viii-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഞാൻ ആമുഖമായി ദീർഘമായ ഒരു പ്രസംഗം നടത്തണമെന്ന് ആഗ്രഹിക്കുന്നില്ല. ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ബാക്കി കാര്യങ്ങൾ ഞാൻ മെമ്പർമാരുടെ അഭിപ്രായങ്ങൾക്കുശേഷം പറയാം.

ശ്രീമതി മാലേത്ത് സരളാദേവി: സർ, 2003-ലെ കേരള ധനകാര്യ ബിൽ പൊതു ജനാഭിപ്രായം ആരായുന്നതിനായി 31-8-2003 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ബാലൻ: സർ, 2003-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, 2003-ലെ കേരള ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുന്നു. പുതിയ നികുതികളൊന്നും ഏർപ്പെടുത്തുകയില്ലെന്ന മന്ത്രിയുടെ അവകാശ വാദം പൊള്ളയായിരുന്നുവെന്ന് വ്യക്തമാക്കുന്നതാണ് ഈ പുതിയ നികുതി നിർദ്ദേശം. 1994-ൽ മോട്ടോർ വാഹനങ്ങൾക്ക് മാത്രമായിരുന്നു പ്രവേശന നികുതി ഏർപ്പെടുത്തിയിരുന്നത്. ഇതിനകം 34 ഇനങ്ങൾക്കുകൂടി പ്രവേശന നികുതി ഏർപ്പെടുത്തിക്കഴിഞ്ഞു. ഇപ്പോൾ 9 പുതിയ ഇനങ്ങൾക്കുകൂടി പ്രവേശന നികുതി ഏർപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ ജീവിത ഭാരം വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇപ്പോൾ വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ പേപ്പർ മുതൽ ആശുപത്രി ഉപകരണങ്ങൾക്കുവരെ പ്രവേശന നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. ശസ്ത്രക്രിയ ഉപകരണങ്ങളെപ്പോലും വെറുതെ വിട്ടില്ല. ചികിത്സാരംഗം ഇന്ന് അപ്രാപ്യവും ചെലവേറിയതുമായിരിക്കുകയാണ്. സർക്കാർ ബഡ്ജറ്റിൽ ആവശ്യത്തിനുള്ള തുക വകയിരുത്താതെ ആരോഗ്യ രംഗത്ത് നിന്ന് മെല്ലെ മെല്ലെ പിന്തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. അതേസമയം പുതിയ നികുതികൾ ഏർപ്പെടുത്തിക്കൊണ്ട് ചികിത്സാ ചെലവ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. ആശുപത്രികളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളും രാസവസ്തുക്കളും 90 ശതമാനവും കേരളത്തിന് പുറത്തു നിന്നാണ് കൊണ്ടുവരുന്നത്.

8 ശതമാനം പ്രവേശന നികുതിയും 10 ശതമാനം വില്പന നികുതിയും ഏർപ്പെടുത്തിയിരിക്കുകയാണ്. രോഗ നിവാരണത്തിന് ആവശ്യമായ മരുന്നുകളും ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന എക്സ്-റേ ഫിലിമുകളും എന്നുവേണ്ട ഒട്ടുമിക്ക വസ്തുക്കളും മറ്റിനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്നതും ഏറെയുണ്ട്. ഇറക്കുമതി തീരുവ നൽകുന്ന കേസിലും അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ എത്തുമ്പോൾ പ്രവേശന നികുതി കൊടുക്കണം. വില്പന നടത്തുന്നതിനായി സംസ്ഥാനത്ത് കൊണ്ടുവരുന്ന മെഡിക്കൽ ഉപകരണങ്ങൾക്ക് മാത്രമല്ല പ്രവേശന നികുതി. സർക്കാർ ആശുപത്രി ഉൾപ്പെടെയുള്ള ആശുപത്രികളിലേയ്ക്കോ ലാബുകളിലേയ്ക്കോ എന്തിനേറെ ഒരു ഡോക്ടർ ഏതെങ്കിലും ഒരു ഉപകരണം സ്വന്തം ആവശ്യത്തിലേയ്ക്ക് സ്ഥാപനത്തിന് പുറത്തുള്ള വിതരണക്കാരിൽനിന്ന് കൊണ്ടുവന്നാൽ അതിനും പ്രവേശന നികുതി കൊടുക്കണം. അനന്തര ഫലമോ? ഈ ബാദ്ധ്യതകളെല്ലാം ചികിത്സയ്ക്കായി ആശുപത്രിയിൽ ചെല്ലുന്നവരുടെ തലയിൽവച്ച് കെട്ടുന്നു. ജീവൻ രക്ഷിക്കാൻ ആശുപത്രികളിൽ എത്തുന്ന പാവപ്പെട്ട രോഗികളോടാണ് ഇത്തരം ക്രൂരത. മറ്റൊരു നികുതി നിർദ്ദേശം.....

Mr. Speaker: Order, order.....What is this? Senior മെമ്പർമാരൊക്കെ ഇങ്ങനെയായാൽ എങ്ങനെയാണ്?

ശ്രീ. വി.കെ.സി.മമ്മത് കോയ: വ്യവസായങ്ങൾ തകരാൻ പോകുന്ന അവസ്ഥയിൽ കൂടുതൽ തകർച്ചയിലേക്ക് എത്തിക്കാനേ ഇത് ഉപകരിക്കൂ. ഭേദഗതി ചെയ്യുന്ന മറ്റൊരു നിയമം Kerala Tax on Luxuries Act, 1976-ആണ്. യഥാർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്ന മദ്യത്തിൽനിന്ന് ഖജനാവിലേക്ക് 25 ശതമാനം പോലും വരവില്ല. 75 ശതമാനവും മദ്യ മാഫിയയുമായുള്ള സർക്കാരിന്റെ അവിഹിത ഇടപെടൽകൊണ്ട് ഖജനാവിന് നഷ്ടമാവുകയാണ്. ക്ലബ്ബുകൾക്ക് മദ്യം വിൽക്കാനുള്ള ലൈസൻസ് ലഭിക്കുന്നതിന് 25 വർഷത്തെ പാരമ്പര്യം വേണ്ടത് ഇപ്പോൾ വെട്ടിച്ചുരുക്കി 10 വർഷമാക്കി നോട്ടിഫിക്കേഷൻ ഇറക്കിയിരിക്കുകയാണ്. ഇത്തരം ക്ലബുകൾക്ക് തട്ടിക്കൂട്ടി ലൈസൻസ് തരപ്പെടുത്താൻ സർക്കാർ കൂട്ടുനിൽക്കുന്നു. ഘട്ടംഘട്ടമായിട്ടുള്ള മദ്യനിരോധനം വെറും വാചകമടിയിൽ മാത്രമാകുന്നു. എൽ.ഡി.എഫ്. സ്വീകരിച്ച ധീരമായ നടപടി മുന്നോട്ടു കൊണ്ടുപോകാൻ നിങ്ങൾ തയ്യാറായില്ല. വ്യവസ്ഥകളെല്ലാം വെള്ളം ചേർത്തു. അതുവഴി ഇതിനകം ഖജനാവിലേക്ക് വരുമായിരുന്ന 2,500 കോടി രൂപ മദ്യ മാഫിയകളുടെ കൈകളിലാണ് എത്തിയത്. ബഡ്ജറ്റ് പ്രസംഗത്തിൽ നടപ്പ് വർഷാദ്യം മിച്ചമായ 30.10 കോടി രൂപയും 2003-04-ൽ പ്രതീക്ഷിക്കുന്ന മിച്ചമായ 403.23 കോടി രൂപയും ചേർത്ത് മൊത്തം 433 കോടി രൂപ മിച്ചമായിരിക്കുമെന്ന് അവകാശപ്പെട്ടിരുന്നു. 'VAT' ഏർപ്പെടുത്തുമ്പോൾ 500 കോടി രൂപ നഷ്ടം വരുമെന്ന് ബഡ്ജറ്റിൽ മന്ത്രി പറഞ്ഞിരുന്നു. ഇപ്പോൾ സഭയിൽ തന്ന 85-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരമായി 1,100 കോടി രൂപ നഷ്ടം വന്നു. എന്നാൽ ഇപ്പോൾ മൂല്യവർദ്ധിത നികുതി നടപ്പാകാത്ത സാഹചര്യത്തിൽ 1,100 കോടി രൂപയുടെ നഷ്ടം ഇല്ലാതാകുന്നു. അതല്ലേ സത്യം? പിന്നെ എന്തിനാണ് നേരത്തെ എ.എസ്.ടി. വകയിൽ 500 കോടിയുടെയും ഈ ബില്ലിലൂടെ കുറെ കോടികളുടേയും അധിക ബാദ്ധ്യത ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നത്? ബഡ്ജറ്റിൽ പദ്ധതികൾ പ്രഖ്യാപിച്ച് കൈയടി വാങ്ങിയശേഷം അതൊന്നും നടപ്പാക്കാതിരിക്കലാണ് നിങ്ങളുടെ മുദ്രാവാക്യം. 2002-03-ൽ നിങ്ങൾ പ്രഖ്യാപിച്ച 23 കൈയടി പദ്ധതികൾ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ല. ദീപിക പത്രം പഠനം നടത്തി കണ്ടുപിടിച്ചതാണ്. ലോക്കൽ ബോഡീസിന് നിങ്ങൾ നൽകുമെന്ന് അവകാശപ്പെട്ടത് കഴിഞ്ഞ രണ്ട് വർഷവും നൽകിയില്ല. 2001-02-ൽ 850 കോടി രൂപ വകയിരുത്തി. പക്ഷേ അത് സമയത്ത് കൊടുത്തില്ല.

LIBRARY ARCHIVES Kerala Legislative Assembly

2002-03-ൽ 1,342 കോടി രൂപ വകയിരുത്തി. 800 കോടി രൂപയാണ് കൊടുത്തത്. 2003-04-ൽ 1,347 കോടി രൂപ വകയിരുത്തിയെങ്കിലും നാലു മാസത്തിനുശേഷം ഇപ്പോൾ ഒരു ഗഡുവാണ് കൊടുത്തത്. മാത്രമല്ല ഇപ്പോൾ ഒരുത്തരവിലൂടെ നേരിട്ട് കൊടുത്ത തുകയും തിരിച്ച് പിടിക്കുകയാണ്. ഡോ. തോമസ് ഐസക് 500 കോടി രൂപ എന്നാണ് പറഞ്ഞത്. മലയാള മനോരമ പത്രം റിപ്പോർട്ട് ചെയ്തിരുന്നത് 650 കോടി രൂപ തിരിച്ചു പിടിക്കുന്നു എന്നാണ്. നേരിട്ട് കൊടുത്ത പണം ട്രഷറി നിയന്ത്രണം ഉള്ളതിനാൽ പഞ്ചായത്തുകൾക്ക് ചെലവഴിക്കാൻ കഴിയുമായിരുന്നില്ല. ഇത് ജനകീയാസൂത്രണ പദ്ധതിയാകെ അവതാളത്തിലാക്കിയിരിക്കുകയാണ്. വിവാദങ്ങൾ സംഘടിപ്പിച്ചതിന്റെ പൊരുൾ ഇപ്പോൾ എല്ലാവർക്കും മനസ്സിലായിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രി ഇതിന് മറുപടി പറയണം. നിയമസഭ പോലും അറിയാതെയാണ് ഈ ജനാധിപത്യ കൊലപാതകം നടപ്പിലാക്കിയിട്ടുള്ളത്. പരമ്പരാഗത വ്യവസായങ്ങൾക്ക് 500 കോടി രൂപ വകയിരുത്തി. പക്ഷെ പ്രഖ്യാപിച്ചതൊന്നും നടപ്പിലാക്കിയിട്ടില്ല. 5 ലക്ഷം പേർക്ക് തൊഴിൽ, 210 കോടി രൂപ പ്രഖ്യാപിച്ചു. ഒരു പൈസ പോലും ചെലവഴിച്ചില്ല. കാർഷിക മേഖലയ്ക്ക് പ്രത്യേക ഫണ്ട്, പ്രഖ്യാപനം നടത്തി നടപ്പാക്കിയില്ല. കരാറുകാർക്ക് മാറ്റിവച്ചത് 728 കോടി. അത് കൊടുത്തില്ല. കർഷക തൊഴിലാളി പെൻഷൻ 89-ൽ 26 കോടി രൂപ കുടിശ്ശികയുള്ളത് കൊടുത്തില്ല. തൊഴിലില്ലായ്മ വേതനം 116 കോടി കൊടുക്കാൻ ബാക്കി. ഈ വർഷത്തെ ബഡ്ജറ്റിലും ഇതിനുള്ള പ്രഖ്യാപനം നടത്തി. ഒന്നും നടപ്പാക്കിയതായി കാണുന്നില്ല. പദ്ധതികൾ വെട്ടിച്ചുരുക്കുകയല്ലേ? എൽ.ഡി.എഫ്. ഭരിച്ചപ്പോൾ 1998-99-ലെ വികസന പദ്ധതി അടങ്കലിന്റെ 102% തുക ചെലവഴിച്ചു. മൂലധന നിക്ഷേപത്തിൽ റിക്കാർഡ് നേട്ടം കൈവരിച്ചു. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ 2001-02-ൽ 40% പോലും ചെലവഴിച്ചില്ല. 2002-03-ൽ അടങ്കൽ 3,430 ആയി കുറച്ചു. 80% മാത്രം. ഈ വർഷം 4,430 കോടി രൂപ പദ്ധതി അടങ്കൽ ഉണ്ടായിരുന്നു. മാസം 4 കഴിഞ്ഞു. ഇപ്പോൾ എന്തെങ്കിലും പദ്ധതി നടപ്പാകും എന്ന് കണ്ടു തന്നെ അറിയണം. മൂലധന ചെലവ് 2001-02-ൽ 804.44 കോടി രൂപ. ഈ വർഷം, 2003-ൽ, 667.93 കോടി രൂപയായി കുറഞ്ഞു. ബഡ്ജറ്റിൽ അവകാശപ്പെടുന്നതുപോലും 964 കോടി രൂപയാണ്. വികസന വാചകമടിയും പൊള്ളത്തരവും, കൂടുതൽ വ്യക്തമാക്കുന്ന നികുതി നിർദ്ദേശങ്ങളിലൂടെയും, പിരിവിലൂടെയും കയ്യടി വാങ്ങാനുള്ള ശ്രമമാണ് നടത്തുന്നത്. സി. ആന്റ് എ. ജി.-യുടെ ഓഡിറ്റിൽതന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതിലേക്ക് ഞാൻ പോകുന്നില്ല. മുൻവർഷം പിരിവിൽ വർദ്ധനയെന്ന നിങ്ങളുടെ വാദത്തിന്റെ പൊള്ളത്തരങ്ങൾ സഭയിൽ പറഞ്ഞ മറുപടിയിൽനിന്നു വ്യക്തമാണ്. പെട്രോളിയം ഉല്പന്നങ്ങളുടെമേൽ യാതൊരു മെനക്കേടും ഇല്ലാതെ സമാഹരിച്ചതാണ് അധിക നികുതി. നിങ്ങളുടെ നികുതി പിരിവിലെ കാര്യക്ഷമതകൊണ്ട് ഒരു പൈസ ഖജനാവിൽ വന്നതായി കാണുന്നില്ല. മറിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം 2,232 കോടി രൂപയുടെ നികുതി കുടിശ്ശിക വരുത്തുകയാണുണ്ടായത്. അങ്ങ് നിയമസഭയിൽ തന്ന മറുപടിയിൽ തന്നെ പറയുന്നു. നികുതി നിർദ്ദേശം ബഡ്ജറ്റിൽ കൊണ്ടുവരുമ്പോൾത്തന്നെ അതുവഴിയുള്ള വരവും കുറച്ചു കാണിക്കുക, വൻനികുതി വെട്ടിപ്പുകാരുമായി ഒളിച്ചുകളി നടത്തുക, യഥാർത്ഥ നികുതി പിരിവ് ഉണ്ടാകാതിരിക്കുക, കണക്കുകളിൽ പ്രതീക്ഷയിൽ കൂടുതൽ പിരിച്ചെടുത്തതായി കാണിച്ച് കയ്യടി വാങ്ങാൻ ശ്രമിക്കുക, നികുതി പിരിവിലെ കള്ളത്തരങ്ങൾ ഇതോടെ വ്യക്തമായി.

LIBRARY ARCHIVES Kerala Legislative Assembly.

മി. സ്പീക്കർ: എല്ലാവരും വായിക്കുകയാണല്ലോ? ഇതങ്ങനെ ആരേയും അനുവദിച്ചിരുന്നതല്ല. പുതിയ ഒരു പ്രതിഭാസമാണ് എല്ലാവരും വായിക്കുക എന്നത്.

ശ്രീ. വി.കെ.സി.മമ്മത് കോയ: എന്റെ നിയോജകമണ്ഡലത്തിൽ മാറാട് കൂട്ടക്കൊല നടത്തിയവരെ മുഴുവൻ അറസ്റ്റ് ചെയ്യാൻ താമസിപ്പിക്കുകയും കലാപം ഭയന്ന് ഓടിപ്പോയവരെ സ്വന്തം വീട്ടിൽ സംരക്ഷണം കൊടുക്കാൻ കഴിയാത്ത സർക്കാരിന്റെ ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

മി. സ്പീക്കർ: Prof. A.D. Mustaffa, he is not there. Then he lost his chance. He will not be permitted to speak.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, ഞാൻ ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ഈ മഹത്തായ സംസ്ഥാനം രൂപം കൊണ്ടിട്ട് 47 വർഷം പിന്നിടുകയാണ്. ഒരു വീട് പണിയുമ്പോൾ ഏറ്റവും അടിസ്ഥാനമായി ഒരുക്കേണ്ടത് അതിന്റെ അടിത്തറയാണ്. 1956 നവംബർ മാസത്തിൽ വിവിധ ഭാഷാ സംസ്ക്കാരങ്ങളുടെ സങ്കലനമായി രൂപംകൊണ്ട ഈ സംസ്ഥാനം ജനാധിപത്യ വ്യവസ്ഥിതിയിലൂടെ 1957-ൽ ഒരു തെരഞ്ഞെടുപ്പിനെ നേരിട്ടു. ആ തെരഞ്ഞെടുപ്പിൽ ലോകത്തുതന്നെ ആദ്യം എന്നു പറയാവുന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ഈ സംസ്ഥാനത്ത് അധികാരത്തിൽ വന്നു. കേരളത്തിന്റെ ഭാവിയെക്കുറിച്ച് ഒരു ചിന്ത ഉണ്ടാകേണ്ടതും കേരളം ഭാവിയിൽ എങ്ങനെയാണ് രൂപപ്പെടേണ്ടത് എന്നും 1957-ൽ രൂപം കൊണ്ട ഗവൺമെന്റിന്റെ കാഴ്ചപ്പാടിന്റെ ഒരാവശ്യമായിരുന്നു. പക്ഷെ ഇവിടെ നമുക്ക് പറ്റിയ ഒരു പരാജയം ഇന്നും തുടരുന്നു. നമ്മൾ ഏറ്റെടുക്കേണ്ടിവന്നിരിക്കുന്ന കേരളത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തി അതിനുള്ള പരിഹാരത്തിന് അടിത്തറ പണിയേണ്ട, അന്ന് നിർമ്മിക്കേണ്ട അടിത്തറയിൽ പറ്റിയ പാളിച്ച ഇന്നും കേരളത്തിന്റെ പല രംഗത്തും ഒരു വലിയ പോരായ്മയായി നിൽക്കുന്നു എന്നു ഞാൻ കരുതുന്നു. ഒരുപാട് മുദ്രാവാക്യങ്ങൾ അധികാരത്തിനുവേണ്ടി ഉപയോഗിക്കപ്പെട്ട സംസ്ഥാനമാണ് കേരളം. കേരളത്തിൽ 1957 കാലഘട്ടത്തിൽ നമ്മൾ കേട്ട ഒരു മുദ്രാവാക്യം ഉണ്ട്. "അരി തരാത്ത തുണി തരാത്ത, പണി തരാത്ത ഭരണമേ, തകരു തകരു തകരു നിന്റെ കൊടിമരങ്ങൾ" എന്ന്. അതിനു ശേഷം ഇവിടെ ഒരുപാട് മുദ്രാവാക്യങ്ങൾ വന്നു. അധികാരം കിട്ടുന്നതിനുവേണ്ടി കേരളത്തിൽ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും വിളിച്ചു. "നിങ്ങൾ കൊയ്യും വയലെല്ലാം നിങ്ങടേതാകും പൈങ്കിളിയേ" എന്നു പാടിയ പാട്ടെല്ലാം ഒരു രാഗം പോലെ ഇന്നും നമ്മുടെ മനസ്സിലേയ്ക്ക് ഊർന്നു വരുന്നു. സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ പേരിൽ ഇല്ലാത്ത സ്വപ്നങ്ങൾ നെയ്ത് കേരളത്തെ തകർച്ചയിലേയ്ക്ക് നയിച്ച ഉത്തരവാദിത്വത്തിൽനിന്ന് ആർക്കും ഒഴുഞ്ഞു മാറാൻ കഴിയില്ല.

കേരളത്തിന്റെ കാർഷിക മേഖല ഇന്ന് ഒരുപാട് പ്രതിസന്ധിയിലൂടെ കടന്നു പോകുന്നു. അതിന് ഉത്തരവാദി ആരാണ്? കഴിഞ്ഞ ഗവൺമെന്റിൽ കൃഷി വകുപ്പുമന്ത്രി ആയിരുന്ന ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറയുകയുണ്ടായി. കാർഷിക മേഖല യന്ത്രവൽക്കരണത്തിനുവേണ്ടി മോഡേണൈസേഷന് വിധേയമാക്കിയില്ലെങ്കിൽ അതിനെ സംരക്ഷിക്കാൻ കഴിയില്ല എന്ന്. പണ്ട് കേരളത്തിലെ കാർഷിക മേഖലയിൽ ഇന്നത്തെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന മോട്ടോറുകൾ വരുന്നതിനുമുമ്പ്, മണ്ണെണ്ണ ഉപയോഗിച്ചുള്ള മോട്ടോറുകൾ പ്രവർത്തിപ്പിച്ചു തുടങ്ങിയ കാലഘട്ടത്തിൽ അതിനെതിരായി കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമരം നടത്തി. അന്ന് അവർക്ക് തൊഴിൽ നഷ്ടപ്പെടുമെന്നു പറഞ്ഞാണ് വികസന രംഗത്തേയ്ക്ക് കടന്നു വന്ന മോട്ടോറുകളെ ഉപരോധിക്കാൻ തയ്യാറായത് "പീച്ചി പദ്ധതി പീച്ചിങ്ങയായി, പെരിങ്ങൽകുത്ത് പരുങ്ങലിലായി." എന്നു പറഞ്ഞ് മുദ്രാവാക്യം വിളിച്ച് ആ വികസനത്തെ കേരളത്തിൽ തടഞ്ഞു നിർത്തി. കേരളത്തിൽ മെക്കനൈസേഷൻ വരേണ്ട കാലഘട്ടത്തിലൊക്കെ അതിനെ എതിർത്തതിന്റെ ഫലമായി കേരളം പിറകോട്ട് പോയി. നമുക്ക് അന്ന് മുദ്രാവാക്യം മതിയായിരുന്നു. കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കു വേണ്ടി അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും മുദ്രാവാക്യം വിളിക്കാറുണ്ട്. "പണി നേടാനായി പടയണി ചേരൂ." "തൊഴിൽ അല്ലെങ്കിൽ ജയിൽ" തുടങ്ങി ഒരുപാട് മുദ്രാവാക്യങ്ങൾ കേരളത്തിലെ ചെറുപ്പക്കാർക്ക് കൊടുത്തു. പക്ഷേ അധികാരം കിട്ടിയപ്പോൾ കേരളത്തിലെ ചെറുപ്പക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനോ കാർഷിക മേഖലയെ സംരക്ഷിക്കാനോ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരണം ഏറ്റെടുക്കുമ്പോൾ 1996-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി സ്ഥാനം ഒഴിഞ്ഞ കാലഘട്ടത്തിൽ കേരളത്തിലെ ട്രഷറിയിൽ 475 കോടി രൂപ നീക്കിയിരുപ്പ് ഉണ്ടായിരുന്നു. ആ ഖജനാവ് എൽ.ഡി.എഫ്. സർക്കാരിനെ ഏൽപ്പിച്ചുകൊണ്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് അന്നു പുറത്തു പോയത്. പക്ഷെ 2001-ൽ ഈ ഗവൺമെന്റിന്റെ കയ്യിലേക്ക് അധികാരം തിരിച്ചുകൊടുത്തപ്പോൾ കേരളത്തിന്റെ പൊതുകടം 27,500 കോടി രൂപയിൽ എത്തിയിരുന്നു. കേരളത്തിന്റെ സാമ്പത്തിക രംഗം തകർത്ത് തരിപ്പണമാക്കി ക്കൊണ്ടുള്ള ഒരു ഖജനാവിനെയാണ് ഈ ഗവൺമെന്റിന്റെ കയ്യിൽ ഏൽപ്പിച്ചത്. കടം വാങ്ങുന്നത് ഏതു ഗവൺമെന്റിനും അഭികാമ്യമാണ്. കടം വാങ്ങാതെ നിലനിൽക്കാൻ കഴിയില്ല. പക്ഷെ കടം വാങ്ങുന്നത് എന്തിനു വേണ്ടിയാണെന്നുള്ള ഒരു കാഴ്ചപ്പാട് ഇല്ലാത്തതുകൊണ്ട് കഴിഞ്ഞ കാലഘട്ടത്തിൽ ഉണ്ടായ സാമ്പത്തിക തകർച്ചയിൽനിന്നും ഇന്നും രക്ഷപ്പെടാതെ നിൽക്കുന്നു. കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡ് 4,500 കോടി രൂപ കടമെടുത്തു. കേരളത്തിലെ ഗ്രാമീണ ബാങ്കുകൾ കാർഷിക മേഖലയെ സംരക്ഷി ക്കുവാൻവേണ്ടി നബാഡിൽനിന്നു ലഭിച്ച കോടിക്കണക്കിനു രൂപ തന്നെ വകമാറ്റി ചെലവഴിച്ചില്ലേ? ഇനി അഞ്ചു വർഷക്കാലം കേരളത്തിൽ കടം എടുക്കാൻ ഒരു സ്ഥാപനവും ബാക്കിയില്ല. ചെത്തുതൊഴിലാളി ക്ഷേമനിധിയിൽനിന്നും ചുമട്ടു തൊഴിലാളി ക്ഷേമനിധി യിൽനിന്നും കടമെടുത്തു. കടമെടുക്കാവുന്ന എല്ലാ മേഖലകളിൽനിന്നും കടമെടുത്തു. കേരളത്തിന്റെ സമ്പത്ത് ക്രിയാത്മകമായി ഉപയോഗിക്കാത്തതുകൊണ്ട് കഴിഞ്ഞ അഞ്ചു വർഷക്കാലം അസറ്റ് ഉണ്ടാക്കുന്നതിനുവേണ്ടി, ഈ സംസ്ഥാനത്തിന്റെ നിർമ്മാണ പ്രവർത്ത നങ്ങൾക്കുവേണ്ടി കടമെടുത്ത സംഖ്യയിൽനിന്ന് എന്തിന് ചെലവഴിച്ചു എന്ന് ഒരാൾക്കും പറയാൻ കഴിയാത്ത അവസ്ഥയിലേക്ക് കേരളം എത്തി നിൽക്കുന്നു. ഇങ്ങനെയുള്ള കേരളത്തെ രക്ഷിക്കാൻ ക്രിയാത്മകമായ പുതിയ വികസന സംസ്ക്കാരം കേരളത്തിൽ ഉണ്ടാക്കിയെടുക്കാൻ കഴിയണം. പുതിയ വികസന സംസ്ക്കാരം എന്നു പറയുമ്പോൾ അപ്പുറത്തിരിക്കുന്നവർക്കും, ഇപ്പുറത്തിരിക്കുന്നവർക്കും അനുയോജ്യമായിട്ടുള്ള പുതിയ വികസന സംസ്ക്കാരം ഉണ്ടാക്കിക്കൊണ്ടു മാത്രമേ കേരളത്തിന് മുന്നോട്ടു പോകാൻ കഴിയുകയുള്ളൂ. കഴിഞ്ഞദിവസം നിയമസഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ ഡെപ്യൂട്ടി ലീഡർ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അക്ഷന്തവ്യമായി ഒരു പ്രഖ്യാപനം നടത്തി കേരള ത്തിലെ ട്രാൻസ്പോർട്ട് ബസുകൾക്ക് മാത്രമല്ല, നമ്മൾ ഉണ്ടാക്കിയ ബന്ദുകളുടേയും, സമര ങ്ങളുടേയും ഫലമായി കേരളത്തിലുണ്ടായ ഉൽപ്പാദന നഷ്ടത്തെക്കുറിച്ച് പുറംതിരിഞ്ഞു നോക്കാനുള്ള രാഷ്ട്രീയ മര്യാദ കേരളത്തിലെ രാഷ്ട്രീയ നേതൃത്വം കാണിക്കണം എന്നാണ്

അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ കാർഷിക മേഖല വലിയ പ്രതിസന്ധിയിലാണ്. ആർക്ക് വേണമെങ്കിലും രാഷ്ട്രീയപരമായി അങ്ങോട്ടും ഇങ്ങോട്ടും കുറ്റം പറയാം. നിങ്ങളുടെ ഭരണ കാലത്ത് കാർഷികോൽപ്പന്നങ്ങൾക്ക് വിലയില്ലാതെയായി. കഴിഞ്ഞ 7 വർഷംകൊണ്ട് കേരളത്തിലെ കാർഷിക മേഖലയിൽ മാത്രം ഏതാണ്ട് 42,000 കോടി രൂപയുടെ ഉൽപ്പാദന നഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് കണക്ക്. ഉദാരവൽക്കരണത്തിന്റെ ഫലമായിട്ടാണോ ഇത് ഉണ്ടായതെന്ന് അറിയാൻ കഴിയില്ല. ഉൽപ്പാദന മേഖലയിലുണ്ടായ സാമ്പത്തിക നഷ്ടം ആ മേഖലയിൽ മാത്രമല്ല, അതുവഴി മറ്റുള്ള രീതിയിലും കേരളത്തിൽ വരേണ്ട കോടിക്കണക്കിന് രൂപ നഷ്ടം വന്നപ്പോൾ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി പ്രതീക്ഷിച്ചതിൽനിന്ന് വ്യത്യസ്തമായി തകർന്നു പോകുന്ന ഒരവസ്ഥ കേരളത്തിൽ ഉണ്ടായി. അതിന് മാറ്റം വരുത്തണമെങ്കിൽ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഒരുപോലെ യത്നിക്കണം. കേരളത്തിന്റെ വികസന സമീപനത്തിന് പുതിയ മാനദണ്ഡം ഉണ്ടാക്കിയേ മതിയാകൂ.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

വ്യാവസായിക രംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് തുടക്കം കുറിച്ചുകൊണ്ടാണ് ഈ സർക്കാർ 'ജിം' എന്ന മഹത്തായ പ്രസ്ഥാനത്തിന് രൂപം കൊടുത്തത്. ഇന്ന് അത് എവിടെ നിൽക്കുന്നു? ജിം-ൽ ഉയർന്നുവന്ന പദ്ധതികൾ ഇന്ന് ഒരു സ്വപ്നം മാത്രമാകുന്ന അവസ്ഥയിൽ ആയിരിക്കുന്നു. അതിനു ശേഷമുണ്ടായ സമരങ്ങൾ, പ്രശ്നങ്ങൾ, കേരളത്തെ ഒരിക്കലും രക്ഷപ്പെടുത്താൻ അനുവദിക്കുകയില്ല എന്ന രാഷ്ട്രീയ പശ്ചാത്തലം എന്നിവ കേരളത്തിൽ ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ആർക്കും മാറി നിൽക്കാൻ കഴിയുകയില്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: 'ജിം'-നെക്കുറിച്ച് അങ്ങ് വളരെ വാചാലനായി പ്രസംഗിക്കുകയാണല്ലോ? മുഖ്യമന്ത്രിയുടെ ന്യൂനപക്ഷ വിരുദ്ധ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ ജിം-ന്റെ ഭാഗമായി വന്നുകൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും മരവിപ്പിക്കപ്പെട്ടു, അതിന്റെ സന്ദേശം തന്നെ അട്ടിമറിക്കപ്പെടുകയും ചെയ്യുകയാണ് എന്ന നിലയിൽ കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഡൽഹിയിൽ വച്ച് ഒരു പ്രസ്താവന നടത്തുകയുണ്ടായി. അതിനോടുള്ള പ്രതികരണമെന്താണ്?

ശ്രീ. ടി. യു. രാധാകൃഷ്ണൻ: മുഖ്യമന്ത്രി പറഞ്ഞതിനും വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതിനും രാഷ്ട്രീയ വ്യാഖ്യാനത്തിന് ആരും ശ്രമിക്കണ്ട. കേരളത്തിൽ 'ജിം' ഉൾപ്പെടെ ഉയർത്തിക്കൊണ്ടുവന്ന വികസന പദ്ധതികളുടെ പുറകോട്ടുള്ള പോക്കിന് ഉത്തരവാദി കേരളത്തിൽ കഴിഞ്ഞ ആറുമാസക്കാലത്തിനിടയിൽ നടന്ന അനാവശ്യ രാഷ്ട്രീയ സമരങ്ങളും അട്ടിമറി സമരങ്ങളുമാണ് എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. അല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്ന രാഷ്ട്രീയ ഭാഷയിൽ അല്ല കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രി സംസാരിച്ചത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിന്റെ പ്രശ്നമാണ് നമ്മുടെ പ്രശ്നം. കേരളത്തിലെ വികസനപ്രശ്നങ്ങൾ പരിഹരിക്കണം. കാർഷിക മേഖലയെ രക്ഷപ്പെടുത്താൻ കഴിഞ്ഞുവെങ്കിൽ മാത്രമേ കേരളത്തിലെ സമ്പത്ത് വർദ്ധിക്കൂ.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട അംഗം ഇപ്പോൾ വികസനത്തിനെതിരായിട്ടുള്ള സമരങ്ങളാണ് ഉദ്ദേശിച്ചതെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞ ദിവസം വളരെ ഹർഷാരവത്തോടു കൂടിയാണ് പറഞ്ഞത് ട്രാൻസ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ബസ്സുകൾക്ക് കല്ലെറിയുന്ന സംഭവം ഇനി മുതൽ ഉണ്ടാവുകയില്ല എന്ന്. ഇന്നത്തെ പത്രത്തിൽ വാർത്ത വന്നിരിക്കുന്നത് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹം പ്രസംഗിച്ച യോഗത്തിൽ തൊട്ടുമുമ്പുതന്നെ കൊല്ലത്തുവച്ച് ട്രാൻസ്പോർട്ട് ബസ്സുകൾ മുഴുവൻ കല്ലെറിഞ്ഞ് തകർത്തുവെന്ന്. അപ്പോൾ പ്രതിപക്ഷം എത്ര പറഞ്ഞാലും നന്നാവുകയില്ല. നായുടെ വാൽ ഓടക്കുഴലിൽ ഇടുന്നതുപോലെ വീണ്ടും പഴയ രൂപത്തിലേക്കാണ് വരുന്നത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. യു. രാധാകൃഷ്ണൻ: തീർച്ചയായും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സമരത്തോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി. ബസ്സുകളും യാത്രാവാഹനങ്ങളും തകർക്കാൻ പാടില്ല എന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഒറ്റപ്പെട്ട സംഭവം എവിടെയെങ്കിലും ഉണ്ടായതിന്റെ പേരിൽ അതിനെ പർവ്വതീകരിക്കുകയല്ല വേണ്ടത്. അത്തരം സംഭവങ്ങൾ എന്തുകൊണ്ട് ഉണ്ടായി എന്ന് പരിശോധിക്കും. ഇന്നലത്തെ സംഭവത്തിന് സി.പി.ഐ. (എം.)-യുമായി യാതൊരു ബന്ധവുമില്ല. മാത്രമല്ല ഇവിടെ വിമോചന സമരകാലം മുതൽ നിലനിൽക്കുന്ന ഒരു സംസ്ക്കാരമുണ്ട്. ആ സംസ്ക്കാരം തിരുത്താൻ വേണ്ടിയുള്ള സന്ദേശം കേരളത്തിലെ ജനങ്ങൾക്ക് എത്തിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. കേരളത്തിലുള്ള കല്ലു മുഴുവൻ മാർക്സിസ്റ്റ് പാർട്ടിയുടെ കൈയിൽ അല്ല കുറെ കല്ല് നിങ്ങളുടെ കൈയിലുമുണ്ട്. വിമോചന സമരകാലത്ത് 155 ബസ്സുകൾ എറിഞ്ഞുപൊളിച്ച വിദ്വാനാണ് ശ്രീ. വേണുഗോപാൽ. അങ്ങനെയുള്ള ആളുകളുടെ ഈ ചിന്താഗതി.....

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഈ സഭ ബഹുമാനിക്കുന്ന ആളാണ്. അദ്ദേഹം ഞാൻ തന്നെ 155 ബസ്സുകൾ തകർത്തുവെന്ന് പറഞ്ഞത് കള്ളമേ പറയൂ എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ഞാൻ പറഞ്ഞത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിൽ ആരമാർത്ഥതയുണ്ടെങ്കിൽ, കല്ലെറിഞ്ഞു തകർത്ത കെ.എസ്.ആർ.ടി.സി ബസ്സിലെ ഡ്രൈവർ ചോരയൊലിപ്പിച്ചു നിൽക്കുന്ന രംഗം അങ്ങ് കണ്ടല്ലോ, ആ കല്ലെറിഞ്ഞു തകർത്തവർക്കെതിരെ നടപടി സ്വീകരിക്കാൻ നിങ്ങളുടെ പാർട്ടി തയ്യാറാകുമോ?

ശ്രീ. ടി. യു. രാധാകൃഷ്ണൻ: കേരളത്തിന്റെ വികസനമാണ് എല്ലാ പേരുടേയും ലക്ഷ്യം. നമ്മുടെ എല്ലാപേരുടേയും കയ്യിലുള്ള കല്ലുകൾ ഒരുമിച്ച് താഴെയിടാം. നമുക്ക് കേരളത്തിന്റെ വികസനത്തിനുവേണ്ടി ഒരു പുതിയ പന്ഥാവിലേക്ക് നീങ്ങാം. കേരളത്തിന്റെ കാർഷിക മേഖല തകർന്നാൽ കേരളം തകരും. ആ കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനായി സമഗ്രമായ ഒരു പദ്ധതി ഉണ്ടാകണം. കേരളത്തിലെ കർഷകന്റെ ഏറ്റവും വലിയ സമ്പത്ത് തെങ്ങായിരുന്നു പണ്ടുകാലത്ത് കേരളത്തിന്റെ സാമ്പത്തിക ഉന്നമനം എന്നു പറഞ്ഞാൽ തെങ്ങിൽനിന്നു കിട്ടുന്ന വരുമാനമായിരുന്നു. മണ്ടരി രോഗം കേരളത്തിൽ ആ മേഖലയെ മുഴുവൻ തകർത്തു. അതിന് പരിഹാരം കാണാൻ സമഗ്രമായ ഒരു പദ്ധതി ഉണ്ടാകണം. ഇപ്പോൾ പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന വെട്ടിമാറ്റിയ തെങ്ങുകൾ വയ്ക്കാനുള്ള പദ്ധതി വളരെ ലളിതവും പെരുതുമാണ്. സർക്കാർ തലത്തിൽ വേണ്ടത്ര സംഖ്യ കണ്ടെത്തി പുതിയ തെങ്ങുകൾ വച്ചുപിടിപ്പിക്കാനുള്ള ഒരു സമീപനമുണ്ടാകണം. സമ്പത്തിന്റെ ഏറ്റവും വലിയ പ്രയാണ രംഗമായിരുന്ന റബർ കൃഷി കേന്ദ്ര സർക്കാരിന്റെ തെറ്റായ

LIBRARY ARCHIVES Kerala Legislative Assembly.

ഇറക്കുമതി നയത്തിന്റെ ഫലമായി നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. ഇന്ന് ഉദാരവൽക്കരണത്തിന്റെ ഫലമായി നമ്മുടെ നാട്ടിൽ മാത്രം കിട്ടിയിരുന്ന സാധനങ്ങളായിരുന്ന ചുക്ക്, കുരുമുളക്, ഏലം തുടങ്ങിയവ കേരള മാർക്കറ്റിലേക്ക് കടന്നു വരുന്നു. അത് നിയന്ത്രിക്കുവാൻ സംസ്ഥാന സർക്കാരിന്റെ ഇടപെടൽ ഉണ്ടായേ മതിയാകൂ. കാർഷിക മേഖലയെ രക്ഷിക്കാൻ കഴിഞ്ഞാൽ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കേരളത്തെ മോചിപ്പിക്കാൻ കഴിയും. 1957 മുതൽ തുടങ്ങിയതാണ് വികസനത്തിന്റെ കാഴ്ചപ്പാട്, നമ്മൾ സാമൂഹ്യ സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിലൊക്കെ ധാരാളം നേട്ടങ്ങളുണ്ടാക്കി. വികസന സംസ്കാരം കേരളത്തിൽ രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞു. പക്ഷെ, ഇന്ന് എന്താണ് ആ മേഖലയുടെ സ്ഥിതി? പിടിച്ചു നിൽക്കാൻ കഴിയാത്തവിധം ദുരന്തത്തിലേക്ക് നീങ്ങുന്ന അവസ്ഥയിലാണ് കേരളത്തിന്റെ ആരോഗ്യമേഖല. കേരളത്തിലെ വിദ്യാഭ്യാസ മേഖലയും പ്രതിസന്ധി നേരിടുന്നു. ഈ മേഖലകളെയൊക്കെ സംരക്ഷിക്കാൻ കഴിയണം. അതിൽ ഏറ്റവും പ്രധാനപ്പെട്ട മേഖല യാണ് ട്രാൻസ്പോർട്ട്. എന്റെ അഭിപ്രായത്തിൽ ട്രാൻസ്പോർട്ട്, ആരോഗ്യം തുടങ്ങിയ മേഖലകൾ ലാഭം മാത്രം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ കഴിയുന്ന മേഖലകളായി സർക്കാർ കാണരുത്. ആ മേഖലകളിലേക്ക് കഴിഞ്ഞ കാലങ്ങളിൽ ബഡ്ജറ്റിൽ കൊടുത്തിരുന്ന പിന്തുണ പൂർണ്ണമായും പിൻവലിക്കപ്പെടുന്ന അവസ്ഥയായിരുന്നു. വേണ്ടത്ര സാമ്പത്തിക പിന്തുണ സർക്കാരിന്റെ ഭാഗത്തുനിന്നും നൽകിക്കൊണ്ട് ഈ മേഖലയെ ജനോപകാരപ്രദമായി പ്രവർത്തിപ്പിക്കാനുള്ള നടപടികളിൽനിന്ന് സർക്കാർ പുറകോട്ടു പോകരുത്.

കേരളത്തിൽ ധാരാളം തൊഴിൽ സാദ്ധ്യതയുള്ള മേഖലയാണ് ചിട്ടി മേഖല. കഴിഞ്ഞ സമ്മേളനത്തിൽ പാസ്സാക്കിയ ചിട്ടി ആക്ട് ചിട്ടി മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചി രിക്കുന്നു. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം കേരളത്തിൽ വർദ്ധിച്ചിരിക്കുകയാണ്. ചിട്ടി മേഖലയിൽ ലക്ഷക്കണക്കിന് ചെറുപ്പക്കാർ, നമ്മുടെ സഹോദരിമാർ പണിയെടു ക്കുന്നുണ്ട്. ആ മേഖലയിൽ ഇന്ന് ഭീഷണി നിലനിൽക്കുന്നു. തട്ടിപ്പു നടത്തുന്നവരെ ഒഴിവാക്കാനും ശരിയായി ചിട്ടി നടത്തുന്നവരെ സംരക്ഷിക്കാനും നിലവിലുള്ള നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. കേരള ത്തിലെ ക്ഷീര കർഷകർ വീണ്ടും പ്രതിസന്ധിയിലാണ്. കാരണം കർണ്ണാടകയിൽനിന്നും, തമിഴ്നാട്ടിൽനിന്നും പാൽ ഇവിടെ കൊണ്ടുവന്ന് വളരെ വില കുറച്ച് വിൽക്കുന്നതുമൂലം മിൽമപോലും പ്രതിസന്ധിയിലായിരിക്കുന്നു. അതുകൊണ്ട് അന്യ സംസ്ഥാനങ്ങളിൽനിന്നു കൊണ്ടുവരുന്ന പാലിന് എൻട്രി ടാക്സ് ഏർപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ക്ഷീര കർഷകരെ രക്ഷിക്കാൻ തയ്യാറാകണം. ലക്ഷ്വറി ടാക്സ് ഏർപ്പെടുത്താനുള്ള നീക്കം ഉപേക്ഷിക്കണം. സ്വന്തം കയ്യിൽനിന്നും പണം മുടക്കി വീട് പണിത് താമസിക്കുന്നതിന് സർക്കാർ വാടക മേടിക്കുന്നതുപോലെയാണ് ലക്ഷ്വറി ടാക്സ്. അത് വേണോ? കേരള ത്തിന് പുറത്തുപോയി കഷ്ടപ്പെട്ട് പണമുണ്ടാക്കി ഇവിടെ കൊണ്ടുവന്ന് വീടു പണിയും. നമ്മളൊക്കെ ലോണെടുത്ത് വീടു പണിയും. അതിന് ടാക്സ് ഏർപ്പെടുത്തുന്നതിൽനിന്നും സർക്കാർ പുറകോട്ടു പോകണമെന്ന ഒരു അഭ്യർത്ഥന എനിക്കുണ്ട്. അതുപോലെതന്നെ പെൻഷൻകാരുടെ പ്രശ്നം സർക്കാരിനെയും ജനങ്ങളെയും നിരവധി വർഷം സേവിച്ചവരാണ് പെൻഷൻകാർ. അവരുടെ പ്രശ്നങ്ങൾ ഈ സഭയ്ക്കകത്തും പുറത്തും ധാരാളം ചർച്ച ചെയ്തു. അതിന് പരിഹാരം കാണാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അത് ശ്രദ്ധിക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാരിന് നികുതി വരുമാനത്തിൽ മുൻവർഷത്തേക്കാൾ 1,400 കോടി രൂപയുടെ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു. അതുപോലെ വിൽപ്പന നികുതിയിനത്തിൽ 2002-03 വർഷത്തിൽ 21 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടാക്കി സാമ്പത്തിക രംഗത്ത് അച്ചടക്കത്തോടുകൂടി മുന്നോട്ടു പോകാൻ കഴിഞ്ഞു. സ്ഥിരമായ ഒരു വികസന മുന്നേറ്റം കേരളത്തിൽ ഉണ്ടാക്കി കൊണ്ടുപോകുന്ന ഈ സർക്കാരിന്റെ ധനകാര്യ ബില്ലിനെ സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. തോമസ് ചാഴികാടൻ: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷക്കാലമായി അച്ചടക്കത്തോടുകൂടിയ ഒരു സാമ്പത്തിക മാനേജ്മെന്റാണ് നടക്കുന്നത് എന്നു പറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നമുക്ക് ലഭിച്ചത് കാലിയായ ഖജനാവായിരുന്നു. അതിലേക്ക് കൂടുതൽ വരുമാനം എത്തിക്കുവാനുള്ള പരിശ്രമത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു പരിധിവരെ വിജയിച്ചു എന്നതിന് സംശയമില്ല. കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരുന്ന നികുതി പിരിവിൽ സർവ്വകാല റിക്കാർഡാണ് എന്നത് സന്തോഷം നൽകുന്ന കാര്യമാണ്. ഇത് യഥാർത്ഥത്തിൽ നമ്മുടെ വരുമാനം വർദ്ധിപ്പിക്കുന്നതാണ്. ചെലവ് ചുരുക്കിക്കൊണ്ട് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് നല്ല സാമ്പത്തിക മാനേജ്മെന്റിന്റെ ലക്ഷണം. ആ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് വിജയിച്ചു എന്നതിന് സംശയമില്ല. പക്ഷെ, പ്രശ്നങ്ങൾ മുഴുവൻ പരിഹരിച്ചുകൊണ്ട് സംസ്ഥാനത്തെ ഉന്നതിയിലേക്ക് എത്തിക്കുവാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. ആ സാഹചര്യം ഉണ്ടാകണമെങ്കിൽ കാഴ്ചപ്പാടിൽ മാറ്റമുണ്ടാകണം. ബഹുമാനപ്പെട്ട ടി. യു. രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ നമ്മുടെ നാട്ടിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്ന് ചിന്താഗതിയിൽ മാറ്റമുണ്ടാകണമെന്ന് സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട കോടിയേരി ഇവിടെ സൂചിപ്പിച്ചു, 'കല്ല് ഞങ്ങളുടെ കയ്യിൽ മാത്രമല്ല എല്ലാപേരുടേയും കയ്യിൽ ഉണ്ടെന്ന്'. അത് ഞാൻ സമ്മതിക്കുകയാണ്. എല്ലാപേരും കല്ലെറിയാൻ, നമ്മുടെ പൊതുസ്വത്ത് നശിപ്പിക്കുവാൻ കഴിഞ്ഞ 50 വർഷക്കാലവും പരിശ്രമിക്കുകയായിരുന്നു. പൊതുസ്വത്ത് സംരക്ഷിക്കുന്നതിലും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലുമൊക്കെ നാം പരാജയപ്പെട്ടുവെന്നുതന്നെ സമ്മതിക്കേണ്ടിയിരിക്കുന്നു. അത് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും കുറ്റമാണ്. പുരോഗമന ആശയം പ്രചരിപ്പിക്കുവാൻ എല്ലാപേരും മൽസരിക്കുകയായിരുന്നു. ആ മൽസരത്തിൽ നാം സാമൂഹ്യ പുരോഗതി കൈവരിച്ചു. കേരളത്തിന്റെ തനതായ, കേരള മോഡൽ ഡെവലപ്മെന്റ് എന്നൊക്കെ പറഞ്ഞ് നാം അഭിമാനിക്കുന്നുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് നാം ഒന്നിനൊന്ന് പിന്നോട്ടു പോകുന്നുവെന്ന വസ്തുത വിസ്മരിക്കാൻ കഴിയുകയില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: പൊതുമുതൽ നശിപ്പിക്കുന്നതിനെതിരായി വികാരങ്ങളൊക്കെ പ്രകടിപ്പിക്കുകയുണ്ടായി. ഇന്നും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഈ കാര്യം ആവർത്തിച്ച് ഇവിടെ പറയുകയുണ്ടായി. ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടായിട്ടുണ്ടെങ്കിലും ആ കാര്യത്തിൽ മാർക്സിസ്റ്റ് പാർട്ടി ഉറച്ചു നിൽക്കുമെന്ന്. ഇന്നലെ ബഹുമാന്യനായ സി.പി.ഐ. സെക്രട്ടറി ശ്രീ. വെളിയം ഭാർഗ്ഗവന്റെ പ്രസ്താവന വന്നു. "ഞങ്ങൾ നേരത്തെതന്നെ ഈ കാര്യം പറഞ്ഞിരുന്നതാണ്; അനാവശ്യ ഹർത്താലുകൾവരെ ഉപേക്ഷിക്കണമെന്നതാണ് ഞങ്ങളുടെ പാർട്ടിയുടെ നിലപാട്" എന്ന് അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. പശ്ചിമ ബംഗാൾ ഗവൺമെന്റ് അവിടെ പ്രകടനങ്ങളും ഘെരാവോയും നിരോധിക്കുവാനുള്ള നടപടികളുമായി മുന്നോട്ടു പോവുകയാണ്. അതിന്റെ ചുവട് പിടിച്ചുകൊണ്ട് അനാവശ്യ ഹർത്താലുകൾ ഒഴിവാക്കണമെന്ന ഒരു നിലപാട് ഇടതുപക്ഷ മുന്നണി സ്വീകരിക്കണമെന്ന് അങ്ങേക്ക് അഭിപ്രായമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ: ഒരു പുതിയ വികസന സംസ്കാരം എല്ലാപേരും അംഗീകരിച്ചു വരുന്ന കാലഘട്ടത്തിൽ തീർച്ചയായും അനാവശ്യ ഹർത്താലുകളും ബന്ദുകളും കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലെ ജനങ്ങൾ അംഗീകരിക്കുന്നില്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് എല്ലാ രാഷ്ട്രീയ പാർട്ടികളും ആ കാര്യത്തിൽ പിന്തിരിയണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ സൂചിപ്പിച്ചത്, നാം എല്ലാപേരും പുരോഗമന ആശയങ്ങൾ നടപ്പാക്കുന്നതിൽ മുന്നിൽ വരാനുള്ള മൽസരത്തിലായിരുന്നു. ഞാൻ ഒരു കാര്യം സൂചിപ്പിക്കുന്നത് തെറ്റായി ആരും കരുതരുത് എന്ന് പറയുവാൻ ആഗ്രഹിക്കുകയാണ്, ജോലി സ്ഥിരതയ്ക്കുവേണ്ടി എല്ലാപേരും സമരം ചെയ്യുകയാണ്. ഒരു മാസം ഒരാൾ ജോലി ചെയ്താൽ ആ ആളിന് ആയുഷ്ക്കാലം മുഴുവൻ ജോലി ലഭിക്കണമെന്ന ആവശ്യം നാമൊക്കെ ഉന്നയിക്കുകയുണ്ടായിരുന്നു. പക്ഷേ ഇന്ന് കേരളത്തിലെ തൊഴിലില്ലായ്മയുടെ അടിസ്ഥാന പ്രശ്നം ഈ തൊഴിൽ സ്ഥിരതയാണെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരാൾക്ക് സർക്കാർ ജോലി ലഭിച്ചാൽ അല്ലെങ്കിൽ സ്വകാര്യ സ്ഥാപനത്തിൽ ജോലി ലഭിച്ചാൽ 55 വയസ്സു വരേയോ 58 വയസ്സു വരേയോ സ്ഥിരമായി അവിടെ ജോലിയുണ്ടെന്നുള്ള ഉറപ്പുള്ളതുകൊണ്ടുതന്നെ ജോലി ചെയ്യാൻ അയാൾ തയ്യാറാവില്ല എന്നതാണ്. പക്ഷേ ജോലി ചെയ്യേണ്ട ഉത്തരവാദിത്വത്തിൽനിന്ന് സർക്കാർ ഉദ്യോഗസ്ഥർ മാത്രമല്ല എല്ലാ രംഗങ്ങളിലുമുള്ള ഉദ്യോഗസ്ഥർ പിന്നോട്ടു പോകുന്നു. യഥാർത്ഥത്തിൽ അതുകൊണ്ട് സംഭവിക്കുന്നത് തൊഴിൽ ഇല്ലാത്ത മിടുക്കരായ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു എന്നതാണ്. ജോലി സ്ഥിരതയാണ് യഥാർത്ഥത്തിൽ നമ്മുടെ ഇന്നത്തെ പ്രധാന പ്രശ്നമെന്ന് വിശ്വസിക്കുന്ന വ്യക്തിയാണ് ഞാൻ. ഈ രീതിയിൽ നമുക്ക് മുന്നോട്ടു പോകുവാനാവില്ല. യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി മുന്നോട്ടു പോകണം. ഇന്ന് ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഒക്കെ മേഖലകൾ, അതിന്റെ വിവിധ വശങ്ങൾ നാം അംഗീകരിച്ചു വരുകയാണ്. അതിന്റെ പോരായ്മകളെക്കുറിച്ച് ഒക്കെ നമ്മൾ ചിന്തിക്കേണ്ടതുണ്ട്. പക്ഷേ അതിന്റെ നല്ല വശങ്ങളെക്കുറിച്ച് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം നമുക്കറിയാം ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കിയതിലൂടെ സാമൂഹ്യമായ വലിയ മാറ്റം സംസ്ഥാനത്ത് ഉണ്ടാക്കുവാൻ കഴിഞ്ഞു. ഞാൻ അത് ആദ്യം സൂചിപ്പിച്ചതാണ്. കിടപ്പാടം ഇല്ലാത്ത ആളുകൾക്ക് ഒരു തുണ്ടു ഭൂമിയിൽ വീടു വച്ചുകൊടുക്കുവാനുള്ള സാഹചര്യം ഒരുക്കിയതിലൂടെ വലിയ സാമൂഹ്യ പുരോഗതി നേടിയെടുക്കുവാൻ കഴിഞ്ഞു. പക്ഷേ കൃഷി ഭൂമി മുഴുവൻ തുണ്ടുതുണ്ടായി മാറിയെന്ന യാഥാർത്ഥ്യം നമ്മൾ അംഗീകരിക്കണം. അങ്ങനെ തുണ്ടുതുണ്ടായി കൃഷി ഭൂമി മാറിയപ്പോൾ, കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമത കുറഞ്ഞപ്പോൾ നമുക്ക് അതിന് പരിഹാരം കാണാനുള്ള പുതിയ മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. അതിനുള്ള മാർഗ്ഗമാണ് നവീനമായ ബയോടെക്നോളജി. ബയോടെക്നോളജി പോലുള്ള ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് കാർഷിക രംഗത്തെ പ്രോൽസാഹിപ്പിക്കുവാനും പുതിയ കാർഷിക രീതികൾ നമ്മുടെ നാട്ടിലേക്ക് കൊണ്ടുവരാനും അതിലൂടെ കാർഷികവൃദ്ധിയെ കൂടുതൽ ആദായകരമാക്കാനുമുള്ള പരിശ്രമം നമുക്ക് നടത്തേണ്ടിയിരിക്കുന്നു. ജൈവ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷികോൽപന്നങ്ങൾ മാത്രമേ വിദേശത്തേക്ക് കയറ്റി അയയ്ക്കാവൂ എന്ന് ഡബ്ല്യൂ. ടി. ഒ.-യിൽ ഒപ്പു വച്ചിരിക്കുകയാണ്. കേരളത്തിൽ ഇതിന് അനുകൂലമായ സാഹചര്യമാണെന്ന് ഞാൻ പറയുന്നു. നമ്മുടെ സംസ്ഥാനം ജൈവകൃഷി പുരോഗമിപ്പിക്കുവാൻ വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കണം. ചെറിയ തുണ്ടു ഭൂമിയിൽനിന്ന്

കൂടുതൽ കാർഷികോല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാനുള്ള ഏറ്റവും നവീനമായ സാങ്കേതിക വിദ്യകൾ നമുക്ക് നടപ്പാക്കാൻ കഴിയണം. ആ നിലയിലേയ്ക്ക് നമ്മുടെ കാർഷിക രംഗത്തെ വളർത്തിക്കൊണ്ടുവരാൻ സാധിക്കണം.

സംസ്ഥാനത്ത് സാമ്പത്തിക പരിമിതികളുള്ളപ്പോൾ ഏതൊക്കെ മേഖലകളിൽ പുതിയ പുതിയ സ്വകാര്യ സംരംഭങ്ങളാകാം, അതിനെ എങ്ങനെ വളർത്തിക്കൊണ്ടു വരാൻ കഴിയുമെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. ആ നിലയിൽ ചിന്തിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്തുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് പുതിയ പരിഷ്ക്കാരങ്ങൾ നടപ്പാക്കികൊണ്ടിരിക്കുന്നത്. ആ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ധനവിനിയോഗം ചെയ്തതുപോലുള്ള രീതിയിൽ നമുക്ക് മുന്നോട്ടു പോകുവാൻ കഴിയില്ല. ഇനി സെൽഫ് ഫിനാൻസിംഗ് കോഴ്സിലൂടെ മാത്രമേ മുന്നോട്ടു പോകുവാൻ കഴിയൂ എന്ന യാഥാർത്ഥ്യം എല്ലാവരും അംഗീകരിക്കണം. അതിനു തടസ്സം നിൽക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷം പോകരുതെന്ന അഭ്യർത്ഥന കൂടിയുണ്ട്. പുഷ്പഗിരി മാനേജ്മെന്റ് ചെയ്യുന്ന എല്ലാ കാര്യങ്ങളും ശരിയാണെന്ന് പറയുന്നില്ല. എല്ലാ സ്വകാര്യ മാനേജ്മെന്റുകളും ചെയ്യുന്ന മുഴുവൻ കാര്യങ്ങളും ശരിയാണെന്ന് പറയാനാവില്ല. പക്ഷേ അതിന്റെ പേരിൽ സമരങ്ങളിലൂടെ, നശീകരണ പ്രക്രിയയിലൂടെ മുന്നോട്ടു പോകുന്നത് ശരിയല്ല. സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ നമ്മുടെ നാട്ടിൽ നടപ്പാക്കി, അതിലൂടെ വിദ്യാഭ്യാസ രംഗത്ത് പുതിയ മാറ്റങ്ങൾ കൊണ്ടു വരുന്നതിനെതിരെ എ.ഐ.വൈ.എഫ്.-ഉം പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളും സ്വീകരിക്കുന്ന രീതി നമ്മുടെ നാടിന്റെ പുരോഗതിയെ സഹായിക്കുകയാണോ ചെയ്യുന്നതെന്ന് ചിന്തിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഈ രീതിയിൽ മുന്നോട്ടു പോകാൻ പാടില്ല. നമ്മുടെ സംസ്ഥാനത്ത് പുതിയ രീതിയിലുള്ള മാറ്റങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. E-governance and Good governance നമ്മുടെ സർക്കാർ ഓഫീസുകളിലേയ്ക്ക് കടന്നു വന്നിരിക്കുന്നു. കോട്ടയം കളക്ടറേറ്റിൽ Good governance -ന്റെ പേരിൽ നടപ്പാക്കുന്ന പരിഷ്ക്കാരങ്ങൾ ജനോപകാരപ്രദമാണ്. അവിടെ പ്രശ്നങ്ങളുമായി കടന്നുവരുന്ന ഓരോ വ്യക്തിക്കും അവർ വരുന്ന സമയത്തുതന്നെ വേണ്ട സേവനങ്ങൾ ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. അത് ഈ സർക്കാർ മാത്രം കൊണ്ടുവന്ന പുതിയ സംവിധാനമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ വേഗത്തിൽ ഐ.ടി. പുരോഗതി പ്രാപിച്ചുക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഐ.ടി.-യുടെ ഏറ്റവും നല്ല വശങ്ങൾ ഭരണ രംഗത്തേയ്ക്ക് കൊണ്ടുവരാൻ ഗ്രാമ വികസന വകുപ്പിലൂടെ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഗ്രാമ വികസന വകുപ്പിൽ നൂറു ശതമാനം കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിക്കഴിഞ്ഞു. ആ രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിന്റെ ധനകാര്യ ബില്ലിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വർക്കല കഹാർ: സർ, 2003-ലെ കേരള ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. 1077-ലെ ദി കേരള അബ്കാരി ആക്ടും 1976-ലെ ദി കേരള ടാക്സ് ഓൺ ലക്ഷ്വറീസ് ആക്ടും 1994-ലെ ദി കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് ആക്ടും ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. കേരളത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയെ ലക്ഷ്യം വച്ചുകൊണ്ട് അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റനുസരിച്ച് ഭരണം നടത്തുന്നതിനാവശ്യമായ വരവിനങ്ങൾ കണ്ടെത്തുന്നതിന് വേണ്ടിയുള്ള ഈ ബില്ലിനെ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. നമ്മുടെ നാട്ടിലെ യുവജനങ്ങൾക്ക് ആശയും ആവേശവും പ്രദാനം ചെയ്യുന്ന ഒന്നായിരുന്നു ആ ബഡ്ജറ്റ്. തൊഴിൽ രഹിതർക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുക, മെച്ചപ്പെട്ട സാമൂഹ്യ സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, തൊഴിലില്ലായ്മ വേതനം യഥാസമയം നൽകുന്നതിനുവേണ്ടി നടപടി സ്വീകരിക്കുക, സംസ്ഥാനത്തിന് മെച്ചപ്പെട്ട തോതിലുള്ള മൂലധന നിക്ഷേപം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ പദ്ധതികളൊക്കെ നടപ്പാക്കുന്നതിന് പണം ആവശ്യമാണ്. അതിനുള്ള എളിയ പരിശ്രമങ്ങളുടെ ഭാഗമാണ് ഈ ബിൽ. അതുകൊണ്ടാണ് ഈ ബില്ലിനെ ഞാൻ പിന്താങ്ങുന്നത്. നമ്മുടെ നാട്ടിലെ സാമ്പത്തികനില മെച്ചപ്പെട്ടില്ലേ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന കാലത്ത് അസംബ്ളിയുടെ മുന്നിലും എം.എൽ.എ. ക്വാർട്ടേഴ്സിന്റെ പരിസരത്തും വണ്ടിച്ചെക്കുകളുമായി ആളുകൾ നടക്കുമായിരുന്നു. കഴിഞ്ഞ സർക്കാർ കൊടുത്ത ചെക്കുകളാണ്. ആ ചെക്കുകൾ മാറുന്നതിനു വേണ്ടി സ്പെഷ്യൽ ഓർഡർ വാങ്ങിത്തരണമെന്നു പറഞ്ഞ് എം.എൽ.എ. മാരെ സമീപിക്കുന്ന ആരെയെങ്കിലും ഇപ്പോൾ കാണാനുണ്ടോ? കടബാധ്യത സർക്കാർ തീർത്തു എന്നല്ലേ അതിന്റെ അർത്ഥം? സർക്കാർ ജീവനക്കാരുടെ റദ്ദാക്കിയ ആനുകൂല്യങ്ങൾ പലതും പുനഃസ്ഥാപിച്ചില്ലേ? അവരുടെ നാലു ഗഡു ഡി.എ. വലിയ തുകയല്ലായിരുന്നോ; ആ ഡി.എ. നാലെണ്ണം കൊടുത്തില്ലേ? പല ആനുകൂല്യങ്ങളും പുനഃസ്ഥാപിച്ചില്ലേ? സറണ്ടർ കൊടുത്തു. ഓരോന്നായി പറയണോ? സാമ്പത്തിക നില മെച്ചപ്പെട്ടു എന്നുള്ളതല്ലേ അതിന്റെ അർത്ഥം? അതുപോലെ വികസന പദ്ധതികൾ മുടങ്ങാതിരിക്കാൻ ലോകബാങ്ക്, നബാർഡ് തുടങ്ങിയ ധനകാര്യ ഏജൻസികളുടെ സഹായം തേടി; അതു കിട്ടുന്നുമുണ്ട്. സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് അപ്പുറത്തു നിന്ന് ആക്ഷേപങ്ങളും ആരോപണങ്ങളും ഉന്നയിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രിയും മറ്റു മന്ത്രിമാരും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്താണ് ഇത് ചെയ്തതെന്ന് പറയുമ്പോൾ പ്രതിപക്ഷ നേതാവും ഉപനേതാവും മുക്കത്ത് വിരൽ വയ്ക്കുന്നത് എത്രയോ തവണ നമ്മൾ കണ്ടിട്ടുണ്ട്. അതിലും വലിയ തെളിവ് വേണോ? വഴിവിട്ടു പോകുകയല്ലായിരുന്നോ? കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഹുണ്ടികക്കാരിൽനിന്നും പണം എടുത്തില്ലേ? ആളുകളിൽനിന്ന് കൈവായ്പ വാങ്ങിക്കുന്നതുപോലെ ഹുണ്ടികക്കാരിൽനിന്ന് പണം എടുത്തു. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് ആവശ്യത്തിൽ കൂടുതൽ പണം എടുത്തു കഴിഞ്ഞപ്പോൾ നബാർഡ് തിരിച്ചടയ്ക്കാൻ പറഞ്ഞു. ഉടനെതന്നെ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് പണം എടുത്ത് അങ്ങോട്ടടച്ചു. അവസാനം നബാർഡ് വായ്പ തരാത്ത സാഹചര്യത്തിൽ എത്തി. വിവിധ ക്ഷേമബോർഡുകളിൽനിന്നും വായ്പ എടുത്തു. ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, ലേബർ വെൽഫയർ ഫണ്ട്, ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയവയുടെ പണം മുഴുവൻ വായ്പയായി എടുത്തു. .....രാവിലെ മുതൽ വൈകുന്നേരം വരെ ജോലി ചെയ്തിട്ടു വരുമ്പോൾ ശമ്പളം കൊടുക്കാൻ സർക്കാരിന്റെ കയ്യിൽ പണമില്ല എന്നാണ് പറയുന്നത്. അത് മാനക്കേടല്ലേ? സർക്കാരിൽനിന്ന് അനധികൃതമായി സർക്കുലറുകളും നിർദ്ദേശങ്ങളും കൊടുത്തുകൊണ്ട് പണം മുഴുവൻ എടുത്തുകൊണ്ടു പോയില്ലേ? തൊഴിലാളിസ്നേഹം പറയുന്നവരാണ്. നമ്മുടെ നാട്ടിലുള്ള അലക്കുകാരുടെയും ബാർബറുടെയും പണംപോലും എടുത്തുകൊണ്ടുപോയി. വെട്ടുകിളി ഇറങ്ങിയതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

യായിരുന്നു. വെട്ടുകിളി നിരന്നുകിടക്കുന്ന പാടത്ത് ഇറങ്ങിയാൽ കതിരു മാത്രമല്ല, ഇലപോലും അറുത്തുകൊണ്ട് ഒറ്റ പോക്കാണ്. അതുപോലെ കൊള്ളയായിരുന്നു. നമ്മുടെ നാട്ടിൽ പറയും 'ആടു കടിച്ച മാതിരി' എന്ന്. ആടു കടിച്ചാൽ പിന്നെ ഗുണം പിടിക്കുകയില്ല. അതല്ലായിരുന്നോ അവസ്ഥ? നമ്മുടെ നാട്ടിലെ സഹോദരിമാർ പത്തും പതിനഞ്ചും രൂപവച്ച് ഇടുന്ന 'തൃപ്തി നിക്ഷേപം' ഉൾപ്പെടെയുള്ള ഗ്രാമീണ ബാങ്കിലെ പണവും എടുത്തുകൊണ്ടുപോയി. 'ഇരക്കുന്നവനെ തുരക്കും' എന്ന് നമ്മുടെ നാട്ടിൽ പറയും. അതായിരുന്നു കഴിഞ്ഞ സർക്കാരിന്റെ കാലത്തെ മാനേജ്മെന്റ്. അതിൽനിന്ന് രക്ഷപ്പെട്ടു എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. അത്രയും നല്ലൊരു സാഹചര്യം നമ്മുടെ നാട്ടിൽ ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമല്ലേ? എങ്ങനെ ഇതിനെ പിന്താങ്ങാതിരിക്കാൻ കഴിയും? വാഹനങ്ങൾക്കു നേരെയുള്ള കല്ലേറ് നിർത്തിയെന്നാണ് ഇവിടെ പറഞ്ഞത്. അതിങ്ങനെ പറഞ്ഞുകൊണ്ടുമിരിക്കും, എറിഞ്ഞുകൊണ്ടുമിരിക്കും. കടയ്ക്കലിൽ ഒരാളെ വാഴത്തട വെട്ടുമ്പോലെ വെട്ടിക്കൊന്നിട്ട് പിറ്റേന്ന് സി.പി.ഐ. (എം.)-ന്റെ ഒരു പ്രസ്താവനയുണ്ടായിരുന്നു. ആരു കണ്ടാലും ചിരിച്ചുപോകും. "കമ്മ്യൂണിസ്റ്റു പാർട്ടിക്ക് അതുമായി യാതൊരു ബന്ധവുമില്ല" എന്നാണ് പറഞ്ഞത്. പിന്നെ ആരാണ് ചെയ്തത്, മാലാഖ ഇറങ്ങി വന്ന് ചെയ്തതാണോ? നിഷേധിക്കുന്നതിൽ ഒന്നും കാര്യമില്ല. ഇതിങ്ങനെ അവിശ്രമം, അവിരാമം നടന്നുകൊണ്ടിരിക്കും. ഞാൻ ഒരിക്കൽക്കൂടി ഈ ധനകാര്യ ബില്ലിനെ പിന്താങ്ങുന്നു, എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജോണി നെല്ലൂർ:</u> സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനകാര്യ ബില്ലിൽ പറയുന്ന കാര്യങ്ങളോട് പൂർണ്ണമായി ഞാൻ യോജിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വരുന്ന ഒരു വർഷക്കാലം ഒട്ടനവധി വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടപ്പാക്കാൻവേണ്ടി തുക വകയിരുത്തിക്കൊണ്ടുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചു. അതിനു ശേഷം ഇനംതിരിച്ചുള്ള ചർച്ചയ്ക്ക് അവസാനമാണ് ധനകാര്യ ബിൽ നിയമസഭയിൽ ചർച്ചയ്ക്ക് വന്നിരിക്കുന്നത്. കഴിഞ്ഞ രണ്ടു വർഷക്കാലം സാമ്പത്തിക അച്ചടക്കവും കാര്യക്ഷമതയോടുകൂടിയുള്ള പ്രവർത്തനങ്ങളും നടത്തിയതിന്റെ ഫലമായി മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ കേരളത്തെ സാമ്പത്തിക തകർച്ചയിൽനിന്ന് ഒരു പരിധിവരെ രക്ഷിക്കാൻ കഴിഞ്ഞു എന്നുള്ള അഭിമാനബോധം നമുക്കെല്ലാപേർക്കും ഉണ്ട്. ഇന്ന് ഈ സംസ്ഥാനത്ത് കാണുന്ന നശീകരണ പ്രവർത്തനങ്ങൾ, അതിനെ ഒന്നാകെ അവസാനിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളിലേയ്ക്ക് നീങ്ങേണ്ടതുണ്ട്. കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിയമസഭയിലും, സി.പി.ഐ. സെക്രട്ടറി ശ്രീ. വെളിയം ഭാർഗ്ഗവൻ പുറത്തും നശീകരണപ്രവർത്തനത്തിനെതിരായി നടപടി എടുക്കുമെന്ന് പ്രസ്താവിച്ചു കഴിഞ്ഞു. ഇനി അത് ആവർത്തിക്കുകയില്ല എന്നും പറയുകയുണ്ടായി. എല്ലാവരും അതിനെ സ്വാഗതം ചെയ്തു. "ഞങ്ങൾ പറഞ്ഞ കാര്യത്തിൽ ഉറച്ചുനിൽക്കുകയാണെന്ന്" ഇപ്പോഴും അദ്ദേഹം പറഞ്ഞു. ഇന്നലെ കൊല്ലത്തുണ്ടായ കാര്യം പത്രത്തിലൂടെ വായിച്ചറിയാൻ ഇടയായതാണ്. രണ്ടു കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ നേരെ കല്ലെറിയുകയും രണ്ടു ഡ്രൈവർമാർ ഗുരുതരമായി പരുക്കു പറ്റി ആശുപത്രിയിൽ ആകുകയും ചെയ്തു. ആ സംഭവം നടക്കുന്ന സമയത്ത്, അവിടെ നടന്ന പ്രതിഷേധ യോഗത്തിൽ പ്രസംഗിച്ചയാളാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ. ഒരക്ഷരംപോലും

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ആ ആക്രമണ പ്രവർത്തനത്തിനെതിരായി അവിടെ പറയുകയുണ്ടായില്ല. അതാണ് അദ്ദേഹത്തിന്റെ ഇരട്ടത്താപ്പു നയം. പത്രം വായിച്ചപ്പോൾ എനിക്കുകിട്ടിയ വിവരം പറയുകയാണ്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ വാർത്ത ഇന്നത്തെ പത്രത്തിലാണ് ഞാൻ കാണുന്നത്. പൊതുയോഗം കഴിയുന്നതുവരെ ഇങ്ങനെയൊരു വിവരം ആരും ഞങ്ങളോട് പറഞ്ഞില്ല. ആ സംഭവത്തെക്കുറിച്ച് അന്വേഷിക്കേണ്ടതാണ്.

ശ്രീ. ജോണി നെല്ലൂർ: അദ്ദേഹം അവിടെ വച്ച് അറിഞ്ഞില്ലെന്ന് പറഞ്ഞു. ഇന്ന് അങ്ങ് നിയമസഭയിൽ പ്രസംഗിച്ചപ്പോൾ എങ്കിലും അവിടെയുണ്ടായ സംഭവം നിർഭാഗ്യകരമായി പോയി എന്നെങ്കിലും പറയാനുള്ള സന്നദ്ധത കാണിക്കാത്ത അങ്ങയുടെ മനോഭാവത്തിൽ എനിക്കു സംശയമുണ്ട്. ഈ നശീകരണ പ്രവണത അവസാനിപ്പിച്ചേ മതിയാകൂ. അങ്ങ് പറയുന്ന കാര്യങ്ങൾ ആത്മാർത്ഥമായിട്ടാണെങ്കിൽ അതിനെ സ്വാഗതം ചെയ്യാൻ ഞങ്ങൾ ഒരുക്കമാണ്. ഈ നശീകരണ പ്രവണത നമുക്ക് അവസാനിപ്പിക്കണം.

കേരളം ഇന്നുനേരിടുന്ന പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. കാർഷിക മേഖല എല്ലാ കാലത്തും ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു മേഖലയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാർഷിക മേഖലയുടെ പുരോഗതിക്ക് പണം മാറ്റി വയ്ക്കുന്നുണ്ട്. പക്ഷേ കാർഷിക മേഖലയ്ക്ക് അൽപ്പംകൂടി പണം മാറ്റി വയ്ക്കണം. ഇവിടെ ഭരണ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഒട്ടേറെ പദ്ധതികൾ ഏറ്റെടുക്കുന്നുണ്ട്. അതിൽ ഉൾപ്പെടാതെ പോയ രണ്ടു മേഖലകളാണ് കാർഷിക മേഖലയും, ഇറിഗേഷൻ മേഖലയും. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് ഈ രണ്ടു മേഖലകളും ഒരു കാരണവശാലും മാറ്റി വയ്ക്കാൻ പറ്റുന്നതല്ല. ദൈനംദിനം ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്ന രണ്ടു പ്രധാനപ്പെട്ട വകുപ്പുകളാണ് എന്നുള്ള നിലയിൽ കാർഷിക മേഖലയ്ക്കും ഇറിഗേഷൻ മേഖലയ്ക്കും ഇനിയങ്ങോട്ടുള്ള പ്രവർത്തനത്തിൽ മുഖ്യമായ പ്രാമുഖ്യം കൊടുക്കണം. നബാർഡിന്റെ സഹായം കൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ ഈ രണ്ടു മേഖലകൾക്ക് മുന്തിയ പരിഗണന കൊടുക്കണമെന്നാണ് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. സാധാരണക്കാരായ ജനങ്ങൾ ഏറ്റവും കൂടുതൽ ഉറ്റുനോക്കുന്ന ഒരു വകുപ്പാണ് പി.ഡബ്ളിയു.ഡി. റോഡുകൾ നന്നായെങ്കിൽ മാത്രമേ ഭരണം നന്നായി എന്നു ജനങ്ങൾക്ക് ബോധ്യമാകൂ എന്ന് അങ്ങേയ്ക്കറിയാം. റോഡുകൾ വളരെ പ്രധാനപ്പെട്ടതാണ്. ഈ സംസ്ഥാനത്തെ പരിമിതമായ സാമ്പത്തിക ബഡ്ജറ്റിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ശ്രീ. മുനീറിന്റെ നേതൃത്വത്തിൽ ആ വകുപ്പ് കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുകയാണ്. പക്ഷേ ആ വകുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ആലോചിക്കുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ട കാര്യമുണ്ട്. കഴിഞ്ഞ വർഷം 250 കോടി രൂപ ആ വകുപ്പിന്റെ ചെലവുകൾക്കുവേണ്ടി മാറ്റി വച്ചപ്പോൾ 100 കോടി രൂപ വേൾഡ് ബാങ്കിൽനിന്ന് കടം എടുത്തത് തിരിച്ചടയ്ക്കാനായി മാറ്റിക്കൊടുക്കുകയാണ് ചെയ്തത്. 150 കോടി രൂപമാത്രമാണ് റോഡുകളുടെ വികസനത്തിനുവേണ്ടി വിനിയോഗിക്കാൻ കഴിഞ്ഞത്. ഇപ്രാവശ്യം 273 കോടി രൂപ പഞ്ചായത്തിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും 73 കോടി രൂപ മാത്രമേ യഥാർത്ഥത്തിൽ റോഡുകൾക്കും വിനിയോഗിക്കാൻ വേണ്ടിയുള്ളൂ. 200 കോടി രൂപയും വേൾഡ് ബാങ്കിന്റെ ധനസഹായം വാങ്ങിയത്

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചടയ്ക്കാൻവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം 200 കോടി രൂപ, വേൾഡ് ബാങ്കിന്റെ കടം തിരിച്ചടയ്ക്കാൻവേണ്ടി ഉപയോഗിക്കുമ്പോൾ വേൾഡ് ബാങ്കുമായി കരാറിലേർപ്പെട്ടപ്പോൾ അന്ന് ഒരു വ്യവസ്ഥയുണ്ടായിരുന്നെന്ന് ഞാൻ മനസ്സിലാക്കുകയാണ്. ഓരോ വർഷവും പി. ഡബ്ല്യു. ഡി.-ക്കുവേണ്ടി മാറ്റിവയ്ക്കപ്പെടുന്ന ബഡ്ജറ്റ് വിഹിതത്തിൽനിന്നും ആയിരിക്കരുത് വേൾഡ് ബാങ്കിന് തുക തിരിച്ചടയ്ക്കുന്നത്, തിരിച്ചടയ്ക്കാൻവേണ്ടി പ്രത്യേകം തുക കണ്ടെത്തണമെന്നാണ് വേൾഡ് ബാങ്കുമായുണ്ടാക്കിയിരിക്കുന്ന കരാർ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ 73 കോടി രൂപ മാത്രമേ ഇപ്രാവശ്യം പി.ഡബ്ല്യു.ഡി.-ക്ക് റോഡുകൾ നന്നാക്കാൻവേണ്ടി മാറ്റിവച്ചിട്ടുള്ളൂ, 53% മാത്രം. ഇതുപോരാ, ഈ സംസ്ഥാനത്ത് അപ്പുറത്തും ഇപ്പുറത്തുമുള്ള മുഴുവൻ എം.എൽ.എ.-മാരും ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. ഇവിടെ റോഡുകൾ എപ്പോഴും നന്നായിരിക്കണം. ODR, MDR എന്നീ രണ്ടു വിഭാഗമാണ് ഇതിലുള്ളത്. എം.ഡി.ആർ. റോഡുകൾ തീർച്ചയായും പി.ഡബ്ല്യു.ഡി.-യാണ് നന്നാക്കുന്നത്. ഒ.ഡി.ആർ. ആണെങ്കിലോ? അനാഥമാണ്, അത് പഞ്ചായത്തുകൾക്ക് കൈമാറിയെന്ന് പി.ഡബ്ല്യു.ഡി. പറയുന്നു. ഈ റോഡുകൾ നന്നാക്കാൻ ഞങ്ങൾക്ക് പണമില്ലെന്ന് പഞ്ചായത്തുകൾ പറയുന്നു. ഒ.ഡി.ആർ. റോഡുകൾ എം.ഡി.ആർ. ആക്കിയ കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനം ഒന്നു പരിശോധിച്ചാൽ പക്ഷപാതപരമായ പ്രവർത്തനമാണെന്ന് മനസ്സിലാകും. ശ്രീ. ജയരാജന്റെ മണ്ഡലത്തിൽ ഒ.ഡി.ആർ. റോഡുകളെല്ലാം എം.ഡി.ആർ. ആക്കി. എന്നെപ്പോലെ പ്രതിപക്ഷത്തിരുന്ന അംഗങ്ങളുടെയൊക്കെ നിയോജക മണ്ഡലങ്ങളിൽ ഒ.ഡി.ആർ. റോഡുകൾ മാത്രമേയുള്ളൂ. എം.ഡി.ആർ. ഇല്ല. അതുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പി.ഡബ്ല്യു.ഡി.-ക്ക് മാറ്റിവയ്ക്കുന്ന തുക തീർച്ചയായും കുറേക്കൂടി ഉയർത്തിക്കൊടുക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കാര്യംകൂടി എനിക്ക് പറയാനുണ്ട്, 250 കോടി രൂപ നബാർഡിൽനിന്നും സഹായധനം വാങ്ങിക്കൊണ്ട് ഈ സംസ്ഥാനത്ത് പുതിയ പാലങ്ങളുണ്ടാക്കാൻ പോകുന്നുവെന്ന് ഇവിടെ പൊതുമരാമത്തു വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അത് നല്ല കാര്യമാണ്. പക്ഷേ അതിന് നമ്മുടെ ഗവൺമെന്റ് ഒരു വിഹിതം മാറ്റിവയ്ക്കണ്ടേ? ഈ 250 കോടി രൂപ പാലങ്ങളുണ്ടാക്കുവാൻവേണ്ടി നബാർഡിൽനിന്നും സഹായധനം വാങ്ങുമ്പോൾ അതിന് പ്രൊപ്പോർഷണേറ്റായിട്ട് നമ്മളൊരു തുക മാറ്റിവയ്ക്കണ്ടേ? അത് ബഡ്ജറ്റിലില്ല. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി, നബാർഡിൽനിന്നും 250 കോടി രൂപ കിട്ടണമെങ്കിൽ അതിന് ഏതാണ്ട് മാച്ചു ചെയ്യത്തക്കവിധത്തിലുള്ള ആവശ്യമായ ഫണ്ട് നമ്മുടെ ബഡ്ജറ്റിൽ വകയിരുത്താൻ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പുരോഗമന പ്രവർത്തനങ്ങൾക്കുവേണ്ടി ധാരാളം പണം അനുവദിക്കുന്നുണ്ട്. പക്ഷേ പലപ്പോഴും ഈ തുക ട്രഷറി നിയന്ത്രണം മൂലം ചെലവാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനും, പുരോഗതിക്കും, ക്ഷേമത്തിനും വേണ്ടിയൊക്കെ മാറ്റിവയ്ക്കുന്ന തുക ചെലവഴിക്കാൻ, അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ട്രഷറി നിയന്ത്രണം പരിപൂർണ്ണമായി ഒഴിവാക്കണമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ഞാൻ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങളാണ് മുന്നോട്ടു വയ്ക്കുന്നത്. നമുക്ക് പണമില്ല. ശരിയാണ്. എങ്കിൽപ്പോലും ഇടുക്കി ജില്ലയിലെ വട്ടവട പോലുള്ള പ്രദേശങ്ങളിൽനിന്ന് സ്കൂളുകളിൽ ചെന്നെത്താൻ ബുദ്ധിമുട്ടാണ്. അതുപോലെ വയനാട് ജില്ലയിലെ പല പ്രദേശങ്ങൾ, ഇടുക്കി ജില്ലയിലെ മലയോര മേഖലകൾ, മലയിടുക്കുകൾ അവിടെയൊക്കെ സ്കൂളുകൾ ഇല്ല. സർക്കാർ സ്കൂൾ അനുവദിക്കാൻ പണമില്ല. എയ്ഡഡ് സ്കൂൾ അനുവദിക്കാൻ പണമില്ല. അതൊക്കെ ശരിയാണ്. ഇവിടെ അൺഎയ്ഡഡ് സ്കൂളുകൾ കൊടുക്കുന്നുണ്ട്. അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പക്ഷേ ചില മേഖലകളെങ്കിലും തെരഞ്ഞെടുത്ത് സ്കൂളുകൾ കൊടുത്തേ പറ്റൂ. സർക്കാരിന് പണത്തിന് എന്തു ബുദ്ധിമുട്ടുണ്ടെങ്കിലും ഇടുക്കി ജില്ലയിലെ വട്ടവട പോലുള്ള പ്രദേശങ്ങൾ, ഇതു പോലുള്ള മറ്റു പ്രദേശങ്ങൾ ഏതെന്ന് കണ്ടെത്തി അവിടെ എയ്ഡഡ് മേഖലയിലോ അല്ലെങ്കിൽ സർക്കാർ മേഖലയിലോ സ്കൂളുകൾ തുടങ്ങാൻ അനുവാദം കൊടുക്കണമെന്നും അതിനുവേണ്ട തുക മാറ്റിവയ്ക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ സംസ്ഥാനത്തെ മൈനർ ഇറിഗേഷന്റെ പ്രവർത്തനം വളരെ ശോചനീയമാണ്. ഇത് പഞ്ചായത്തുകൾക്ക് അധികാര കൈമാറ്റത്തിലൂടെ കൊടുത്തുവെന്നാണ് പറയുന്നത്. പഞ്ചായത്തുകൾ മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെ അവഗണിച്ചിരിക്കുന്നു. ഒരു ജോലിയും അവിടെ നടക്കുന്നില്ല. പഞ്ചായത്തുകൾ ഒരു തുകയും മൈനർ ഇറിഗേഷനുവേണ്ടി വച്ചിട്ടില്ല. On going works തന്നെ ധാരാളമുണ്ട്....

ശ്രീ. കെ.സി. വേണുഗോപാൽ: സർ, ബഹുമാനപ്പെട്ട അങ്ങുംകൂടി ഉൾപ്പെടുന്ന നിയമസഭയുടെ III-ാം നമ്പർ സബ്ജക്ട് കമ്മിറ്റി ഈ വിഷയം വളരെ സജീവമായി ചർച്ച ചെയ്തു. പ്ലാനിംഗ് ബോർഡിലേയും ഫിനാൻസ് ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥൻമാരടക്കം വിളിച്ചു വരുത്തി സംസാരിച്ചു. അന്ന് പറഞ്ഞത് 100 ശതമാനവും മൈനർ ഇറിഗേഷൻ വിഭാഗം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൊടുത്തു എന്നാണ്. ഒരു വർക്കും ഈ കേന്ദ്രങ്ങളിൽ നടക്കുന്നില്ല. അത് ഇല്ലാതാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ ഇതിന് എന്തെങ്കിലും ഒരു തീരുമാനമുണ്ടാക്കണമെന്ന് അങ്ങ് നിർബന്ധം പിടിക്കുമോ?

ശ്രീ. ജോണി നെല്ലൂർ: ഞാൻ അതുതന്നെയാണ് പറഞ്ഞു വരുന്നത്. ഞാനും ബഹുമാനപ്പെട്ട കെ. സി. വേണുഗോപാലും ശ്രീ. കോടിയേരി ബാലകൃഷ്ണനുമുൾപ്പെട്ട സബ്ജക്ട് കമ്മിറ്റി III പരിശോധന നടത്തിയപ്പോൾ മൈനർ ഇറിഗേഷന് ഒരു തുകയും നീക്കിവച്ചിട്ടില്ല എന്ന് കാണാൻ കഴിഞ്ഞു. ഞങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരേയും, പ്ലാനിംഗ് ബോർഡിലെ മെമ്പർമാരേയും ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരേയും വിളിച്ചു വരുത്തിയപ്പോൾ അവർ ഒരു മുട്ടാപ്പോക്കു നയമാണ് പറഞ്ഞത്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒന്നു ചോദിക്കട്ടെ, ഗവൺമെന്റാണല്ലോ കാര്യങ്ങൾ തീരുമാനിക്കേണ്ടത്, അതിനു മുകളിൽ പ്ലാനിംഗ് ബോർഡിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ? ഗവൺമെന്റ് ഒരു കാര്യം തീരുമാനിച്ചാൽ പിന്നെ ആ കാര്യത്തിൽ കയറിയിടുന്നത് പ്ലാനിംഗ് ബോർഡ് അവസാനിപ്പിക്കണം. അത് ശരിയല്ല. ഗവൺമെന്റ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നയപരമായ ഒരു തീരുമാനമെടുത്താൽ, ക്യാബിനറ്റ് ഒരു

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമെടുത്താൽ, ആ തീരുമാനത്തിനു മുകളിൽ കയറിയിടുന്ന പ്ലാനിംഗ് ബോർഡാണെങ്കിൽ അങ്ങനെയൊരു പ്ലാനിംഗ് ബോർഡ് നമുക്ക് വേണ്ട എന്നാണ് എന്റെ അഭിപ്രായം. ഇവിടെ മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ on going works-ന്റെ മുഴുവൻ സ്ഥിതി അതല്ലേ? ഇവിടെ ചെക്ക്ഡാമുകൾ കെട്ടുന്നു, പാലങ്ങളുടെ സംരക്ഷണ ഭിത്തികൾ കെട്ടുന്നു, പണി നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പണമില്ലാതെ പണിയൊക്കെ നിർത്തിവച്ചു. On going works-നുപോലും പണം മാറ്റി വയ്ക്കുന്നില്ല. ഇതാണോ പ്ലാനിംഗ്? ഇതെന്തു പ്ലാനിംഗാണ്? ഞങ്ങൾക്കാർക്കും പിടി കിട്ടുന്നില്ല. അതുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാന്യനായ മുഖ്യമന്ത്രിയും ഇതുപോലുള്ള കാര്യങ്ങളിലെങ്കിലും, പ്ലാനിംഗ് ബോർഡിന് നമ്മുടെമേൽ അനാവശ്യ നിയന്ത്രണം വരുന്ന ഈ കാര്യത്തിൽ കർശനമായി അവരെ വിലക്കണം. ഗവൺമെന്റാണ് ഒന്നാം സ്ഥാനത്ത് എന്നുള്ളത് ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് ബോദ്ധ്യം ഉണ്ടാകത്തക്ക വിധത്തിൽ കാര്യങ്ങൾ നടക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഡോ. തോമസ് ഐസക്: സർ, ശ്രീ. ജോണി നെല്ലൂർ എന്തിനാണ് പ്ലാനിംഗ് ബോർഡിനെ ഇങ്ങനെ ചീത്ത വിളിക്കുന്നത്? അവർ ഒരു കാര്യം പറയുന്നു, ക്യാബിനറ്റല്ലേ തീരുമാനിക്കുന്നത്, അവർ തീരുമാനിച്ചാൽ മതിയല്ലോ?

ശ്രീ. ജോണി നെല്ലൂർ: അങ്ങേക്ക് അനുഭവമില്ലാത്തതുകൊണ്ടാണ്. ഡോ. തോമസ് ഐസക്, കഴിഞ്ഞ നിയമസഭയിൽ സൂപ്പർ ക്യാബിനറ്റായിട്ടാണ് പ്ലാനിംഗ് ബോർഡ് പ്രവർത്തിച്ചിരിക്കുന്നത്. ഇപ്പോൾ അത്രയുമില്ല. അതുകൊണ്ട് ആ കാര്യങ്ങളിലേക്കൊന്നും പോകണ്ട. മൂന്ന് നാല് മേഖലകളെ തെരഞ്ഞെടുത്ത് അതിൽ ധനകാര്യ വകുപ്പുമന്ത്രി കുറേക്കൂടി കാരുണ്യം കാണിക്കണം. മൈനർ ഇറിഗേഷൻ, കാർഷിക മേഖല, പി.ഡബ്ല്യു.ഡി., പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം എന്നിവയെ ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കിയേ പറ്റൂ.

ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി 50 ലക്ഷം രൂപ തന്ന് ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ സന്തോഷത്തോടുകൂടി പോകാൻ ഒരു പരിധി വരെ ഞങ്ങളെ സഹായിച്ചു. പക്ഷേ ചില സ്ഥലങ്ങളിൽ ഒരു നിയന്ത്രണവുമില്ല, ചില സ്ഥലങ്ങളിലൊക്കെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പണി ചെയ്താൽ അതുകൊണ്ടു ചെല്ലുമ്പോൾ ട്രഷറി ബാനാണെന്നാണ് പറയുന്നത്. അത് ഇല്ലെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷെ ഇവിടെ പലരും ട്രഷറികളിൽ എം.എൽ.എ. ഫണ്ടിന്റെ ചെക്കുമായി പോകുമ്പോൾ അത് മാറിക്കൊടുക്കാൻ ട്രഷറി ഉദ്യോഗസ്ഥൻമാർ മടിക്കുന്നു. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നിർബന്ധമായും അത് അവസാനിപ്പിക്കണം. അങ്ങനെ ചെയ്യുന്ന ട്രഷറി ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി എടുക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതുപോലെ പരിമിതമായ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കു നടുവിലും ഒട്ടേറെ ഭാവനയോടുകൂടി ഈ സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടി നീങ്ങുന്ന ഈ ഗവൺമെന്റിന്റെ എല്ലാ ചെയ്തികളേയും ആത്മാർത്ഥമായി പിന്തുണച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ധനകാര്യ ബില്ലിലെ നിർദ്ദേശങ്ങളോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, ഇവിടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2003-ലെ കേരള ഫിനാൻസ് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനം സാമ്പത്തിക മാനേജ്മെന്റിലൂടെ സാമ്പത്തിക പുരോഗതിയും സാമ്പത്തിക വളർച്ചയും കൈവരിച്ച് നല്ല രീതിയിൽ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പുരോഗതിയുടെ അടിസ്ഥാനം തന്നെ സാമ്പത്തിക പുരോഗതിയാണ്. സാമ്പത്തിക പുരോഗതി കൈവരിക്കാൻ വേറെ കുറുക്കുവഴികളൊന്നും ഇല്ലെന്നാണ് എന്റെ വിശ്വാസം. കാർഷിക വ്യാവസായിക വാണിജ്യ പുരോഗതിയാണ് അതിന് വഴിതെളിക്കുന്നത്. എല്ലാവിധ വികസനത്തിനും പുരോഗതിക്കും സമാധാന ജീവിതം അനിവാര്യമാണെന്ന വിശ്വാസക്കാരനാണ്. ഞാൻ. ജനാധിപത്യ യുഗത്തിൽ സമാധാനപരമായ സാമൂഹ്യജീവിതമാണ് വികസനത്തിന്റെ അടിസ്ഥാനം. ജനങ്ങളുടെ സാമൂഹ്യ സമാധാന ജീവിതം ഉറപ്പുവരുത്തുന്നതിന്

11. A.M.

സുപ്രധാനമായ പങ്ക് വഹിക്കാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ രാഷ്ട്രീയകക്ഷികൾക്ക് അധികാരമുണ്ട്. നിർഭാഗ്യമെന്നു പറയട്ടെ, കേരളത്തിൽ നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യം വികസനത്തിനും പുരോഗതിക്കും തടസ്സം സൃഷ്ടിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ സി.പി.എം. അധികാരത്തിലിരുന്നപ്പോൾ വികസന സംസ്കാരം വേണമെന്നു വാദിക്കും, പ്രതിപക്ഷത്തായിരിക്കുമ്പോൾ അക്രമത്തിന്റെയും പ്രക്ഷോഭത്തിന്റെയും മാർഗ്ഗം സ്വീകരിക്കും. അക്രമ സമരങ്ങൾകൊണ്ട് കേരളത്തിന്റെ സമാധാനപരമായ സാമൂഹ്യജീവിതത്തെ തകർക്കാനാണ് പ്രതിപക്ഷ പാർട്ടികൾ കഴിഞ്ഞ രണ്ടു വർഷമായി നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സർക്കാരിനോട് ഏറ്റുമുട്ടി പ്രക്ഷോഭങ്ങളിലൂടെ അക്രമങ്ങൾ ആളിക്കത്തിക്കുമ്പോൾ പ്രതിപക്ഷത്തിന് രാഷ്ട്രീയ നേട്ടം ലഭിക്കുമെന്നാണ് കരുതുന്നത്. എന്നാൽ നിങ്ങളുടെ നിലപാട് കേരളത്തിന്റെ സാമ്പത്തിക മുന്നേറ്റത്തെ തകർക്കുകയാണ്. ഇതിന്റെ ഫലമായി ജനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം നമുക്ക് കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുന്നില്ല. നിയമസഭയ്ക്ക് പുറത്ത് സമരങ്ങൾ, അകത്ത് ആരോപണങ്ങൾ, ഇതിന്റെ അർത്ഥം എന്താണ്? പ്രതിപക്ഷത്തിനു സൃഷ്ടിപരമായി ജനങ്ങൾക്ക് എന്തു സമാധാനം നൽകാൻ കഴിയും എന്നു നിങ്ങൾ ചിന്തിക്കണം. വളരെ നിർണ്ണായകമായ ഒരു കാലഘട്ടത്തിൽ കൂടിയാണ് കേരളം ഇന്ന് മുന്നോട്ടു പോകുന്നത്. സ്വാമി വിവേകാനന്ദൻ കേരളത്തെ കുറിച്ച് വിശേഷിപ്പിച്ചത് കേരളം ഒരു ഭ്രാന്താലയമാണെന്നാണ്. അദ്ദേഹം പറഞ്ഞ ആ വാക്കുകൾ അന്വർത്ഥമാകുന്നുണ്ടോ എന്നു സംശയിക്കേണ്ട നിലയിലേക്കാണ് കേരളത്തിന്റെ പോക്ക് എന്നാണ് എനിക്കു തോന്നുന്നത്. അതിൽ നമുക്ക് എല്ലാവർക്കും വേദനയുണ്ട്. സാമുദായിക സംഘർഷം വളർത്താൻ സഹായകമായ നിലപാട് ദയവായി ആരും സ്വീകരിക്കരുത് എന്നു വളരെ വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. നിർഭാഗ്യവശാൽ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി കലക്കവെള്ളത്തിൽ മീൻപിടിക്കാനാണ് ദേശീയ രാഷ്ട്രീയ കക്ഷികളായ ബി.ജെ.പി.-യും സി.പി.ഐ. (എം.)-ഉം ശ്രമിക്കുന്നത്. വിവാദപരമായത് എന്നു വിശേഷിപ്പിക്കുന്ന ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പ്രസ്താവന, ആരേയും വേദനിപ്പിക്കാൻ വേണ്ടി അല്ലെന്നുള്ള അദ്ദേഹത്തിന്റെ വിശദീകരണം മുഖവിലയ്ക്കെടുത്ത് വിവാദങ്ങൾ അവസാനിപ്പിക്കാൻ എല്ലാവരും തയ്യാറാകണം. അദ്ദേഹത്തിന്റെ ചില പരാമർശങ്ങളെപ്പറ്റി ഭരണകക്ഷിയിൽപ്പെട്ട മുസ്ലീംലീഗും വിദേശ മലയാളികളും പ്രകടിപ്പിച്ച ഉത്കണ്ഠ ഗൗരവപൂർവ്വം തന്നെയാണ് ഞങ്ങളും കണക്കിലെടുക്കുന്നത്. പക്ഷേ അദ്ദേഹം പറഞ്ഞത് വേണമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ ഒരു ലൗഡ് തിങ്കിങ്ങിന് (Loud Thinking) എന്ന് നമുക്ക് വിശേഷിപ്പിക്കാം. അതിനോട് യോജിക്കാം അല്ലെങ്കിൽ വിയോജിക്കാം. അതിനൊന്നും യാതൊരു വിരോധവുമില്ല. പക്ഷേ അതിന്റെ പേരിൽ തർക്കങ്ങളും സംഘർഷങ്ങളും ഉണ്ടാക്കാനുള്ള ശ്രമങ്ങളിൽ നിന്നും ദയവായി എല്ലാവരും പിൻതിരിയണമെന്നും ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് ആവശ്യത്തിനും അനാവശ്യത്തിനും ധാരാളം തൊഴിൽ സമരങ്ങൾ നടക്കുന്നുണ്ട്. പൊതുമുതൽ നശിപ്പിക്കുന്നുണ്ട്, അക്രമം നടക്കുന്നുണ്ട്. ഇവിടെ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, "വാഹനങ്ങൾ നശിപ്പിക്കുന്നതും മനുഷ്യജീവിതത്തെ തടസ്സപ്പെടുത്തുന്നതുമായ യാതൊരു സമരങ്ങളും ഞങ്ങൾ ഇനി മുതൽ ചെയ്യില്ലെന്ന്" സഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ പിറ്റേന്നാണ് അനിഷ്ട സംഭവങ്ങൾ ഉണ്ടായതും ബഹുമാന്യനായ ഒരു നിയമസഭാംഗത്തിനു പരിക്കു പറ്റുകയും ചെയ്തത്. അതിനെപ്പറ്റി പല തർക്കങ്ങളും ഉണ്ടായി. പോലീസാണ് അടിച്ചത് എന്നു അദ്ദേഹം പറയുന്നു. അതേ സമയത്ത് സ്വന്തം പാർട്ടിയിൽപ്പെട്ട ആളുകൾ പോലീസിനെ കല്ലെറിയുമ്പോൾ ആ കല്ലേറുകൊണ്ടാണ് മുറിവേറ്റത് എന്നുള്ള വ്യാഖ്യാനവും ഉണ്ട്. അതാണ് സത്യം. പണ്ട് ശ്രീ. ടി. ശിവദാസമേനോന്റെ ചോര അടുത്ത് നിന്ന സഖാവ് മുഖത്തു വച്ചു തേയ്ക്കുന്നത് നമ്മൾ ടി. വി.യിൽ കണ്ടതല്ലേ. ചുരുക്കിപ്പറഞ്ഞാൽ പ്രശ്നങ്ങൾ എല്ലാ പാർട്ടിയിലും ഉണ്ട്. ഞങ്ങളുടെ പാർട്ടിയിലും ഉണ്ട്. അതും ഇവിടത്തെ പുരോഗതിക്ക് തടസ്സം നിൽക്കുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഞങ്ങളുടെ പാർട്ടിക്കുള്ള ഒരു പ്രത്യേകത എന്താണെന്നു വച്ചാൽ ആർക്കും എന്തും ആകാം. രാജ്യസഭാ തെരഞ്ഞെടുപ്പിനുശേഷം 26 പഞ്ചായത്തും 14 മുനിസിപ്പാലിറ്റിയും കോൺഗ്രസ്സിനു നഷ്ടപ്പെട്ടു. ഇതൊക്കെ ഈ പാർട്ടിയുടെ ഒരു പ്രത്യേകതയാണ്. ഒരു മെയ്വഴക്കമുള്ള പാർട്ടിയാണ്. യാതൊരു സംശയവുമില്ല. ഇതൊക്കെ സംഭവിക്കും. പക്ഷേ ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ മുഖ്യമന്ത്രിക്കസേരയിൽ നിന്നും ശ്രീ. എ. കെ. ആന്റണിയെ താഴെ ഇറക്കാൻ ഒളിഞ്ഞും തെളിഞ്ഞും പലരും ശ്രമിക്കുന്നുണ്ട്. ചിലരൊക്കെ ഇതൊരു അവസരമായിട്ടാണ് എടുത്തിരിക്കുന്നത്. എനിക്ക് ഒന്നേ പറയാനുള്ളൂ. നിങ്ങൾ ആരും ആ കട്ടിൽ കണ്ടു പനിക്കണ്ട. ശ്രീ. അച്ചുതാനന്ദന്റെ പ്രസ്താവന ഇന്നലെ വന്നിരിക്കുന്നു. എവിടെ ഇരിക്കണമെന്നു മൂപ്പിൽ തീരുമാനിച്ചിട്ടില്ല എന്നാണ് പറയുന്നത്. ആ തീരുമാനം വരുമ്പോൾ അഞ്ചു കൊല്ലക്കാലം കഴിയും എന്നുള്ളതിനു യാതൊരു സംശയവും വേണ്ട. ഇതു പഴയ ആന്റണി അല്ല. അദ്ദേഹം ഉറച്ചു തന്നെയാണ് നിൽക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇക്കാര്യം സ്വന്തം പാർട്ടിയുടെ യോഗത്തിൽ പറയാൻ നട്ടെല്ലില്ലാത്തതുകൊണ്ടല്ലേ ഇവിടെ വന്ന് കഴുതക്കാമം കരഞ്ഞു തീർക്കുന്നത്?

ശ്രീ. കെ. പി. വിശ്വനാഥൻ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞപ്പോഴാണ് എനിക്ക് മനസ്സിലായത്, കഴുതയ്ക്ക് കാമം ഉണ്ടാകുമ്പോൾ കരയുകയാണ് എന്ന്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ബഹുമാനപ്പെട്ട മെമ്പർ, നമ്മുടെ പ്രതിപക്ഷ നേതാവ് കേരളത്തിൽ മുഖ്യമന്ത്രി ആകുമെന്ന് ഒരു കാലത്ത് എല്ലാവരും വിശ്വസിച്ചതാണ്. അദ്ദേഹത്തെ ഒരു കാലത്തും മാർക്സിസ്റ്റുപാർട്ടി മുഖ്യമന്ത്രി ആക്കില്ലെന്നു ഇപ്പോൾ എല്ലാവർക്കും ബോദ്ധ്യമായി. അദ്ദേഹത്തെ പ്രതിപക്ഷ നേതാവായിട്ട് ഇരിക്കാനും ഇപ്പോൾ ആരും അനുവദിക്കില്ല എന്നുള്ള കാര്യവും ബഹുമാനപ്പെട്ട മെമ്പർക്ക് ബോദ്ധ്യമായോ?

ശ്രീ. കെ. പി. വിശ്വനാഥൻ: മുഖ്യമന്ത്രിയാകാനും അനുവദിക്കില്ല. ഇനി പ്രതിപക്ഷ നേതാവാകാനും അനുവദിക്കില്ല എന്നാണ് പറയുന്നത്. എന്തായാലും പുള്ളിയുടെ പോക്ക് കട്ടപ്പോക്കാണ്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇതിനൊക്കെ ഇറങ്ങി പുറപ്പെട്ടാൽ കഷ്ടത്തിലാകും. എനിക്കിപ്പോൾ പറയാനുള്ളത് ഇതു പഴയ ആന്റണിയല്ല. പണ്ട് അദ്ദേഹം ഒരു അബദ്ധം കാണിച്ചു. എല്ലാം ഇട്ടെറിഞ്ഞു പുള്ളി ഒരു പോക്കു പോയി. പക്ഷേ ഇപ്പോൾ അദ്ദേഹം പറയുന്നത് പണ്ടത്തെ ആ ആന്റണിയല്ല ഇപ്പോഴത്തെ ആന്റണി എന്നാണ്. യാതൊരു കാരണവശാലും ഇട്ടെറിഞ്ഞു പോകുന്ന പ്രശ്നമേയില്ല.

കേരളത്തിന്റെ എല്ലാ രംഗത്തും ദീർഘവീക്ഷണത്തോടുകൂടിയുള്ള ചില പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് വലിയ മുന്നേറ്റം തന്നെ നടത്തുകയാണ്. വിദ്യാഭ്യാസ രംഗത്ത് വരുത്തിയ മാറ്റങ്ങളെ നിങ്ങൾ എതിർക്കുന്നു. ഞാൻ അതിൽ പരാതി പറയില്ല. നിങ്ങൾക്കു സാധിക്കാത്തതു ഞങ്ങൾ ചെയ്യുന്നതുകൊണ്ടാണ് നിങ്ങൾ എതിർക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് നിങ്ങൾ എന്തൊക്കെ പറഞ്ഞാലും പുരോഗമന പരമായ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രൊഫഷണൽ കോളേജു കളുടെ കാര്യം തന്നെ എടുക്കാം. ശ്രീ. കെ. പി. രാജേന്ദ്രന്റെ മകൾക്ക് അടക്കം ഉന്നത വിദ്യാഭ്യാസത്തിനു അവസരമുണ്ടായത് എങ്ങനെയാണ്? ഇതു സാധാരണഗതിയിൽ സാധിക്കുന്നതല്ല. മംഗലാപുരത്തോ മണിപ്പാലിലോ മറ്റോ പോകേണ്ടി വരുമായിരുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: എന്റെ മകൾക്ക് എൻജിനീയറിംഗ് കോളേജിൽ അഡ്മിഷൻ കിട്ടിയിരിക്കുന്നത് മെരിറ്റ് സീറ്റിലാണ്. സർക്കാർ കോളേജിൽ ചേരാൻ കഴി യുന്ന മെരിറ്റടിസ്ഥാനത്തിലാണ് സീറ്റു കിട്ടിയിരിക്കുന്നത്.

ശ്രീ. കെ. പി. വിശ്വനാഥൻ: നമ്മുടെ ഗവൺമെന്റ് കേരളത്തെ പുരോഗതി യിലേക്ക് കൊണ്ടുപോകാനുള്ള നിശ്ചയദാർഢ്യത്തോടുകൂടിയുള്ള ശ്രമത്തിലാണ്. ഇവിടെ കോളേജുകളുടെ തർക്കങ്ങളൊക്കെ നിലനിൽക്കുന്നുണ്ട്. ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെയധികം വിശദീകരിച്ചു കഴിഞ്ഞതാണ്. പുഷ്പഗിരി കോളേജിന്റെയും കോലഞ്ചേരി കോളേജിന്റെയും പ്രശ്നത്തിൽ പ്രതിപക്ഷം നടത്തിവരുന്ന സമരങ്ങൾ നിർത്തിവയ്ക്കണമെന്നും, സുപ്രീം കോടതി വിധി വരുന്നതുവരെ കാത്തിരുന്ന്, സുപ്രീംകോടതി വിധി എതിരായിട്ടാണ് വരുന്നതെങ്കിൽ, നമ്മുടെ താൽപ്പര്യത്തിന് എതിരായിട്ടാണ് വരുന്നതെങ്കിൽ കേരള നിയമസഭയിൽ നിയമം പാസ്സാക്കുമെന്ന് പറഞ്ഞതിനുശേഷവും നിങ്ങൾ നടത്തുന്ന സമരം രാഷ്ട്രീയ സമരം തന്നെയാണ്. ഈ സമരം കലാപങ്ങളുണ്ടാക്കാനാണ്; ഇവിടത്തെ വിദ്യാഭ്യാസരംഗം മുരടിപ്പിക്കാനാണ്. നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തെ തടസ്സപ്പെടുത്തുന്നതിനുവേണ്ടി കരുതിക്കൂട്ടിയുള്ള, ബോധപൂർവ്വമായിട്ടുള്ള ശ്രമങ്ങളാണ് നിങ്ങൾ നടത്തുന്നത്. സാമൂഹ്യ ദ്രോഹമാണ് നിങ്ങൾ കാണിക്കുന്നത്. നിങ്ങൾ ഗവൺമെന്റുമായി സഹകരിക്കാൻ തയ്യാറാണെന്ന് പലപ്പോഴും പറയുന്നതല്ലാതെ യാതൊരു വിധത്തിലും സഹകരി ക്കുന്നില്ല. നിങ്ങളുടെ ഈ പോക്ക് തീർച്ചയായിട്ടും സംസ്ഥാനത്തിന്റെ സാമ്പത്തിക തകർച്ചയ്ക്കും വ്യവസായ തകർച്ചയ്ക്കും, കാർഷിക മേഖലയിലെ തകർച്ചയ്ക്കുമൊക്കെ കാരണമാകും. സംസ്ഥാനത്തിന്റെ പുരോഗതി തടസ്സപ്പെടും. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ നിലപാടിൽ മാറ്റം വരുത്തണം. കഴിയാവുന്ന മേഖലകളിലൊക്കെ സഹകരിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുമായി നിങ്ങൾ സഹകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: ബഹുമാന്യനായ എ. കെ. ആന്റണി ഉറപ്പായും അഞ്ചു വർഷം മുഖ്യമന്ത്രിയായി തുടരുമെന്ന് അങ്ങ് പറഞ്ഞു. അതിനകത്ത് ചെറിയ ഒരു ദുഃസ്സൂചനയുണ്ട്. ചിലർക്ക് കസേരയിൽ നിന്നും ഇറങ്ങാതിരിക്കാൻ നിർബന്ധമാണെന്ന് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണോ?

ശ്രീ. കെ. പി. വിശ്വനാഥൻ: ഇപ്പോൾ ശ്രീ. ടി. കെ. ദേവകുമാർ ഏതുപക്ഷമാണ്? അച്ചുതാനന്ദൻ പക്ഷമാണോ? ഏത് പക്ഷമാണെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് നല്ല സാമ്പത്തിക മാനേജുമെന്റിൽക്കൂടി തുടക്കം കുറിച്ചിരിക്കുകയാണ്. രണ്ടുകൊല്ലം നല്ല പ്രകടനങ്ങളുണ്ടായിട്ടുണ്ട്. നികുതി പിരിക്കുന്ന കാര്യത്തിലായാലും, പ്ലാൻ പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിലായാലും, കടം വീട്ടുന്ന കാര്യത്തിലായാലും, വണ്ടിച്ചെക്കുകൾ അവസാനിപ്പിക്കുന്ന കാര്യത്തിലായാലും അദ്ദേഹത്തിന്റെ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് സംസ്ഥാനത്തിന്റെ പുരോഗതി ലക്ഷ്യംവച്ച് മുന്നോട്ടു പോകുന്നു. ഈ ഗവൺമെന്റിന്റെ എല്ലാ നല്ല കാര്യങ്ങൾക്കും ഈ അവസരത്തിൽ പിൻതുണ പ്രഖ്യാപിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി തകർന്ന് തരിപ്പണമായ ഒരു കാലഘട്ടത്തിലാണ് ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് കുത്തഴിഞ്ഞു കിടന്നിരുന്ന കേരളത്തിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. എല്ലാ മേഖലകളിലും കേരളം സാമ്പത്തികമായി പുരോഗതിയുടെ പാതയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾ വിചാരിക്കുന്നതുപോലെയല്ല. ആദ്യം നിങ്ങൾ വിചാരിച്ചത് ഈ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയില്ല എന്നാണ്. എ. കെ. ആന്റണി ഗവൺമെന്റ് നെല്ലിക്ക പോലെയാണ്. ആദ്യം കയ്ക്കും പിന്നെ മധുരിക്കും. ഇപ്പോൾ മധുരത്തിലേക്ക് കടന്നുകൊണ്ടിരിക്കുകയാണ്. മൂന്നുവർഷവും കേരളത്തിലെ ജനങ്ങൾക്ക് മധുരം നൽകിക്കൊണ്ട് ജനങ്ങളുടെ ജീവൽപ്രധാനമായ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട്, കൂടുതൽ ജനപിൻതുണയാർജ്ജിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോകും. എൽ.ഡി.എഫ്. ആ കട്ടിൽ കണ്ടുകൊണ്ടൊന്നും പനിക്കണ്ട. അത് നടക്കുന്ന കാര്യമേ അല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നെല്ലിക്ക ചൃവനപ്രാശത്തിന് നല്ലതാണ്. ചില ആളുകൾ ചൃവനപ്രാശമുണ്ടാക്കാൻ തുടങ്ങിയിട്ടുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ചൃവനപ്രാശം ആരോഗ്യത്തിന് നല്ലതാണ്, മെച്ചപ്പെട്ട രോഗപ്രതിരോധ ശക്തി നൽകുന്നതും ശരീരം പുഷ്ടിപ്പെടുത്തുന്നതും ശക്തി പ്പെടുത്തുന്നതുമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ വാങ്ങി കഴിക്കണം.

ഇത്രയും നല്ല ധനകാര്യ മാനേജുമെന്റിനുടമയായ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അനുമോദിക്കുകയാണ്. 2001 മാർച്ചിൽ 3147 കോടി രൂപയുടെ റവന്യൂ കമ്മിയുണ്ടായിരുന്നത് 2002 മാർച്ചിൽ 2605 കോടി രൂപയായി കുറഞ്ഞു. റിവൈസ്ഡ് എസ്റ്റിമേറ്റനുസരിച്ച് 2003 മാർച്ചിൽ 1800-ൽപ്പരം കോടി രൂപയായി ചുരുങ്ങി. നികുതി വരുമാനത്തിൽ സർവ്വകാല റിക്കാർഡാണ്. 2002-2003 കാലഘട്ടത്തിൽ സെയിൽസ്

ടാക്സ് കളക്ഷൻ 5378 കോടി രൂപയാണ്. അത് 2001-ൽ 4044 കോടി രൂപയായിരുന്നു. ഏകദേശം ആയിരം കോടി രൂപയുടെ വർദ്ധനവാണ് ഇതുമൂലമുണ്ടായിട്ടുള്ളത്. ഇത് ഫലപ്രദമായ ധനകാര്യ മാനേജുമെന്റുമൂലമാണ് ഉണ്ടായിട്ടുള്ളത്. ഇതുപോലെ ഫിസ്കൽ ഡെഫിസിറ്റ് 2001-ൽ 3800-ൽപ്പരം കോടി രൂപയുണ്ടായിരുന്നത് 2003 മാർച്ച് ആയപ്പോഴേക്കും 2000 കോടി രൂപയായി ചുരുങ്ങി. പ്ലാൻ എക്സ്പെന്റിച്ചർ 2002-2003-ൽ 3500 കോടി രൂപയാണ്, ഇത് സർവ്വകാല റിക്കാർഡാണ്. കാർഷികാദായ നികുതി 27 കോടി രൂപയോളം പിരിക്കാൻ കഴിഞ്ഞിടത്ത് അത് കുറഞ്ഞു വരുകയാണ്. കാർഷിക മേഖലയിൽ ചായ, കാപ്പി, കുരുമുളക് എന്നിവയെ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കിയതുകൊണ്ടാണ് ഇങ്ങനെ ഇളവ് നൽകിയത്. പ്രത്യേകിച്ച് വയനാട് പോലെയുള്ള കാർഷിക മേഖലയിലെ കൃഷിക്കാർക്ക് ആശ്വാസമുണ്ടാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലെ സ്ഥിതി ഇന്ന് ദാരുണമായി തുടരുകയാണ്. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ള മറ്റൊരു കാര്യം കർഷകരുടെ ദുരിതങ്ങളാണ്. ഗാട്ട് കരാറനുസരിച്ച് ഇറക്കുമതി ചെയ്യുന്ന കാർഷികോല്പന്നങ്ങൾക്ക് 100 ശതമാനം ഇംപോർട്ട് ഡ്യൂട്ടി കൊടുക്കണം. പ്രോസസ് ചെയ്ത കാർഷികോൽപ്പന്നങ്ങൾക്ക് 150 ശതമാനം. അതുപോലെ എഡിബിൾ ഓയിലിന് 300 ശതമാനം ഡ്യൂട്ടി ചുമത്തുവാൻ കഴിയും. നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് ഇക്കാര്യത്തിൽ വളരെയേറെ ശ്രദ്ധപതിപ്പിച്ചതുകൊണ്ടാണ് കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടാകാതിരുന്നത്. അപ്പോൾ വില കൂടുകയാണുണ്ടായത്. പിന്നീട് അധികാരത്തിൽ വന്ന യു.എഫ്. ഗവൺമെന്റും ബി.ജെ.പി. ഗവൺമെന്റും സ്വീകരിച്ച തെറ്റായ നടപടികൾ മൂലമാണ് കാർഷികോൽപ്പന്നങ്ങൾക്ക് വില കുറഞ്ഞത്. കേന്ദ്ര സർക്കാരിൽ സംസ്ഥാന ഗവൺമെന്റ് ശക്തമായ സമ്മർദം ചെലുത്തി കേരളത്തിലെ കർഷകരെ രക്ഷിക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം. അതിന് എല്ലാപേരും കൂട്ടായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ ജനങ്ങളെ സ്നേഹിക്കുന്നവർ ഈ ഗവൺമെന്റുമായി സഹകരിക്കണം. ഗവൺമെന്റ് ഒരു തുറന്ന പുസ്തകം പോലെയാണ്. ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാൻ ഇല്ല. ജനങ്ങളോട് പ്രയാസങ്ങളും ബുദ്ധിമുട്ടുകളും തുറന്നു പറയുന്നു. ഭരണപരമായ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സ്വാഭാവികമായും ഗവൺമെന്റിന് എല്ലാ വിഭാഗങ്ങളുടേയും സഹായം ആവശ്യമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി നേതാക്കന്മാർ ഈ ഗവൺമെന്റുമായി പൂർണ്ണമായി സഹകരിക്കണം. ഒരു യോജിച്ച അന്തരീക്ഷത്തിലൂടെ കേരളത്തിന്റെ പുരോഗതിക്കുവേണ്ടി ഒറ്റക്കെട്ടായി നീങ്ങാൻ കഴിയണം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി കേരളത്തിന്റെ പുരോഗതി പല മേഖലകളിലും തടസ്സപ്പെട്ടു കിടക്കുകയാണെന്ന്, ഇതൊരു ലാസ്റ്റ് ബസ്സാണ്. മുഖ്യമന്ത്രി പറഞ്ഞതു പോലെ ലാസ്റ്റ് ബസ്സ് ലക്ഷ്യസ്ഥാനത്തെത്തിയില്ലെങ്കിൽ തീർച്ചയായും കേരളം ദുരിതത്തിലേക്ക് പോകും. മാർക്സിസ്റ്റ് പാർട്ടിക്ക് ഒരു ശീലമുണ്ട്. അവർക്ക് ബസ്സിന് അള്ളുവച്ച ശീലമാണുള്ളത്. ഇതുപറഞ്ഞപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. കെ. പി. രാജേന്ദ്രനും ചിരിക്കുന്നത് കണ്ടോ? അത് ശരിയാണെന്നാണ് അവർ പറയുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ: വണ്ടിയിൽ കയറിയ ആളുകൾ തന്നെ വണ്ടിയുടെ പോക്ക് ശരിയല്ലെന്ന് മനസ്സിലാക്കിയിട്ട് അള്ളു വയ്ക്കാൻ ശ്രമിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഒരു അള്ളും ഈ വണ്ടിക്ക് തടസ്സമാകുകയില്ല. ഈ വണ്ടി ഹൈ സ്പീഡിൽ തന്നെ പോകും. ലക്ഷ്യസ്ഥാനത്ത് എത്തും. ആര് അള്ളുവച്ചാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് മുന്നോട്ടുപോകുകതന്നെ ചെയ്യും. ഇത് എക്സ്പ്രസ്സ് ഹൈവേയിൽക്കൂടി വണ്ടി പോകുന്നതുപോലെയാണ്. എൽ.ഡി.എഫ്. ഇപ്പോൾ നന്നായി വരുന്നുണ്ട് എന്നാണ് തോന്നുന്നത്. ജിമ്മുമായി സഹകരിച്ചു. വളരെ ശുഭോദർക്കമായ തുടക്കമാണ്. അക്കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ ഒന്നടങ്കം സന്തോഷിച്ചു. ശ്രീ. അച്ചുതാനന്ദൻ പൂർണ്ണമായി സഹകരിച്ചു. എന്റെ വ്യക്തിപരമായ നിർദ്ദേശമാണ്. ഇവരെയൊക്കെ എല്ലാ തലത്തിലും സഹകരിപ്പിക്കണം. പ്രത്യേക സാഹചര്യത്തിൽ രാജ്യം പ്രതിസന്ധി നേരിടുന്ന കാലഘട്ടത്തിൽ ദേശീയ ഗവൺമെന്റ് ഭരിക്കുന്നില്ലേ? അതുപോലെ ശ്രീ. കോടിയേരി ബാലകൃഷ്ണനേയും ശ്രീ. കെ. പി. രാജേന്ദ്രനേയും ശ്രീ. കെ. രാധാകൃഷ്ണനേയും മറ്റെല്ലാവരേയും എല്ലാ കാര്യത്തിലും സഹകരിപ്പിക്കണം. ഇവർ പിന്നെ അള്ള് വയ്ക്കുകയില്ലല്ലോ? സ്പീഡിൽ ഒന്ന് പോകണമെങ്കിൽ എന്റെ ഈ ആശയം ഒന്ന് പരിശോധിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ജിം-ന് നമ്മൾ ആത്മാർത്ഥമായ പിന്തുണ തന്നെയാണ് നൽകിയത്. ജിം-ൽവച്ച് 97 പദ്ധതികൾക്കാണ് എം.ഒ.യു. ഒപ്പുവച്ചത്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനുവരി 18-ന് പ്രസംഗിച്ചിരുന്നു. 21 ദിവസം മുമ്പ് ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുന്ന മുഴുവൻ പദ്ധതികൾക്കും ക്ലിയറൻസ് കൊടുത്തു. 97 പദ്ധതികളിൽ നടപ്പിലാക്കിയത് വെറും രണ്ടെണ്ണം മാത്രമാണ്. അങ്കമാലിയിൽ ഒരു സ്വർണ്ണക്കട ഉദ്ഘാടനം ചെയ്തു. ഏഴു കല്ല്യാണ മണ്ഡപങ്ങൾ വരാൻ പോകുന്നു. മറ്റ് എന്ത് കാര്യമാണ് ആറുമാസം കൊണ്ട് കേരളത്തിൽ നടന്നത്?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: 'ജിം' ഉൾപ്പെടെയുള്ള പദ്ധതികൾക്ക് നിങ്ങൾ അള്ളു വയ്ക്കുകയായിരുന്നില്ലേ? മുത്തങ്ങ സമരം വന്നു. അതുപോലെ നിരവധി സമരങ്ങൾ വന്നു. ഇവിടെ നിക്ഷേപം മുടക്കേണ്ട അന്തരീക്ഷം ആകെ ഇല്ലാതാക്കി. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് ജനപിന്തുണ ലഭിക്കുമെന്ന് മനസ്സിലാക്കിയപ്പോൾ അതിന് തടസ്സം നിൽക്കാനല്ലേ നിങ്ങൾ ശ്രമിച്ചത്? അതിലും അള്ളു വയ്ക്കാനല്ലേ നിങ്ങൾ ശ്രമിച്ചത്?

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞങ്ങൾ മുത്തങ്ങയിൽ സമരം നടത്തിയത് ശരിതന്നെ. മാഷ് പറഞ്ഞത് അവിടെ നിൽക്കട്ടെ, ഇടതുപക്ഷ ജനാധിപത്യമുന്നണി സമരം നടത്തിയതുകൊണ്ടാണ് ജിം-ന്റെ പുരോഗതി തടസ്സപ്പെട്ടത് എന്ന് മാഷ് ഇപ്പോൾ പറഞ്ഞു. മിനിഞ്ഞാന്ന് ഇവിടെ വച്ചല്ല, ഡെൽഹിയിൽ ശ്രീമതി സോണിയാഗാന്ധിയെ കാണാൻ പോയ കൂട്ടത്തിൽ ഡെൽഹിയിൽ നടത്തിയ പത്രസമ്മേളനത്തിൽ ജിം-ന്റെ നായകനും അതിന്റെ എല്ലാ ക്രെഡിറ്റുമുള്ള ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ വിവാദപരമായ പ്രസ്താവനയും അതിനെ തുടർന്നുള്ള സംഭവങ്ങളുമാണ് വിദേശ നിക്ഷേപം കേരളത്തിൽ വരാൻ തടസ്സമായിട്ടുള്ളതെന്ന് പറയുകയുണ്ടായി. പത്രസമ്മേളനത്തിന്റെ പൂർണ്ണരൂപം ചന്ദ്രിക റിപ്പോർട്ട് ചെയ്തു. അതിനെക്കുറിച്ച് മറുപടി പറയാതെ ഞങ്ങൾ നടത്തിയ സമരങ്ങളാണ് കാരണമെന്നു പറയുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ എല്ലാ കാര്യങ്ങളും തുറന്നു പറഞ്ഞുകഴിഞ്ഞു. ഇപ്പോൾ ആർക്കും ഒരു തെറ്റിദ്ധാരണയുമില്ല. നിങ്ങൾ തെറ്റിദ്ധാരണ ഉണ്ടാക്കി നോക്കുകയാണ്. അതൊന്നും നടക്കുകയില്ല. ആ കാച്ചിയ വെള്ളം വാങ്ങി വച്ചേക്ക്. ഒന്നും നടക്കുകയില്ല. അതുകണ്ട് പനിക്കുകയും വേണ്ട. പനിക്കുന്ന ആളുകളൊക്കെ നിരാശപ്പെടുകയേയുള്ളൂ. നിങ്ങളുടെ പുതിയ ഇഷ്യൂവാണ് മാറാട്. മാറാട് ഇഷ്യൂവിൽ ബേപ്പൂർ മണ്ഡലത്തിലെ സി.പി.ഐ.(എം)-ന്റെ എം.എൽ.എ. എന്താണ് പറഞ്ഞത്? "മാറാട് കൂട്ടക്കൊല പോലീസ് ഇടപെട്ടതുകൊണ്ടാണ് മരണസംഖ്യ ഒൻപതിൽ ഒതുങ്ങിയതെന്ന്", മാറാട് ഉൾപ്പെട്ട ബേപ്പൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എ. ആയ ശ്രീ. വി.കെ.സി. മമ്മത്കോയ പറഞ്ഞതാണ്. "സംഭവം നടന്ന ഉടൻ മറുഭാഗം തിരിച്ചടിക്കാൻ ആയുധങ്ങൾ കയ്യിലെടുത്തെങ്കിലും പോലീസ് അവരെ വളഞ്ഞതിനാൽ കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടായില്ല; ഇല്ലെങ്കിൽ നിരവധി പേർ കൊല്ലപ്പെടുമായിരുന്നു"വെന്ന് സെക്കുലർ പഠനവേദിയുടെ ചർച്ചയിൽ അദ്ദേഹം പറഞ്ഞു. മാറാട് സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വളരെ ഫലപ്രദമായ നടപടികൾ എടുത്തതിന്റെ ഫലമായിട്ടാണ് കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാത്തത്. പോലീസ് എടുക്കുന്ന സമീപനം അതാണ്. നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് അതല്ല. നിങ്ങൾ ഭരിച്ചിരുന്ന കാലത്താണ് നാദാപുരം പോലുള്ള പ്രദേശങ്ങളിൽ അക്രമ സംഭവം ഉണ്ടായിട്ടുള്ളത്. ആ അക്രമ സംഭവങ്ങളിൽ നിങ്ങൾ എന്താണ് ചെയ്തിട്ടുള്ളത്? മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി അതിനു പറ്റിയ പോലീസ് ഉദ്യോഗസ്ഥൻമാരെ വച്ചു കൊണ്ട് തങ്ങളുടെ പ്രവർത്തകരെക്കൊണ്ട് ആക്രമിക്കുന്നതിന് പ്രേരിപ്പിക്കുകയും സഹായിക്കുകയുമാണ് ചെയ്തത്. എന്നിട്ട് നിങ്ങൾ ന്യൂനപക്ഷ പ്രേമം പറയുന്നു. നാദാപുരത്ത് ഇടതുവശത്ത് മുണ്ടുടുത്തവരെ നോക്കി ആക്രമിക്കണമെന്നു ആഹ്വാനം ചെയ്യുകയും നിർദ്ദേശം കൊടുക്കുകയും ചെയ്ത പാർട്ടിയല്ലേ നിങ്ങളുടേത്? അക്കാലങ്ങളിൽ പത്രങ്ങളിൽ വന്നതല്ലേ? നിങ്ങൾ ന്യൂനപക്ഷ പ്രേമം ഒന്നും പറയേണ്ട.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത്തരത്തിലുള്ള പരാമർശം നടത്തുന്നതിന് അനുവദിക്കരുത്. അത് വളരെ ദുഃസ്സൂചനയുള്ള പരാമർശമാണ്. അത് മോശമാണ്. രേഖയിൽനിന്ന് നീക്കം ചെയ്യണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ആ കാലത്തെ പത്രങ്ങളിൽ വന്നതാണ്. ഇടതുവശത്ത് മുണ്ടുടുത്ത ആളുകളെ നോക്കി ആക്രമിക്കാൻ പാർട്ടി നിർദ്ദേശം കൊടുത്തതായി പത്രങ്ങളിൽ വന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, ഇത്തരം പരാമർശങ്ങൾ ആവർത്തിക്കരുത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: മാറാട് പുനരധിവാസത്തിന്റെ കാര്യത്തിൽ ആർക്കും തർക്കമില്ല. അവിടെ പറിച്ചെറിയപ്പെട്ട ഒരുപാട് കുടുംബങ്ങളുണ്ട്. അവരുടെ സ്ഥിതി അതിദയനീയമാണ്. അവരെ പുനരധിവസിപ്പിക്കണം. ആ കാര്യത്തിൽ ആർക്കും തർക്കമില്ല. ഈ ഗവൺമെന്റിനും അതുതന്നെയാണ് അഭിപ്രായം. ' അത് എപ്പോൾ വേണമെന്നുള്ള കാര്യത്തിൽ മാത്രമേ തർക്കമുള്ളൂ. അവിടെ സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കി, എല്ലാവരിലും മാനസികമായ ഒരു ഐക്യം ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസം നടത്തി വീണ്ടും അവിടെ അക്രമം ഇല്ലാതിരിക്കണം. ആ പ്രദേശത്തെ ചിത്രം എന്താണെന്ന് നിങ്ങൾക്ക് അറിയാമോ? പാവപ്പെട്ട നിരവധി ആളുകൾ

തിങ്ങിപ്പാർക്കുന്ന ആ പ്രദേശത്ത് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും പുറത്തുപോകേണ്ട ഒരു പ്രദേശത്ത്; സംഘർഷം നിലനിൽക്കുന്ന സന്ദർഭത്തിൽ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും പോലീസുകാരൻ കാവൽനിന്ന് ജീവന് സംരക്ഷണം കൊടുക്കാൻ കഴിയുമോ? നിങ്ങൾ ആഗ്രഹിക്കുന്നത് അവിടെ സംഘട്ടനവും സംഘർഷവും ഇനിയും ഉണ്ടാകണം. ബി.ജെ.പി. ആഗ്രഹിക്കുന്നതും അതാണ്. കാരണം ബി.ജെ.പി.-ക്ക് ബലം പ്രയോഗിച്ച് പുനരധിവാസം എങ്ങനെയെങ്കിലും തടയണം. പോലീസ് ഇടപെടണം. ബി.ജെ.പി.-ക്കാരനെ തല്ലണം. ന്യൂനപക്ഷക്കാരനായ മുഖ്യമന്ത്രി ബി.ജെ.പി.-ക്കാരെ തല്ലിയിരിക്കുന്നു, ബി.ജെ.പി.-ക്കാർക്ക് കേരളത്തിൽ രക്ഷയില്ല, ഹിന്ദുക്കൾക്ക് രക്ഷയില്ല, ഇന്ത്യാ രാജ്യം മുഴുവൻ വരാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ വ്യാപകമായി അവർക്ക് പ്രചരണം നടത്തണം. അതാണ് അവരുടെ ലക്ഷ്യം. അവിടെ ത്രിശൂല വിതരണം തടയണം. നിങ്ങളുടെ ആവശ്യം അതാണ്. ബി.ജെ.പി. ആഗ്രഹിക്കുന്നതും അതാണ്. ത്രിശൂല വിതരണം തടയണമെന്നാണ് ബി.ജെ.പി. ആഗ്രഹിക്കുന്നത്. അവിടെ തൊഗാഡിയയെ തടയണമെന്നുള്ളത് നിങ്ങളുടെ ആവശ്യമാണ്. ബി.ജെ.പി. മനസ്സിൽ ആഗ്രഹിക്കുന്നത് തൊഗാഡിയയെ തടയണമെന്നാണ്. എന്നാൽ മാത്രമേ സംഘർഷം ഉണ്ടാകൂ; ബി.ജെ.പി.-ക്ക് രഹസ്യ അജണ്ടയുണ്ട്. ആ രഹസ്യ അജണ്ട നടപ്പിലാക്കാൻ നിങ്ങൾ എന്തിന് കൂട്ടുനിൽക്കണം? ബി.ജെ.പി.-യുടെ രഹസ്യ അജണ്ട നടപ്പിലാക്കാനാണ് നിങ്ങൾ കൂട്ടുനിൽക്കുന്നത്. കേരളം മുഴുവൻ ആ സംഘർഷം വ്യാപിപ്പിച്ച് ഇന്ത്യാ രാജ്യത്ത് മുഴുവൻ പ്രചരണം നടത്തി മതന്യൂനപക്ഷത്തിൽപ്പെട്ട മുഖ്യമന്ത്രി ഹിന്ദുക്കളെ അടിച്ചമർത്തുന്നു എന്ന പ്രചരണം നടത്തി അതിന്റെ പേരിൽ രാഷ്ട്രീയമായ മുതലെടുപ്പ് നടത്താനുള്ള ബി.ജെ.പി.-യുടെ രഹസ്യ അജണ്ടയാണ്. അതിന് നിങ്ങൾ എന്തിന് കൂട്ടുപിടിക്കണം? എക്കാലത്തും ബി.ജെ.പി.-യെ കൂട്ടുപിടിച്ച ആളുകളാണ് നിങ്ങൾ. 1984-ൽ രണ്ടു സീറ്റുമായി വന്ന ബി.ജെ.പി. 1989-ലും 1991-ലും ഒളിഞ്ഞും തെളിഞ്ഞും നിങ്ങൾ സഹായിച്ചതിന്റെ ഫലമായി ഇന്ന് അധികാരസോപാനത്തിലേക്ക് എത്തിയിരിക്കുന്നു. എല്ലാ കാലത്തും നിങ്ങളുടെ നയം അതാണ്. നിങ്ങളാണ് ഇവിടെ അഴിമതി ആരോപണം ഉന്നയിക്കുന്നത്. ചെകുത്താൻ വേദമോതുന്നത് കേരളത്തിൽ യാഥാർത്ഥ്യമായത് ഇപ്പോഴാണ്.

എൽ.ഡി.എഫ്. ഭരിച്ചിരുന്ന സമയത്ത് അക്കമിട്ട് ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ നിങ്ങൾ എന്താണ് പറഞ്ഞത്? ലോകായുക്തിന്റെ മുൻപിൽ പോകാൻ നിങ്ങൾക്ക് അവിടെ പോയാൽ പോരെ? നിങ്ങൾ എന്തു കോപ്രായമാണ് ഈ നിയമസഭയിൽ കാട്ടിയത്? യാതൊരു തെളിവുമില്ലാതെ ഒരു തുണ്ടു കടലാസും കൊണ്ടുവന്ന് ആരോപണങ്ങൾ ഉന്നയിക്കും. ആരോപണം ഉന്നയിച്ചിട്ട് വഷളായി പിൻവലിഞ്ഞ് പോകേണ്ട ഗതികേടുണ്ടാകും. എന്റെ കോടിയേരീ, ഇതു വേണോ? വ്യക്തമായിട്ടുള്ള തെളിവുണ്ടാകണ്ടേ? ആരോപണം അടിസ്ഥാനരഹിതമാണെന്ന് ആര് കേട്ടാലും മനസ്സിലാകില്ലേ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> അങ്ങയുടെ പ്രസംഗം കേട്ടപ്പോൾ ഒരു കാര്യം മനസ്സിലായി. ഈ മന്ത്രിസഭയിലെ ആരോപണവിധേയരായ കുറച്ച് ആളുകളെ ഒഴിവാക്കിയിട്ട് അതിൽ കടന്നു കൂടണമെന്നുള്ള ഉദ്ദേശ്യമുണ്ടെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അങ്ങനെയുള്ള യാതൊരു പുതിയുമില്ല. ഞാൻ പറഞ്ഞല്ലോ ആരോപണം അടിസ്ഥാനരഹിതമാണ് എന്ന്. .വെറും ഒരു കടലാസുകഷ്ണം കൊണ്ട് ആരോപണം ഉന്നയിച്ചിട്ട് വല്ല കാര്യവുമുണ്ടോ? ലോകായുക്തിൽ നിങ്ങൾ വച്ച ജഡ്ജ് അല്ലേ? ഈ കാര്യത്തിൽ വല്ല സംശയവുമുണ്ടോ? നിങ്ങളുടെ ആരോപണം സത്യസന്ധമാണെങ്കിൽ, ശരിയാണെങ്കിൽ, ആത്മാർത്ഥമാണെങ്കിൽ നിങ്ങൾ ലോകായുക്തിന്റെ മുമ്പിൽ പോകൂ. അവിടെ തെളിയിക്കൂ. അപ്പോൾ മന്ത്രിമാർ യാതൊന്നും ചെയ്തിട്ടില്ല എന്ന് തെളിയിച്ചുകൊണ്ട് അഗ്നിശുദ്ധിവരുത്തി തിരിച്ചുവരും. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പുകമറ പരത്തുന്നു. അതൊന്നും നടക്കില്ല ശ്രീ. കോടിയേരീ. പ്രത്യേകിച്ച് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി നേതൃത്വം വഹിക്കുന്ന ഒരു മന്ത്രിസഭയിൽ ഈ തരത്തിലുള്ള അഴിമതി നടക്കില്ല എന്ന് ഇന്ത്യാ രാജ്യത്ത് മുഴുവനും ഉള്ളവർക്ക് അറിയാം. അതുകൊണ്ട് അക്കാര്യത്തെക്കുറിച്ചൊന്നും ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അതിശക്തമായി മുന്നോട്ടു പോകും. ആ കാര്യത്തിൽ ഒരു തർക്കവും നിശ്ശേഷം വേണ്ട. അഞ്ചു വർഷം ഞങ്ങൾ ഭരിക്കും. മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് ശക്തമായി മുന്നോട്ടു പോകും. അതിനൊന്നും നിങ്ങൾ അള്ള് വയ്ക്കാൻ നോക്കണ്ട. അള്ള് വച്ചാൽ അത് നടക്കില്ല. ആര് അള്ളു വച്ചാലും നടക്കില്ല, എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, അപ്പുറത്തു നിന്നും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടേയും ശ്രീ. കെ. പി. വിശ്വനാഥന്റേയും പ്രസംഗം കേട്ടാൽ ഈ ഭരണമുന്നണി നേതൃത്വം നൽകുന്ന കോൺഗ്രസ് പാർട്ടിയും കോൺഗ്രസ് പാർട്ടിയുടെ എം.എൽ.എ.-മാരും വല്ലാത്ത പരിഭ്രമത്തിൽപ്പെട്ടിരിക്കുകയാണെന്ന് വ്യക്തമാണ്. 100 എം.എൽ.എ.മാരുടെ പിന്തുണയോടുകൂടി അധികാരത്തിൽ വന്ന ഈ ഗവൺമെന്റിനുവേണ്ടി സംസാരിക്കുന്ന വക്താക്കൾ പ്രതിപക്ഷത്തിരിക്കുന്ന ചില ആളുകളെ ഗവൺമെൻറിൽ ചേരാൻ ക്ഷണിക്കുന്ന അത്രയും ഗതികേടിലേക്ക് നിൽക്കുന്നു എന്ന് പറഞ്ഞാൽ അതിനപ്പുറം ആക്ഷേപകരമായ, അപമാനകരമായ കാര്യം ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഉണ്ടോ? പോകുന്നവർ പോയ്ക്കോട്ടെ. അങ്ങ് ഒന്നു വന്ന് ഞങ്ങളെ സഹായിക്കണം എന്നുള്ള ഒരു അഭ്യർത്ഥനയാണ് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ പ്രസംഗത്തിലൂടെ ഉണ്ടായിരിക്കുന്നത്. ഏതായാലും ഞങ്ങൾ ആരും അതിന് തയ്യാറാല്ല എന്ന് പ്രഖ്യാപിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

വണ്ടിച്ചെക്കുകളുമായി ആരും നടക്കുന്നില്ല എന്ന് ബഹുമാനപ്പെട്ട വർക്കല കഹാർ പറഞ്ഞു. അതിന് മറുപടി ശ്രീ. ജോണി നെല്ലൂർ തന്നെ പറയുകയുണ്ടായി പഞ്ചായത്തുകൾ അംഗീകരിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ചുള്ള ചുമതലകൾ നിർവഹിക്കാൻപോലും ഈ ഗവൺമെന്റ് അനുവദിക്കുകയില്ല. നിരവധി പഞ്ചായത്തുകളിൽ ചെക്കുകൾ മാറാത്തതുകൊണ്ട് വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവയ്ക്കുവേണ്ടി പഞ്ചായത്തുകളിൽ കൂട്ടംകൂട്ടമായി ആളുകൾ കയറിയിറങ്ങുന്ന അതിദയനീയമായ ഒരു സ്ഥിതിവിശേഷം ഉണ്ട്. നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഒരൊറ്റ ഉദാഹരണമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. കോഴിക്കോട് ജില്ലയിലെ തൂണേരി പഞ്ചായത്തിൽ 4,64,979 രൂപയുടെ ചെക്ക് 11-4-2003-ൽ ഇഷ്യൂ ചെയ്തു. ഇന്നേവരെ അത് മാറിയിട്ടില്ല. അങ്ങേയ്ക്കുവേണ്ടി, ഈ സഭയ്ക്കുവേണ്ടി, ഈ സഭയിലെ അംഗങ്ങൾക്കുവേണ്ടി ഈ സഭയുടെ മേശപ്പുറത്ത് ഞാൻ ഇത് വയ്ക്കുകയാണ്. ആ ചെക്കിന്റെ ഫോട്ടോ കോപ്പിയാണിത്.

(കോപ്പി മേശപ്പുറത്തു വച്ചു)

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ് സ്ഥിതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള ചില ഉപദേശമായിരുന്നു യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ ആദ്യകാലം തൊട്ടുള്ള സഹപ്രവർത്തകൻ ശ്രീ. കെ. പി. വിശ്വനാഥൻ നടത്തിയത്. ഓരോന്നും പറയുമ്പോൾ ശ്രദ്ധിക്കണം. അങ്ങ് ഡൽഹിയിൽ നിന്നും വന്നതിനുശേഷം ഒരു പ്രസ്താവന വന്നു. അതിന്റെ തലേ ദിവസമാണ് വിശ്വഹിന്ദു പരിഷത്തിന്റെ നേതാവ് തൊഗാഡിയ മാറാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പോലീസിന്റെ അകമ്പടിയോടെ ജൈത്രയാത്ര നടത്തിയത്. ആ ജൈത്രയാത്രയിലൂടെ നടത്തിയ പ്രഖ്യാപനത്തിൽ മാറാട് പ്രദേശത്ത് മതന്യൂനപക്ഷങ്ങളിൽപ്പെട്ട ആരേയും താമസിപ്പിക്കാൻ അനുവദിക്കില്ല എന്നാണ് പറഞ്ഞത്. ആ പ്രഖ്യാപനത്തിനനുസരിച്ചുള്ള നീക്കങ്ങൾക്ക് സഹായകരമായ രീതിയിലാണ് മുഖ്യമന്ത്രി പ്രസ്താവന നടത്തിയത്. അങ്ങ് പറഞ്ഞു, മതന്യൂനപക്ഷങ്ങൾ സമ്മർദ്ദം ചെലുത്തി പല കാര്യങ്ങളും നേടിയെടുത്തു എന്ന്. അങ്ങ് വെറും ശ്രീ. എ. കെ. ആന്റണിയല്ല. മൂന്നു തവണ ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ആളാണ്. അങ്ങയുടെ മുമ്പിൽ മതന്യൂനപക്ഷങ്ങളിൽപ്പെട്ട ആര്, ഏത് സംഘടന ഏതൊക്കെ രീതിയിൽ സമ്മർദ്ദം ചെലുത്തി, എന്തൊക്കെ കാര്യങ്ങൾ നേടിയെടുത്തു എന്ന് അങ്ങ് പറയണ്ടേ? പറയാൻ തയ്യാറാകണം. ഈ മതന്യൂനപക്ഷങ്ങൾ എന്നു പറഞ്ഞാൽ വലിയ ഒരു വിഭാഗമാണ്. ആ ന്യൂനപക്ഷങ്ങൾ സമ്പന്നരല്ല. കേരളത്തിലെ വിഴിഞ്ഞം, പൂവ്വാർ തുടങ്ങിയ കടലോര പ്രദേശങ്ങളിലെ കടലിൽപോയി തിരമാലകളോട് മല്ലിട്ട് ജീവിക്കുന്ന മുസ്ലീങ്ങളായ മത്സ്യത്തൊഴിലാളികൾ. അതുപോലെതന്നെ കടലോര പ്രദേശങ്ങളിൽ അധിവസിക്കുന്ന ലാറ്റിൻ കത്തോലിക്കരായ മത്സ്യത്തൊഴിലാളികൾ. അവരൊക്കെ മതന്യൂനപക്ഷങ്ങളിൽപ്പെട്ടവരാണ്. അവർ ഏത് ഗവൺമെന്റിന്റെ മുമ്പിൽ, ഏത് ഭരണാധികാരികളുടെ മുമ്പിൽ, ഏത് കാലഘട്ടത്തിൽ എന്തു സമ്മർദ്ദം ചെലുത്തി എന്ന് പറയാൻ അങ്ങ് തയ്യാറാകണം.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട അംഗം ഇടതുപക്ഷ മുന്നണിയിലെ ഘടകകക്ഷിയിലെ ഒരു പ്രധാനപ്പെട്ട നേതാവ് ആണല്ലോ? മതന്യൂനപക്ഷത്തെ സംബന്ധിച്ച് ശ്രീ. എ. കെ. ആന്റണി നടത്തിയ പ്രസ്താവനയെ അതിനിശിതമായി വിമർശിച്ചുകൊണ്ട് സംസാരം തുടരുകയാണല്ലോ. 2001 ഓഗസ്റ്റ് 11, 12 തീയതികളിൽ സി.പി.എം.-ന്റെ സെൻട്രൽ കമ്മിറ്റി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഉണ്ടായ പരാജയം വിലയിരുത്തിക്കൊണ്ട് പാസാക്കിയ പ്രമേയത്തിൽ പേജ് 9-ൽ ശ്രീ. എ. കെ. ആന്റണി ഇന്ന് പറഞ്ഞിരിക്കുന്ന പ്രസ്താവനയ്ക്ക് തത്തുല്യമായി, അതിനെക്കാൾ കുറേക്കൂടി ഷാർപ്പായിട്ടുള്ള പരാമർശമാണ് കേരളത്തിലെ മതന്യൂനപക്ഷങ്ങൾക്കെതിരെ പ്രത്യേകിച്ച് മുസ്ലീം കമ്മ്യൂണിറ്റിക്കെതിരെയും ക്രിസ്ത്യൻ കമ്മ്യൂണിറ്റിക്കെതിരെയും നടത്തിയിരിക്കുന്നതെന്ന വിവരം അങ്ങേയ്ക്ക് അറിയാമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: ഏതെങ്കിലും രാഷ്ട്രീയകക്ഷി നടത്തുന്ന വിശകലനത്തിൽ പറയുന്ന കാര്യങ്ങളല്ല, മൂന്നു തവണ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീമാൻ എ. കെ. ആന്റണി പറയുന്നത്. രണ്ടും വ്യത്യസ്തമാണ്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): മുഖ്യമന്ത്രിയുടെ പ്രസ്താവനയെ താങ്കൾ വളച്ചൊടിക്കുകയാണ്. മതന്യൂനപക്ഷങ്ങൾ സമ്മർദ്ദം ചെലുത്തി പലതും നേടി എന്ന് മറ്റു സമുദായങ്ങൾക്ക് പരാതിയുണ്ട് എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അത് വളച്ചൊടിക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. നീലലോഹിതദാസൻ നാടാർ: ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർ ഇവിടെ ധനമാനേജുമെന്റിനെ പ്രകീർത്തിക്കുകയുണ്ടായി. ഞാൻ ഒന്ന് പറയാം. മുഖ്യമന്ത്രിക്ക് മാനസിക വ്യഥകളുണ്ട്. ഇടയ്ക്കിടയ്ക്ക് അദ്ദേഹം വെളിപ്പെടുത്തലുകൾ നടത്തും. എന്തുണ്ടായായലും ഒരു വെളിപ്പെടുത്തലും നടത്താത്ത ഒരു മാനസിക വ്യഥയുമില്ലാത്ത ആളാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി. 1960 കളുടെ മദ്ധ്യത്തിലാണ് ഞാൻ അദ്ദേഹത്തെ കാണുന്നത്. എന്തു സംഭവിച്ചാലും അദ്ദേഹത്തിന് യാതൊരു കുലുക്കവുമില്ല. അദ്ദേഹത്തിന്റെ ഷർട്ടിലോ ശരീരത്തിലോ അത് ഏൽക്കുകയില്ല. പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല എന്ന മട്ടിലാണ് അദ്ദേഹം. ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ ഈ ബില്ലുമായിട്ട് യാതൊരു ബന്ധവുമില്ല. അപ്പോൾ അതിന്റെ അർത്ഥമെന്താണ് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ ജനങ്ങളെ കബളിപ്പിക്കാനും വളച്ചൊടിക്കാനുമുള്ള ഒരു ഏർപ്പാടായിരുന്നു. ഇപ്പോൾ ഈ ബില്ലുമായി വന്നിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ മതന്യൂനപക്ഷങ്ങൾ അനർഹമായി വല്ലതും നേടിയിട്ടുണ്ട് എങ്കിൽ എത് ശ്രീ. ആന്റണിയുടെ മുഖ്യമന്ത്രി സ്ഥാനമാണെന്ന് യൂത്ത്‌ലീഗ് പറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: അത്തരം കാര്യങ്ങളെക്കുറിച്ച് ഞാൻ അഭിപ്രായം പറയുന്നില്ല.

ഇവിടെ ശ്രീ. കഹാർ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കാനാണ് ഈ ബില്ലിലെ നികുതി നിർദ്ദേശങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് പറഞ്ഞു. ഞാൻ ആ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് നടന്ന തെരഞ്ഞെടുപ്പിൽ 15 ലക്ഷം ആളുകൾക്ക് അഞ്ചു വർഷംകൊണ്ട് തൊഴിൽ കൊടുക്കും എന്നാണ് പറഞ്ഞിരുന്നത്. 15 ലക്ഷം ആളുകൾക്ക് അഞ്ചു വർഷംകൊണ്ട് പുതുതായി തൊഴിൽ കൊടുക്കും എന്ന വാഗ്ദാനം നടപ്പിലാക്കണമെങ്കിൽ ഈ രണ്ട് വർഷക്കാലംക്കൊണ്ട് ആറ് ലക്ഷം പേർക്ക് തൊഴിൽ കൊടുക്കണമായിരുന്നു. ഒരാളിനെങ്കിലും പുതുതായി തൊഴിൽ കൊടുക്കാൻ, എവിടെയെങ്കിലും പുതുതായി ഒരു തൊഴിലവസരം ഉണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടുണ്ടോ? പുതുതായി ഒരു തൊഴിലവസരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നുമാത്രമല്ല, ഉണ്ടായിരുന്ന തൊഴിലുകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അങ്ങ് തന്നെ രാവിലെ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടിയായി പറഞ്ഞു തൽക്കാലം വേക്കൻസികൾ ഒന്നും റിപ്പോർട്ട് ചെയ്യേണ്ട എന്ന്, ഉദ്യോഗസ്ഥരുടെ പുനർവിന്യാസത്തിന്റെ ഭാഗമായി വേക്കൻസികൾ റിപ്പോർട്ട് ചെയ്യേണ്ട എന്ന് നിർദ്ദേശം കൊടുത്തിരിക്കുന്നു എന്ന് അങ്ങ് ഭംഗ്യന്തരേണ സമ്മതിച്ചിരിക്കുന്നു. കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ പലപ്പോഴും നിയമനനിരോധനം ഉണ്ട് എന്ന് ഞങ്ങൾ ആക്ഷേപം ഉന്നയിച്ചപ്പോൾ നിയമസഭയ്ക്ക് അകത്തും പുറത്തും അങ്ങ് പറഞ്ഞു അങ്ങനെ ഇല്ല എന്ന്. ഒരു മന്ത്രിസഭാ യോഗം കഴിഞ്ഞ് അങ്ങ് വന്ന് പറഞ്ഞു നിയമന നിരോധനം പകുതി പിൻവലിച്ചിരിക്കുന്നു എന്ന്. അപ്പോൾ അതുവരെ നിയമന നിരോധനം ഉണ്ടായിരുന്നു എന്ന കാര്യം അങ്ങ് ഭംഗ്യന്തരേണ അംഗീകരിക്കുകയുണ്ടായി. ഇപ്പോഴോ? പകുതി പിൻവലിച്ചു എന്നു പറഞ്ഞശേഷം നിയമനം നടത്തിയോ? ഇല്ല. സാധാരണ പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ച് എഴുത്തുപരീക്ഷ നടത്തി പ്രായോഗിക പരീക്ഷ നടത്തി, ഇന്റർവ്യൂ നടത്തി, തയ്യാറാക്കപ്പെട്ടിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനങ്ങൾ നടക്കുന്നില്ല. അത് അങ്ങ് കൂടി സമ്മതിച്ചുകൊണ്ടാണ് ലിസ്റ്റിന്റെ കാലാവധി ഇപ്പോൾ നീട്ടാൻ തീരുമാനിച്ചിരിക്കുന്നത്. നേരത്തെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വേക്കൻസികളുടെ അടിസ്ഥാനത്തിൽ വകുപ്പ് തലവൻമാർ പി.എസ്.സി.-ക്ക് എഴുതിയതിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ മെമ്മോ പി.എസ്.സി. നൽകി. പി.എസ്.സി. സെലക്ഷൻ മെമ്മോ നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുക എന്നുള്ളത് ഒരു ബാദ്ധ്യതയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിത്തമാണ്, പിന്നെ അതിൽ നിന്ന് മാറാനൊക്കില്ല. അങ്ങനെ വന്നപ്പോൾ ഞങ്ങൾ ഇങ്ങനെ വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ശരി സെലക്ഷൻ മെമ്മോ അയയ്ക്കേണ്ടതില്ല എന്ന് വകുപ്പ് തലവൻമാർ പി.എസ്.സി.-ക്ക് എഴുതി, അങ്ങനെ ഒരു കാര്യം ചരിത്രത്തിൽ ആദ്യമാണ്, ഇതുവരെ ഉണ്ടായിട്ടില്ല അങ്ങനെ പി.എസ്.സി.-യും വിവിധ വകുപ്പ് മേധാവികളും തമ്മിൽ അക്കാര്യത്തിലുള്ള തർക്കം തന്നെ കേരളത്തിൽ നിലനിൽക്കുകയാണ്. പിന്നെ എവിടെ നിങ്ങൾ തൊഴിൽ കൊടുക്കാൻ പോകുന്നു? കേരളത്തിലെ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം ഡി.വൈ.എഫ്.ഐ. നടത്തിയ സമരത്തെ കുറിച്ചൊക്കെ ഇവിടെ അഭിപ്രായം പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ശ്രീമാൻ ആന്റണി യൂത്ത് കോൺഗ്രസ് നേതാവായിരുന്ന കാലത്ത് ഒരു വീട്ടിൽ ഒരു തൊഴിൽ എന്ന മുദ്രവാക്യം മുഴക്കിയല്ലോ, മൂന്നു തവണ മുഖ്യമന്ത്രിയായി, ഇപ്പോഴും മുഖ്യമന്ത്രിയാണ്. അഞ്ചുവർഷവും ഇരിക്കും എന്നു പറഞ്ഞു. ഇരിക്കണം എന്നാണ് ഞങ്ങളുടെയും ആഗ്രഹം. അഞ്ചുവർഷവും ഇരിക്കണം, അവസരം കിട്ടിയില്ല എന്നു പറയില്ലല്ലോ. അഞ്ചുവർഷവും ഇരുന്ന് ഭരിക്കണം. പക്ഷേ ഒരു വീട്ടിൽ ഒരു തൊഴിൽ എന്ന മുദ്രവാക്യം നടപ്പിലാക്കണം. ശ്രീ. ഹസ്സൻ ഉൾപ്പെടെയുള്ള നിങ്ങളെല്ലാം കൂടി ഉയർത്തിയ മുദ്രാവാക്യം എവിടെ? ഇതിന്റെ അർത്ഥം എന്താ? ഇവിടെപ്പറഞ്ഞു സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ കാര്യത്തിൽ സുപ്രീംകോടതി വിധി കാത്തിരിക്കുകയാണെന്ന്, മഴയെ കാത്തിരിക്കുന്ന വേഴാമ്പലിനെ പോലെ സുപ്രീംകോടതി വിധി കാത്തിരിക്കുകയാണ്. സ്വാശ്രയ കോളേജുകളുടെ ഫീസിന്റെ കാര്യത്തിലും സംവരണ കാര്യത്തിലും നിയമം കൊണ്ടുവരാൻ അങ്ങനെ ഒരു കാത്തിരിപ്പിന്റെ ആവശ്യമില്ല. ഞാൻ ഈ സഭയിൽ തന്നെ വ്യക്തമാക്കിയതാണ്. ടി.എം.എ. പൈ കേസിലെ വിധി വന്നപ്പോൾ തന്നെ സമഗ്രമായ ഒരു നിയമനിർമ്മാണം നടത്താൻ ഈ ഗവൺമെന്റിന് കഴിയുമായിരുന്നു. ഗവൺമെന്റിന് ഇപ്പോഴും മനസ്സില്ല എന്നുള്ളതിന്റെ സൂചനയാണ് സുപ്രീംകോടതി വിധിക്കുവേണ്ടി കാത്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: അങ്ങ് ഡോക്ടറേറ്റ് ഉള്ള ആളാണ്. ലാ ഗ്രാഡുവേറ്റാണ്. സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിൽ ഇരിക്കുന്ന കേസിൽ ഈ നിയമസഭ നിയമം കൊണ്ടുവരുന്നത് ശരിയാണോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: സുപ്രീംകോടതിയുടെ മുമ്പിലുള്ള കേസിലല്ല നിയമം കൊണ്ടുവരുന്നത്, ടി.എം.എ.പൈ കേസിൽ അത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഞാൻ എന്റെ അനൗദ്യോഗിക പ്രമേയ ചർച്ചയിൽ ചൂണ്ടിക്കാണിച്ചതാണ്. ആ കേസിലെ വിധിയുടെ പശ്ചാത്തലത്തിൽ തന്നെ ഒരു സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഏത് രീതിയിൽ ഏതൊക്കെ കാര്യത്തിൽ ചട്ടങ്ങളുടെയും, റൂളുകളുടെയും അടിസ്ഥാനത്തിൽ നിയന്ത്രിക്കാൻ കഴിയും എന്നുള്ള കാര്യം നിശ്ചയിക്കാൻ ഗവൺമെന്റിന് അധികാരം ഉണ്ടെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഡോക്ടർ ഇവിടെ അനൗദ്യോഗിക പ്രമേയം അവതരിപ്പിച്ച ദിവസം വളരെ വിശദമായി അതിനെക്കുറിച്ചൊക്കെ പ്രതിപാദിച്ചതാണ്. 22-ാം തീയതി സുപ്രീംകോടതി ബഞ്ചിനു മുന്നിൽ കേസ് വരുന്നു, അത് കഴിഞ്ഞാലേ നിയമനിർമ്മാണത്തിന്റെ കാര്യം ആലോചിക്കൂ എന്നു പറഞ്ഞു. കേരളത്തിലുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകളും, എഞ്ചിനിയറിംഗ് കോളേജുകളും 15 ലക്ഷവും, 20 ലക്ഷവും വാങ്ങി കുട്ടികളെ ഇപ്പോൾ പ്രവേശിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്നുള്ള കാര്യം അറിയാമോ? എല്ലാ കോളേജുകളിലും കുട്ടികളെ പ്രവേശിപ്പിച്ചുകൊണ്ടിരിക്കുകയാണ്, പിന്നെ നിയമനിർമ്മാണത്തിനും മുഖ്യമന്ത്രി പറയുന്നതിനും എന്താണ് പ്രസക്തി? അതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്താ അഭിപ്രായമുള്ളത്?

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ പറഞ്ഞത് കോടതിയിൽ ഇരിക്കുന്ന ഒരു പ്രശ്നത്തിൽ നിയമ നിർമ്മാണം നടത്താൻ പറ്റും എന്നുള്ളതാണ്. ഇതേ നിയമസഭ ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ കൗൺസിലർമാരെ അയോഗ്യരാക്കിയ പ്രശ്നത്തിൽ ഡിവിഷൻ ബഞ്ചിൽ ആ കേസിരിക്കെ ഒരു നിയമനിർമ്മാണം നടത്തിയ കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: ജനാധിപത്യത്തിന്റെ ജീവനാഡികളാണ് എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ. ലെജിസ്ലേച്ചറാണ് ജനങ്ങളുടെ പരമാധികാര സഭ, ഏത് പ്രശ്നത്തെക്കുറിച്ചും എപ്പോഴും നിയമനിർമ്മാണം നടത്തുന്നതിന് ഈ സഭയ്ക്ക് അധികാരമുണ്ട്. അത് ഒരു പരമാധികാരമാണ്. അത് ലോകത്ത് ഒരു ശക്തിക്കും ചോദ്യം ചെയ്യാൻ കഴിയില്ല. അതിൽ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ കോടതിക്ക് ചോദ്യം ചെയ്യാം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, പ്ലീസ്, പ്ലീസ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: അതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും ആത്മാർത്ഥതയും വേണം. ആ രാഷ്ട്രീയ ഇച്ഛാശക്തിയും ആത്മാർത്ഥതയും ഈ ഗവൺമെന്റിനില്ല. അങ്ങനെ ഒരു ഗവൺമെന്റിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെയും ആ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയത്തെയും ഞാൻ എതിർക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഒരു കണക്കിനു പറഞ്ഞാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സ്വഭാവത്തെ സംബന്ധിച്ച് ഡോ. നീലലോഹിതദാസൻ നാടാർ പറഞ്ഞകാര്യം ശരിയാണ്. ആ കുലുക്കമില്ലായ്മ, എന്തെല്ലാം സംഘർഷങ്ങൾ ഉണ്ടെങ്കിലും അതിന്റെയൊക്കെ നടുവിൽ ശാന്തനായി നിൽക്കുന്ന ഒരു പ്രകൃതം. അതൊന്നും ഇല്ലായിരുന്നു എങ്കിൽ ശ്രീ. ശിവദാസമേനോൻ കൈകാര്യം ചെയ്ത ധനകാര്യ വകുപ്പിന്റെ ഫയൽ കണ്ട് അന്നേ അദ്ദേഹം മരിച്ചുപോകേണ്ടതായിരുന്നു. ഇന്ന് അദ്ദേഹം ബാക്കി നിൽക്കുന്നു എന്നതിന്റെ തെളിവുതന്നെ ഡോ. നീലലോഹിതദാസൻ നാടാർ പറഞ്ഞതുപോലെ സംഘർഷത്തിൽ കുലുങ്ങാത്ത ഒരു മനസ്സ് അദ്ദേഹത്തിനുണ്ട് എന്നുള്ളതിന്റെ തെളിവാണ്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. മുക്തകണ്ഠമല്ല, മുക്തകണ്ഠം അഭിനന്ദിക്കാനും പറ്റും. കുറച്ചുകൂടി കഴിഞ്ഞാൽ ഇതേ മാതിരിയാണ് പോകുന്നതെങ്കിൽ മുക്തകണ്ഠം പ്രശംസിക്കാൻ പറ്റുന്ന ഒരു സ്ഥിതി ഉണ്ടാകും. ഇപ്പോൾ ഒരു minimum level of congratulation-ന്റെ സ്ഥിതിയാണ് ആദ്യം തരുന്നത്. ഈ സ്ഥിതിയിൽ തന്നെ ഗവൺമെന്റ് പോകുകയാണെങ്കിൽ അദ്ദേഹത്തെ പ്രശംസിക്കാൻ കഴിയും എന്നാണ് എനിക്ക് തോന്നുന്നത്. ഒരു കണക്കിന് പറഞ്ഞാൽ ഈ മന്ത്രി ശ്രീ. മുനീറിനെക്കാൾ ഭാഗ്യവാനാണ്. ശ്രീ. മുനീറിന്റെ സ്ഥിതി എന്ന് പറഞ്ഞാൽ അമ്മത്തൊട്ടിലിൽ നിന്നാണ് അദ്ദേഹം കൈകാര്യം ചെയ്യുന്ന വകുപ്പ് കിട്ടിയതെന്ന് ഇന്നലെ പറഞ്ഞു. സത്യത്തിൽ ശ്രീ. ശങ്കരനാരായണന്റെ കൈയിൽ കിട്ടിയത് അതിനേക്കാൾ അപകടം പിടിച്ച സ്ഥിതിയിലാണ്. പൊട്ടക്കിണറ്റിൽ നിന്നാണ് ധനകാര്യ വകുപ്പിനെ ശ്രീ. ശങ്കരനാരായണൻ ഏറ്റെടുത്തത്. അദ്ദേഹം അങ്ങനെ അതിനെ ശരിയാക്കിയെടുത്ത് ഈ സ്വഭാവത്തിലാക്കി. ശ്രീ. മുനീറിനെക്കാളും സത്യത്തിൽ ആ കർമ്മം ചെയ്യുന്ന കാര്യത്തിൽ അദ്ദേഹത്തിന് നല്ല ഒരു കരുത്ത് കിട്ടി. ഏതായാലും ശരി നല്ല കാര്യം തന്നെ.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പിന്റെയും ഈ ഗവൺമെന്റിന്റെയും ഏറ്റവും വലിയ മുഖമുദ്ര എന്നു പറയുന്നത് identification of problems ആണ്. എന്താണ് ഈ സ്റ്റേറ്റിന്റെ പ്രശ്നം എന്നതിനെക്കുറിച്ച് ഒരു തിരിച്ചറിവ് ഈ ഗവൺമെന്റിനുണ്ടായി എന്നതാണ് ഞാൻ കാണുന്ന ഏറ്റവും വലിയ പ്രാധാന്യം. ഇവിടെ ധവളപത്രം ഇറക്കി, അതിനുശേഷം ഇപ്പോൾ better governance-ന്റെ ഒരു ഡോക്യുമെന്റ് ഇറക്കി. ഞാൻ പറയുന്നത് നമ്മളെയൊക്കെ ചർച്ചയ്ക്ക് വിളിക്കാൻ പോകുന്നു എന്ന് ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞല്ലോ, ഞാനും ഈ കാര്യത്തിനുവേണ്ടി ഇത് പഠിക്കാൻ ശ്രമിച്ചു. ഇത് ഒരു best documentation ആണ്. കേരളത്തിൽ എങ്ങനെ നല്ല ഒരു ഭരണസംവിധാനം ഉണ്ടാക്കാം എന്നതിനെ സംബന്ധിച്ച team 1, team 2, team 3, team 4, team 5 ഇതിൽ കേരളത്തിന്റെ പ്രശ്നങ്ങൾ എന്താണ്, എങ്ങനെ ഫലപ്രദമായ ഒരു ഭരണ സംവിധാനം ഏർപ്പെടുത്താം എന്നതിനെ സംബന്ധിച്ച് ഈ ഗവൺമെന്റിന് തിരിച്ചറിവുണ്ടായിരിക്കുന്നു എന്നുള്ളത് വളരെ ശരിയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നത് എം.എൽ.എ.-മാരുടെ തലത്തിലും, രാജ്യവ്യാപകമായും ഇക്കാര്യം ചർച്ച ചെയ്യണം. ചർച്ച നടത്തിയാൽ മാത്രം പോരാ, നടപ്പിലാക്കുകയും ചെയ്യണം. അതിനുപറ്റുന്ന വിധത്തിലുള്ള ഒരു സമീപനം എടുക്കണം എന്നാണ് എനിക്ക് ആദ്യമായിട്ട് പറയാനുള്ളത്.

നമ്മൾ മൂന്ന് ഡോക്യുമെന്റ്സ് നോക്കിയാൽ മതി. ഒന്ന്, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണം അവസാനിച്ച കാലഘട്ടത്തിലേക്ക്, അതായത് 2000 മാർച്ച് 31-ന് അവസാനിച്ച കാലത്തേയ്ക്കുള്ള സി. ആന്റ് എ.ജി. റിപ്പോർട്ട്. രണ്ടാമത്തേത്, ഈ ഗവൺമെന്റിൽ അവസാനം വന്നിട്ടുള്ള 2002 മാർച്ച് 31-ന് അവസാനിച്ച കാലത്തേയ്ക്കുള്ള സി. ആന്റ് എ.ജി. റിപ്പോർട്ട്. മൂന്ന്, Budget at a glance. ഇത് മൂന്നും നോക്കിയാൽ വലിയ പുഷ്പമാല്യം ഒന്നും ചാർത്താൻ കഴിയുകയില്ല എങ്കിൽപ്പോലും ഒരു ശുഭലക്ഷണമുണ്ട്. ടെൻഡൻസിയുണ്ട്. വളരെ വലിയ മാറ്റത്തിലേക്ക് നാട് പോകുന്നു എന്നുള്ളതിന്റെ സൂചനകൾ ഇത് വായിച്ചാൽ മനസ്സിലാകും. എല്ലാ കാര്യങ്ങളും ശരിയായി എന്നൊന്നും ഞാൻ പറയുന്നില്ല. ഒരുപാട് സമയം ഇനിയും എടുക്കും. എങ്കിൽത്തന്നെയും ഈ ഡോക്യുമെന്റുകൾ തമ്മിലുള്ള താരതമ്യ പഠനത്തിലൂടെ എങ്ങനെയാണ് ഇഫക്ടീവ് ഫിനാൻഷ്യൽ മാനേജുമെന്റ് നടത്തുക എന്നതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുണ്ട്. ഞാൻ നിങ്ങളോട് പറയുന്നത്, നിങ്ങൾ പറഞ്ഞല്ലോ അഞ്ചു കൊല്ലം തീർച്ചയായിട്ടും ഭരിക്കണം എന്നൊക്കെ. ഇതിനിടെ നിങ്ങൾ പറ്റുമെങ്കിൽ ശ്രീ. ശിവദാസ മേനോനെ ഒന്ന് കൊണ്ടുവരണം. എന്നിട്ട് ഒരു സ്ലേറ്റും പുസ്തകവും വാങ്ങിച്ച് കൊടുത്തിട്ട് എങ്ങനെയാണ് ഫിനാൻഷ്യൽ മാനേജുമെന്റ് നടത്തുകയെന്ന് ഒന്ന് വന്ന് പഠിക്ക്, എന്നിട്ട് അത് ചെയ്യുക എന്ന് പറയണം. ഞാൻ നല്ല സമീപനത്തോടുകൂടി പറയുകയാണ്. ഇവിടെ ഇങ്ങനെയൊക്കെ ആണെങ്കിൽപ്പോലും പല പ്രശ്നങ്ങൾ ഉണ്ട്. ബഡ്ജറ്റ് കമ്മിയുണ്ട്. കടബാദ്ധ്യത കൂടുന്നു. ഈ ഡോക്യുമെന്റ്സ് തന്നെ അത് സമ്മതിക്കുന്നു. കടബാദ്ധ്യത കൂടുന്നുണ്ട്. കേന്ദ്ര ഫണ്ട് ഉപയോഗിക്കുന്ന കാര്യത്തിൽ അലംഭാവമുണ്ട്. പ്രോജക്ടിന്റെ കാലതാമസത്തിന്റെ ഫലമായി കോസ്റ്റ് കൂടുതൽ ആകുന്നുണ്ട്. അധികബാദ്ധ്യത വരുന്ന തരത്തിലുള്ള സാമ്പത്തികഭാരം ആവശ്യമില്ലാതെ ഏറ്റെടുക്കുന്നുണ്ട്. കോടതിയിൽ കേസ് നടത്തിപ്പിന്റെ കാര്യത്തിൽ കുഴപ്പമുണ്ട്. വകമാറ്റി ചെലവാക്കുന്നുണ്ട്. മാർച്ച് 31-ന് കാണുന്ന ,ഹറിബറി എന്ന പരമ്പരാഗത രോഗമുണ്ട്. ഇതൊക്കെ നമ്മുടെ ധനകാര്യ വകുപ്പിനുണ്ട്. ഇത് ക്രമത്തിൽ മാറ്റിയെടുക്കാൻ പറ്റുന്ന വിധത്തിൽ ഒരു ചലനം ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ഈ കാര്യങ്ങളെപ്പറ്റിയൊക്കെ മനസ്സിലാക്കി അത് എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കണമെന്ന് രേഖവച്ച് ഗവൺമെന്റ് മുന്നോട്ടുപോകുന്നുണ്ട്. ഞാൻ പറയുന്നു ഈ സാമ്പത്തിക പരിഷ്ക്കാരങ്ങളെപ്പറ്റി പേടിക്കരുത്. ധൈര്യമായി ചെയ്യേണ്ട ചില സംഗതികൾ ഉണ്ട്. പ്രതിപക്ഷം പറഞ്ഞുകൊള്ളട്ടെ, അത് നോക്കിയിട്ട് കാര്യമില്ല. സാമ്പത്തിക പരിഷ്ക്കാരങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ ഏറ്റവും വലിയ കുഴപ്പ മെന്താണെന്നു വച്ചാൽ നമുക്ക് തിയറിയുണ്ട്, പക്ഷേ പ്രാക്ടിക്കൽ സൈഡിൽ വരുന്ന സമയത്ത് ധൈര്യം ചോർന്നു പോകുന്നു. ജനറേഷൻ നടത്തിയിട്ട് പ്രസരണ സമയത്ത് വരുന്ന ട്രാൻസ്മിഷൻ ലോസ് എന്നുപറഞ്ഞതുപോലെ ഇവിടെയും ഒരു പ്രസരണ നഷ്ടമുണ്ട്. എക്സിപെൻഡിച്ചർ എങ്ങനെ കൺട്രോൾ ചെയ്യാം, എങ്ങനെ ദുർവ്യയം ഒഴിവാക്കാം അതുപോലെയുള്ള കാര്യങ്ങളെപ്പറ്റി പഠനം നടത്തുന്നുണ്ട്. എങ്കിലും അതിന്റെ ഇംപ്ലിമെന്റേഷന്റെ കാര്യം ഇവിടെ വളരെ കുഴപ്പമാണ്. അതുകൊണ്ട് ഈ ട്രാൻസ്മിഷൻ ലോസ് സത്യത്തിൽ നമ്മുടെ പദ്ധതി നടത്തിപ്പിൽ വരുന്ന വൈകല്യം കൂടിയാണ് അത് തിരുത്തണം. പിന്നെ പ്രതിപക്ഷം ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കും. ഇപ്പോൾ പറഞ്ഞല്ലോ ഓരോ വിമർശനങ്ങൾ, കാര്യം എന്താണെന്നുവച്ചാൽ ലോകം മാറുകയാണ്. ഇപ്പോൾ ആഗോളവൽക്കരണത്തിന്റെ കാര്യവും മറ്റ് പല കാര്യങ്ങളെപ്പറ്റിയും പറഞ്ഞു. ലോകത്തോടൊപ്പം മാറുന്ന രാജ്യമാണ് ചൈന. ചൈനയെ പ്പോലെ മാറുകയാണ് ബംഗാൾ. 'NEWS FROM CHINA'-യിൽ ഇതൊക്കെ വളരെ വ്യക്തമാണ്. 'NEWS FROM CHINA' ഞാൻ വായിക്കാറുണ്ട്. ഇപ്രാവശ്യം വായിച്ചു. അത് ഇവർക്ക് വായിച്ചുകൊടുത്തിട്ട് എന്താണ് കാര്യം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്റെ അടുത്ത സ്നേഹിതനാണ്. ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനേയും അദ്ദേഹത്തെയും കൂട്ടി ചൈനയിൽ പോയി. ശ്രീ. ആര്യാടൻ മുഹമ്മദും ഉണ്ടായിരുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണനേയും കൂട്ടി പോയിട്ട് എന്താണ് പ്രയോജനം? ശ്രീ. കുഞ്ഞാലിക്കുട്ടിക്ക് പ്രയോജനം എന്താണെന്ന് പറഞ്ഞാൽ ചൈനയിൽ പോയിട്ടെങ്കിലും വിദ്യ അഭ്യസിക്കുക എന്നുള്ള മുഹമ്മദ് നബിയുടെ വാക്ക് നടപ്പിലാക്കി യതിന് ഗുണം കിട്ടുമെന്നല്ലാതെ അവരെ കൂട്ടിയിട്ട് അവിടെ പോയിട്ട് എന്താണ് കാര്യം? ചൈനയിൽ നടക്കുന്ന സംഗതി ഇവർക്ക് അറിയാത്തതുകൊണ്ടാണോ? ചൈനയിൽ നടക്കുന്ന സംഗതി മാത്രമല്ല എന്താണ് ബംഗാളിൽ നടക്കുന്നത്? ബംഗാളിൽ നടക്കുന്ന കാര്യങ്ങൾപോലും നമ്മുടെ രാജ്യത്ത് നടന്നുകൂടാ എന്ന് ഈ സ്നേഹിതൻമാർ ആഗ്രഹി ക്കുന്നു. നിങ്ങൾ മനസ്സിലാക്കണം. ഞങ്ങൾ ചെയ്യുന്നതെന്ത്, നിങ്ങൾ ചെയ്യുന്നതെന്ത് എന്ന് ആഗോളവൽക്കരണത്തെയും പുത്തൻ സാമ്പത്തികനയ വ്യവസ്ഥിതികളെയും സംബന്ധിച്ച് ബംഗാൾ എങ്ങനെ എതിരേറ്റു എന്ന് കവർ സ്റ്റോറിയായി മാധ്യമം വാരികയിൽ വന്നിട്ടുണ്ട്. "സർക്കാരിന്റെ പുതിയ നയം സേവന മേഖലയെത്തന്നെ സ്വകാര്യ മേഖലയ്ക്ക് തുറന്നു കൊടുത്തിരിക്കുകയാണ്. ഉദാഹരണത്തിന് ആരോഗ്യമേഖല എടുത്തുനോക്കൂ. ബംഗാളിന്റെ പൊതുജനാരോഗ്യ മേഖലയ്ക്ക് ദീനം ബാധിച്ചിരി ക്കുന്നു. സർക്കാർ ആതുരാലയങ്ങളുടെ വളപ്പിൽ തന്നെ സ്വകാര്യ സി.ടി. സ്കാൻ രോഗികളെ പിഴിയുകയാണ്. ആരോഗ്യരംഗത്ത് ലോകബാങ്ക് പരിഷ്കാരം നടപ്പിലാക്കാൻ 701 കോടി രൂപ 13 ശതമാനം പലിശയ്ക്ക് പശ്ചിമബംഗാൾ സർക്കാർ വായ്പയെടു ത്തിട്ടുണ്ട്. പകരം ആരോഗ്യമേഖല പൂർണ്ണമായും വാണിജ്യവൽക്കരിക്കാനുള്ള ധാരണയും അവരുമായിട്ട് ഉണ്ടാകും." ഞാൻ ചോദിക്കുന്നത്.....

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ശ്രീ. കോടിയേരി ബാലകൃഷ്ണനെ ചൈനയിൽ കൊണ്ടുപോയതുകൊണ്ട് പ്രയോജനം ഒന്നും ഉണ്ടായില്ല എന്ന് അദ്ദേഹം പറഞ്ഞു. പൂർണ്ണ പ്രയോജനം ഉണ്ടാകാൻ സർക്കാർ ചെലവിൽ അമേരിക്കയിൽകൂടി കൊണ്ടുപോകണം. ഈ രണ്ടു സ്ഥലത്തും നടക്കുന്നത് ഒന്നാണെന്ന് അപ്പോൾ മാത്രമേ അദ്ദേഹത്തിന് മനസ്സിലാകുകയുള്ളൂ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: എല്ലാം ശരിയാണ്, നിങ്ങൾ ചെയ്യേണ്ട ഒരു കാര്യം നിങ്ങൾ പ്രാക്ടിക്കൽ ആകുക, തിയറി മാത്രം വച്ചിട്ട് കാര്യമില്ല. ലോകം ആകെ മാറുന്ന സാഹചര്യത്തിൽ കേരളത്തെ മാറ്റാൻവേണ്ടി ഗവൺമെന്റ് ശ്രമിക്കുമ്പോൾ അതിന് ഓരോ ഉടക്ക് ഉണ്ടാക്കുന്ന സമീപനം.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചൈനയിൽ ഒരു സോഷ്യലിസ്റ്റ് സാമൂഹിക വ്യവസ്ഥിതി കെട്ടിപ്പടുക്കാനാണ് ശ്രമിക്കുന്നത്. അവിടെ നടക്കുന്ന കാര്യം അതുപോലെ ഇവിടെ നടപ്പിലാക്കണമെന്ന് പറഞ്ഞാൽ ഒരു മുതലാളിത്ത രാജ്യത്തിൽ സാധിക്കുന്നതല്ല. അതൊന്നും മനസ്സിലാക്കാതെ ചൈന..... ചൈന..... ബംഗാൾ, ബംഗാൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നാലോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അല്ല, എനിക്ക് മനസ്സിലാകുന്നില്ല. ബംഗാൾ എവിടെയാണ്, നിങ്ങളുടെ വർത്തമാനം കേട്ടാൽ തോന്നും ബംഗാൾ വേറെ എവിടെയോ ആണെന്ന്. ബംഗാളിൽ ശ്രീ. ജ്യോതി ബസുവും തുടർന്ന് ഭട്ടാചാര്യയും എടുക്കുന്ന സമീപനങ്ങൾ ഇവിടെ ഞങ്ങൾ എടുത്താൽ ഞങ്ങൾ പിന്തിരിപ്പൻമാരാകും. അപ്പോൾ ഞാൻ പറയുന്നത് നിങ്ങൾ ഇത്തരം കാര്യത്തിൽ പ്രായോഗികമായിട്ടുള്ള ഒരു സമീപനം എടുക്കണം എന്നാണ്. രണ്ടാമത്തെ കാര്യം ബില്ലിനെ ഞാൻ ന്യായീകരിക്കുന്ന സമയത്തുപോലും ഇതിൽ ഒന്നാമത്തെ ആക്ടിന്റെ ഭേദഗതിയെന്നു പറയുന്നത് അബ്കാരി ആക്ടിന്റെ കാര്യത്തിലാണ്. പലരും വിയോജിക്കുമായിരിക്കും. പക്ഷേ ഞാൻ പറയുന്നത് നമ്മൾ ഇങ്ങനെ എല്ലായിടത്തും മദ്യഷാപ്പുകൾ കൊടുക്കുകയെന്നുള്ള സമീപനത്തിലേക്ക് കാര്യങ്ങൾ പോകുകയാണ്. ഇക്കാര്യം വളരെ ഗൗരവമായിട്ട് എടുക്കണം. ഞാൻ ഇത് കഴിഞ്ഞ് മന്ത്രിയുടെ അടുത്ത് പോകുകയാണ്. തിരൂരിൽ ഒരു മദ്യഷാപ്പ് ഉണ്ടായിരുന്നത് ഞാൻ നിവേദനം കൊടുത്ത് മാറ്റി. രണ്ടാമതും എന്റെ മണ്ഡലത്തിൽ കൊണ്ടുവച്ചിരിക്കുകയാണ്. കുറെ ആരാധനാലയങ്ങളുടെയും എസ്.സി./എസ്.ടി. കോളനിയുടെയും മുമ്പിലാണ് കൊണ്ടുവച്ചിരിക്കുന്നത്. എനിക്ക് അപേക്ഷിക്കാനുള്ള ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങ് ഒരു ഗാന്ധിയൻ ആശയക്കാരൻ കൂടിയാണ്. ഗാന്ധിജി മരിച്ചുവെങ്കിലും ഗാന്ധിജിയുടെ ചിത്രം ഇവിടെയുണ്ടെന്നെങ്കിലും നമ്മൾ വിചാരിക്കണം. ഗാന്ധിജി പറഞ്ഞു, "ഇന്ത്യയുടെ മുഴുവൻ ഏകാധിപതിയായിട്ട് ഒരു മണിക്കൂർ നേരത്തേക്ക് ഞാൻ നിയമിക്കപ്പെട്ടുവെങ്കിൽ ഞാൻ ചെയ്യുന്ന ഒന്നാമത്തെ കാര്യം പ്രതിഫലം കൊടുക്കാതെ എല്ലാ മദ്യഷാപ്പുകളും അടച്ചിടുകയും, ഗുജറാത്തിൽ എനിക്ക് അറിയാവുന്ന എല്ലാ പനമരങ്ങളും നശിപ്പിക്കുകയും മനുഷ്യോചിതമായ

LIBRARY ARCHIVES Kerala Legislative Assembly

ചുറ്റുപാടുകൾ തങ്ങളുടെ തൊഴിലാളികൾക്ക് ആയി ഉണ്ടാകണം അവർക്ക് നിർദോഷങ്ങളായ പാനീയങ്ങളും അത്രതന്നെ നിർദോഷങ്ങളായ വിനോദവും കിട്ടുന്ന ഭക്ഷണശാലകളും വിനോദശാലകളും തുറക്കാനും ഫാക്ടറി ഉടമകളെ നിർബന്ധിക്കുകയുമായിരിക്കും ചെയ്യുന്നത്, ഫണ്ട് ഇല്ലെന്ന് ഉടമകൾ വാദിച്ചാൽ ഞാൻ ഫാക്ടറികൾ പൂട്ടിയിടും. ഒരു മണിക്കൂർ നേരത്തെ ഏകാധിപത്യം കിട്ടിയാലും ലഹരി സാധനങ്ങൾ വർജ്ജിച്ചവനായതുകൊണ്ട് ഞാൻ എന്റെ തന്റേടം നിലനിർത്തും. തൻനിമിത്തം ബ്രാൻഡിയും മറ്റും ഔഷധമായി ആവശ്യമുള്ള എന്റെ യൂറോപ്യൻ സ്നേഹിതൻമാരേയും രോഗികളേയും സ്റ്റേറ്റ് ചെലവിൽ വൈദ്യവിദഗ്ദ്ധൻമാരെക്കൊണ്ട് പരിശോധിപ്പിക്കും. എന്നിട്ട് അധികാരപ്പെടുത്തിയ മരുന്ന് വിൽപ്പനശാലയിൽ നിന്ന് ആഗ്നേയ ദ്രാവകങ്ങളുടെ നിശ്ചിത അളവിൽ ലഭിക്കാൻ അവകാശമുള്ള സർട്ടിഫിക്കറ്റുകൾ ആവശ്യമുള്ളവർക്ക് കൊടുക്കുകയും ചെയ്യും. ഈ ചട്ടം ആവശ്യമുള്ള മാറ്റങ്ങളോടുകൂടി ലഹരിയുണ്ടാക്കുന്ന മരുന്നുകൾക്കും ബാധകമായിരിക്കും. ഈ ആഗ്നേയ ദ്രാവകം ഉണ്ടാക്കുന്നവരെയും ആവർത്തിക്കപ്പെട്ട് താക്കീത് ഉണ്ടായിട്ടും അത് കുടിക്കാൻ വാശിപിടിക്കുന്നവരെയും ഉടൻ ശിക്ഷിക്കണമെന്ന് ഞാൻ വാദിച്ചേക്കും. എന്റെ കുട്ടികൾ തീയിലോ, ആഴമുള്ള ജലാശയങ്ങളിലേക്കോ പായുന്നത് തടയാൻ ഞാൻ മടിക്കാറില്ല. ചെന്നീരിലേക്ക് കുതിച്ചുപായുന്നത് ആളിക്കത്തുന്ന ചൂളയിലേക്കോ, വെള്ളപ്പൊക്കമുള്ള നദിയിലേക്കോ കുതിച്ചുപായുന്നതിനേക്കാൾ ആപൽക്കരമാണ്. രണ്ടാമത് പറഞ്ഞത് ശരീരത്തെ മാത്രമേ നശിപ്പിക്കുകയുള്ളൂ, ആദ്യത്തേത് ശരീരത്തേയും ആത്മാവിനേയും നശിപ്പിക്കും." ഗാന്ധിജി മരിച്ചുവെങ്കിലും ഗാന്ധിജിയുടെ ചിത്രത്തിനു മുമ്പിൽ നിന്ന് സംസാരിക്കുമ്പോഴെങ്കിലും ഗാന്ധിയൻ കൂടിയായിട്ടുള്ള ശ്രീ. ശങ്കരനാരായണൻ അതിൽ നിന്നും ഒരു മാറ്റത്തെക്കുറിച്ച് ഗൗരവമായിട്ട് ചിന്തിക്കുന്നത് നല്ലതാണ്—അതാണ് എനിക്ക് വിനീതമായി പറയാനുള്ളത്.

സമ്പദ്ഘടനയെപ്പറ്റിയും പ്രവാസി മലയാളികളുടെ കാര്യത്തെപ്പറ്റിയും പ്രസംഗിക്കുന്ന സമയത്താണ് ഏറ്റവും പുതിയ ഡോക്കുമെന്റേഷൻ വന്നത്. Government of Kerala—Report on activity status of migrants and returnees ഇതിൽ പറയുന്ന ഒരു സംഗതി, നമ്മൾ ഗൗരവമായിട്ട് എടുക്കേണ്ട കാര്യം ഇപ്പോൾ ഗൾഫിലെ ആളുകളെ സംബന്ധിച്ച് ഒരുപാട് തെറ്റിദ്ധാരണകൾ നമ്മുടെ രാജ്യത്ത് ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇതിൽ തെറ്റിദ്ധാരണയുടെ കാര്യമില്ല. കാരണം എന്താണെന്നുവച്ചാൽ ഈ സർവ്വേ റിപ്പോർട്ട് വെളിപ്പെടുത്തുന്ന ചില കാര്യങ്ങളുണ്ട്. പക്ഷേ വളരെ റെലവന്റ് ആയിട്ടുള്ള നാല് കാര്യങ്ങൾ ഞാൻ പറയാം. The maximum number of employed migrants in U.A.E is 4.09 lakhs. മറ്റൊരു സത്യം more than 80 per cent of the migrants have no technical qualification. ചെറിയ ചെറിയ പണികളിലാണ് അവർ ഏർപ്പെട്ടിരിക്കുന്നത്. More than 50 per cent of the employees are in the category of worker, driver or salesman. About two lakhs have no specified job. ഇന്നൊരു പണികിട്ടി, നാളെയൊരു പണികിട്ടി, അങ്ങനെ രണ്ടു ലക്ഷം പേർ നടക്കുകയാണ്. About 90 per cent of the migrants are employed

LIBRARY ARCHIVES Kerala Legislative Assembly

in private sector or self employed.....ഏതെങ്കിലും സ്വകാര്യ സംരംഭത്തിൽ ജോലിയുണ്ട്. 21.48 per cent of the migrants are secured visa by paying Rs. 50,000 ഔദ്യോഗികമായിട്ടുള്ള കണക്കാണ്. അവസാനം ഒരു ചുട്ടുപൊള്ളുന്ന സത്യം. അതെന്താണ്? 31.74 per cent of the returnees were send back or retrenched from foregin countries. ഇതിൽ ഏത് സമുദായം, എന്ത് സമുദായം എന്ന നിലയിലുള്ള വിവേചനത്തിന്റെ കാര്യം യാതൊന്നുമില്ല. കാര്യം എന്താണെന്നുവച്ചാൽ ഇതിന്റെ സ്ഥിതിവിവരകണക്ക് Pereentage of country-wise distribution of migrants according to job നോക്കുകയാണെങ്കിൽ കാണാൻ കഴിയും. ഡോക്ടർമാർ യു.എ.ഇ.-യിൽ ഉള്ളത് 0.95 ശതമാനമാണ്. അതായത് ഒരു ശതമാനത്തിന് താഴെയാണ്. എന്നാൽ അമേരിക്കയിൽ 6.02 ശതമാനമാണ്. മറ്റ് യൂറോപ്യൻ രാജ്യങ്ങളിൽ 8.76 ശതമാനമാണ്. യു.എ.ഇ.-യിൽ ഉള്ള നഴ്സുമാർ 3.20 ശതമാനമാണ്. യു.എസ്.എ.-യിൽ 17.08 ശതമാനമാണ്. യൂറോപ്യൻ കൺട്രീസിൽ 33.17 ശതമാനം. അങ്ങനെ വേരി ചെയ്തുകൊണ്ടിരിക്കുകയാണ്. ടോട്ടൽ നമ്പർ ഒരു ഭാഗത്ത്. വരുമാനം മറ്റൊരു ഭാഗത്ത്. ആ വരുമാനത്തിന്റെ വേരിയേഷനും പല വിധത്തിലാണ്. കേരളത്തിൽ ഇതുകൊണ്ട് അസന്തുലിതാവസഥ ഇല്ലെന്നാണ് ഞാൻ പറയുന്നത്. ഞാൻ ആധികാരികമായ രേഖ ഉദ്ധരിക്കുകയാണ്. Country-wise distribution of migrants according to job. യു.എസ്.എ., ഒമാൻ, ബഹറിൻ, യു.കെ. അങ്ങനെ രാജ്യങ്ങൾ തമ്മിൽ നോക്കുകയാണെങ്കിൽ ഒരിടത്ത് സാലറി കൂടുതലാണ്. മറ്റൊരിടത്ത് ആൾക്കാർ കൂടുതലാണ്. Country-wise distribution of benefit estimated അതായത് number of percentage of persons received benefit as per agreement. എഗ്രിമെന്റിൽ പറഞ്ഞ ബെനിഫിറ്റ് കിട്ടിയവരുടെ ശതമാനം സൗദി അറേബ്യയിൽ 64.14 ശതമാനത്തിന് മാത്രമേ അംഗീകരിച്ച ബെനിഫിറ്റ് കിട്ടിയിട്ടുള്ളൂ. യു.എ.ഇ.-യിൽ അത് 71.58 ശതമാനത്തിന്, യു.എസ്.എ.-യിൽ 82.78 ശതമാനത്തിന്, ആസ്ട്രേലിയയിൽ 94.57 ശതമാനത്തിന്, സൗത്ത് ആഫ്രിക്കൻ കൺട്രീസിൽ 79.77 ശതമാനത്തിന്. അതുപോലെ സമ്പാദ്യത്തിന്റെ കാര്യം പരിശോധിച്ചാൽ percentage of distribution of returnees whether they were earning abroad. യു.എ.ഇ.-യിൽ earnings ഉണ്ടെന്ന് പറയുന്നത് 69.32 ശതമാനത്തിന്. സൗത്ത് ആഫ്രിക്കയിൽ 81.82 ശതമാനത്തിന്, മറ്റുള്ള അഫ്രിക്കൻ രാജ്യങ്ങളിൽ ഇത് 80.30 ശതമാനമാണ്. ഇത് കാണിക്കുന്നതെന്താണ്? ശതമാനമായിരിക്കാം, ആളെണ്ണമായിരിക്കാം, സമ്പാദ്യമായിരിക്കാം, job distribution ആയിരിക്കാം.

12 NOON]

Mr. Deputy Speaker: Yes..... Yes.....

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇങ്ങനെ നോക്കുകയാണെങ്കിൽ, കേരളത്തിലെ നാനാജാതിമതസ്ഥർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പോയി ജോലി ചെയ്ത് ജീവിക്കുന്നു. ഗൾഫിൽ നിന്നും വരുന്ന, അല്ലെങ്കിൽ യൂറോപ്പിൽ നിന്നും വരുന്ന പണത്തിന്റെ സ്വാധീനം നമ്മുടെ സമ്പദ്ഘടനയിലെ ഒരു ചർച്ചാവിഷയമാണ്. അതൊരിക്കലും സമുദായങ്ങൾ തമ്മിലുള്ള അസന്തുലിതാവസഥ കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിയിട്ടില്ല. ഇതിന്റെ ഒരു ദുഃഖം കേരള സമൂഹത്തിലില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. അങ്ങനെ ഒരു impression create ചെയ്യേണ്ട കാര്യമില്ല. അത് ശരിയല്ല. വസ്തുതാപരമായി ഗവൺമെന്റ് 2003 മേയിൽ പ്രസിദ്ധീകരിച്ച ഒരു document വെളിപ്പെടുത്തുന്നത് അത്തരം ഒരു അസന്തുലിതാവസ്ഥ കേരളത്തിൽ ഇല്ല എന്നാണ്. അങ്ങനെ ഒരു കാര്യത്തെക്കുറിച്ച് ചിന്തിച്ച് worry ചെയ്യേണ്ട കാര്യമില്ല.

ശ്രീ. എം. വി. ജയരാജൻ: സർ, ഈ കാര്യം അങ്ങ് പറഞ്ഞത് വളരെ പ്രസക്തമാണ്. അങ്ങ് ഒരു പഠനത്തെക്കുറിച്ചുകൂടി ഇവിടെ പറയണമായിരുന്നു. സി.ഡി.എസ്.-ന്റെ ഒരു പഠനം ഇവിടെയുണ്ട്. അതിൽ പറയുന്നത്, ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്നവരിൽ 85 ശതമാനവും 5,000 രൂപ മാത്രം വരുമാനമുള്ളവരാണെന്നാണ്. എല്ലാ ജാതിമതസ്ഥരും അവിടെ ഉണ്ടെന്ന് മാത്രമല്ല, മഹാഭൂരിപക്ഷവും പാവപ്പെട്ടവരാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അത് ശരിയാണ്. മൈഗ്രേഷൻ ട്രെൻഡ് നോക്കിയാൽ അത് കാണാൻ സാധിക്കുന്നതാണ്. ശ്രീ. എം. വി. ജയരാജൻ ഇവിടെ ചൂണ്ടിക്കാണിച്ചത് തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികളുടെ കാര്യമാണ്. ഇതിൽ അങ്ങനെയുള്ള പ്രോബ്ലമില്ല. ആവശ്യമില്ലാത്ത ഒരു മേഘപടലം നമ്മുടെ അന്തരീക്ഷത്തിൽ നിൽക്കരുത് എന്നതല്ലാതെ എനിക്ക് ആരേയും വിമർശിക്കേണ്ട. ഞാൻ ഒരു വസ്തുത വെളിച്ചത്ത് കൊണ്ടുവന്നു.

സ്വകാര്യമേഖലയുടെ കാര്യം ഞാൻ പറയുകയാണ്, പേടിക്കേണ്ട. സ്വകാര്യ മേഖലയ്ക്ക് ടെണ്ടർ കൊടുത്തതിനെപ്പറ്റിയും ശ്രീ. മുനീർ ഗസ്റ്റ് ഹൗസുകൾ കൊടുത്തതിനെപ്പറ്റിയുമൊക്കെ ഇവിടെ പറഞ്ഞത് ഞാൻ കേൾക്കുകയായിരുന്നു. ഇവിടെ സ്വകാര്യമേഖല വേണം. It should be judicious combination. Judicious combination വേണം. പൊതുമേഖല വേണം, ജോയിന്റ് സെക്ടർ വേണം, co-operative sector വേണം. ഹെൽത്ത് എഡ്യൂക്കേഷനാകട്ടെ, പ്രൈവറ്റ് സെക്ടറിന് ഒരു പരിധി വരെ കൊടുക്കുന്നതിനോട് ആർക്കും വിയോജിപ്പില്ല. ഇടതുപക്ഷ സ്നേഹിതന്മാർ ഇവിടെ എത്രയെത്ര വിമർശനങ്ങൾ പറഞ്ഞു. കോടിക്കണക്കിന് രൂപയുടെ ആരോപണങ്ങളെപ്പറ്റി പറഞ്ഞു. അവർ കൂട്ടുമ്പോൾ തെറ്റിപ്പോകുന്നു. എം.എൽ.എ.-മാർക്ക് കാർ വാങ്ങാൻ ലോൺ കൊടുക്കുന്നതിന്റെ കൂട്ടത്തിൽ ലോൺ അല്ലാതെ ഓരോ കാർക്കുലേറ്റർ കൂടി വാങ്ങി കൊടുക്കണം. ഇവർക്ക് കണക്ക് കൂട്ടാനറിയില്ല. ടോട്ടൽ കൂട്ടി തെറ്റിക്കുകയാണ്. എഴുതിക്കൊടുക്കുന്ന സമയത്ത് ലക്ഷം, അത് സ്പീക്കറോട് പറയുമ്പോൾ തന്റെ വക ഒരു മൂന്ന് പൂജ്യം കൂടി ഇട്ടുകൊണ്ട് അത് ലക്ഷത്തിൽ നിന്ന് കോടിയാക്കി മാറ്റുന്നു. അങ്ങനെ പറയുമ്പോൾ നിങ്ങൾ എന്താ സത്യത്തിൽ ചെയ്യുന്നത്? ആരോപണങ്ങൾ ഉന്നയിച്ചോ? പക്ഷേ, രാഷ്ട്രീയത്തിന് ഒരു വിശുദ്ധിയുണ്ടല്ലോ? എന്തെങ്കിലും പറഞ്ഞിട്ട് ചെളി വാരി എറിയുക എന്ന രീതിയിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നതിൽ അർത്ഥമില്ലെന്ന് ഞാൻ നിങ്ങളോട്

LIBRARY ARCHIVES Kerala Legislative Assembly

വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു. നല്ല നിർദ്ദേശങ്ങൾ നിങ്ങൾ ഇപ്പോൾ പറയുന്നുണ്ട്. എനിക്കിപ്പോൾ നിങ്ങളുടെ കാര്യത്തിൽ അത്ഭുതമാണ്. എങ്ങനെയാണ് നിങ്ങൾക്ക് ഇത്ര പെട്ടെന്ന് ബുദ്ധിവികാസം ഉണ്ടായത്? അതെനിക്ക് മനസ്സിലാകുന്നില്ല. രണ്ട് രണ്ടര കൊല്ലം മുമ്പ് നിങ്ങൾക്ക് ഈ ബുദ്ധിവികാസം വന്നിരുന്നു എങ്കിൽ ഈ നാട് എത്ര രക്ഷപ്പെട്ടു പോകുമായിരുന്നു. ഇപ്പോൾ നല്ല നിർദ്ദേശങ്ങളൊക്കെ നിങ്ങൾ വയ്ക്കുകയാണ്. നിങ്ങളുടെ കുഴപ്പങ്ങൾ നിങ്ങൾ തന്നെ തിരുത്തേണ്ടതാണ്. നിങ്ങൾ ചില സിദ്ധാന്തങ്ങൾ പഠിച്ചുവച്ചിട്ടുണ്ട്. ഈ സിദ്ധാന്തത്തിന്റെ practical side നിങ്ങൾക്കറിയില്ല. ഒരു മഹാനെ ഞാൻ ഉദ്ധരിക്കുകയാണ്. പേര് പിന്നെ പറയാം "കുങ്കുമം ചുമക്കുന്ന കഴുതയെപ്പോലെ തങ്ങൾ വഹിക്കുന്നതെന്താണെന്നറിയാത്ത കൂട്ടരാണ് നമ്മൾ. മാത്രമല്ല ബുദ്ധിപരമായി ഇത്രയും പാപ്പരത്തം ബാധിച്ച നമുക്ക് എന്ത് നേതൃത്വമാണ് രാജ്യത്തിന് കൊടുക്കാൻ കഴിയുക?" ആരാണ് ആ മഹാൻ? അച്യുതമേനോൻ. അച്യുതമേനോന്റെ സമ്പൂർണ്ണ കൃതികൾ എന്ന പുസ്തകത്തിന് ഞാൻ പണം അടച്ചിട്ടുണ്ട്. എനിക്ക് അദ്ദേഹത്തെ ഇഷ്ടമാണ്. അച്യുതമേനോൻ നിങ്ങളുടെ സ്വഭാവം ശരിക്ക് വിലയിരുത്തിയിട്ടുണ്ട്. അദ്ദേഹം ചെയ്തത് എന്താണെന്നറിയാമോ? അദ്ദേഹം എഴുതിയ ഒരു ലേഖനം അദ്ദേഹത്തിന്റെ മരണശേഷം അച്യുതമേനോൻ ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ചു. 'FOR AN INDIAN MODEL' എന്ന് പറയുന്ന ഈ പുസ്തകത്തിൽ (ഒരു പുസ്തകം ഉയർത്തിക്കാണിച്ചു) നിങ്ങളുടെ സ്വഭാവത്തിന്റെ ശരിയായ പകർപ്പാണുള്ളത്. ഈ പറഞ്ഞത് നിങ്ങൾ ശ്രദ്ധിക്കേണ്ടത് Another aspect of the same problem is that revolutionary thinking cannot be simply copied or cannot be learnt by rote. Every one of us must have chanted hundreds of times in our lives the Sutra that " Marxism is only a guide to revolutionary action, and not a dogma". It is the case of the proverbial donkey bearing on its back a precious load of kumkum never knowing what it is carrying! നിങ്ങളെപ്പറ്റിയാണ് പറഞ്ഞത്. We did not realize its meaning. നിങ്ങൾ അർത്ഥം മനസ്സിലാക്കുന്നില്ല. Let me recall something which makes me even now feel extremely ashamed. അച്യുതമേനോനെ ദുഃഖിപ്പിച്ച ഒരു സംഭവത്തെപ്പറ്റി പറയുകയാണ്. During 1948-51 period we were all "under-ground" per force confined to our shelters and unable to engage in any worthwhile activity. For three years the leaders were engaged all the time in a terrific debate. എന്താ ഡിബേറ്റ്? What was it about? The question posed was the model or path for the Indian revolution, the Russian or the Chinese? And even after three long years of furious controversy we could not find a solution. Finally the leaders went to Moscow to get their doubts cleared. They met Stalin himself and doubts were cleared. Is it possible to find bankruptcy of thinking more pathetic than this any where? What revolution can a party of this kind lead? നിങ്ങളെപ്പറ്റിയാണ് ചോദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, ഇത് ഞങ്ങളുടെ പാർട്ടിയുടെ മഹത്വമാണെന്ന് ഞാൻ പറയുന്നു. സ്വയം തങ്ങളെത്തന്നെ വിമർശിക്കാനും, തെറ്റുകൾ മനസ്സിലാക്കാനുമുള്ള കമ്മ്യൂണിസത്തിന്റെ കഴിവ് വ്യക്തമാക്കുകയല്ലേ? അത് മാത്രമല്ല, Marxism is a guide to action എന്ന് വർഷങ്ങൾക്കപ്പുറത്ത് ലെനിൻ പറഞ്ഞ കാര്യമാണ്. പുതിയ കാര്യങ്ങളല്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അച്യുതമേനോൻ മരിച്ചു പോയില്ലേ, പിന്നെങ്ങനെ ഇപ്പോൾ പറയുന്നത്?

നിങ്ങളിപ്പോൾ മാറാട് പ്രശ്നത്തെപ്പറ്റി പറഞ്ഞു. അതിനെ സംബന്ധിച്ച് ഞാൻ അമിതമായി പറയുന്നില്ല. ഇ. ടി. പറഞ്ഞു, അല്ലെങ്കിൽ ലീഗ് പറഞ്ഞു എന്നതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രശ്നം ഉണ്ടായി എന്നുള്ളത് വേണ്ട. Indian Constitution ഒരു ജനതയ്ക്ക് കൊടുത്ത അവകാശങ്ങളിൽ എവിടെയും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യം 400 കുടുംബങ്ങൾക്ക് അവിടെ നിഷേധിച്ചിരിക്കുകയാണ്. അവർക്ക് അങ്ങോട്ട് പോകാൻ സാധിക്കുന്നില്ല. ഇ. ടി. മുഹമ്മദ് ബഷീറും മറ്റാരെങ്കിലും പറഞ്ഞിട്ട് ഇനി പ്രശ്നം വേണ്ട. വീടു വിടേണ്ടി വന്ന ജനതയുടെ ദുരവസ്ഥയെക്കുറിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞ ഒറ്റ വാക്ക് പറയാൻ അങ്ങ് എന്നെ അനുവദിക്കണം. With regard to the basic feeling, let us take East Bengal, the minority community, the Hindus in East Bengal, are obviously frightened. They feel they have no security of life. Therefore they feel like coming away and I can understand their position. This also applies to the minority community in West Bengal, U.P. and Rajasthan also. I entirely understand this because they are frightened. May be, the fear complex. Fear is a terrible thing: it is the worst possible thing that can happen to people because it is infectious. How are we to get rid of this fear? I do not mind if people want to go away from one country to another. But let them not be driven out by fear: let them not go because life is insecure..... ഇത് നെഹ്റുവിന്റെ ഫീലിംഗാണ്. പിറന്ന മണ്ണിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ട ഒരു ജനതയെക്കുറിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എന്താണ് പറഞ്ഞിട്ടുള്ളത്? മൈനോറിറ്റിയെ സംബന്ധിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1951-ൽ പാർലമെന്റിൽ ചെയ്ത പ്രസംഗത്തിൽ പറഞ്ഞു, we must make it clear to our minorities that is our proud privilege to give fullest protection and opportunity to them. നെഹ്റു പറഞ്ഞ fullest protection and opportunity ഇല്ലെങ്കിൽ പോകട്ടെ ഒരു ശതമാനം കിട്ടണ്ടേ? അവിടെ നേരത്തെ താമസിച്ചിരുന്ന ആളുകൾ അവരുടെ വീട്ടിൽ സുഖമായി ഉറങ്ങുമ്പോൾ സ്വന്തം കുഞ്ഞിനെ മുലയൂട്ടാനുള്ള അമ്മയുടെ സ്വാതന്ത്ര്യമാണ് അവിടെ നിഷേധിക്കപ്പെട്ടിട്ടുള്ളത്. അതിന് ഇപ്പോൾ നിങ്ങൾ സമയം വരട്ടെ എന്ന് പറഞ്ഞാൽ, സമയം വരട്ടെ എന്നതല്ല കാര്യം, എങ്ങനെയാണ് സമയം വരിക? തൊഗാഡിയയെപ്പോലെയുള്ള ആളുകൾ അവിടെ പോയി പ്രസംഗിക്കുന്നു, എരിയുന്ന തീയിൽ എണ്ണ ഒഴിക്കുന്നു,

സുഖമായി തിരിച്ചുപോകുന്നു. തൊഗാഡിയയെപ്പോലെയുള്ള ആളുകൾ പ്രകോപന മുണ്ടാക്കുകയാണെങ്കിൽ അവിടെ എങ്ങനെ സമാധാനമുണ്ടാകും? ഞാൻ പറയുന്നത്, ഇത്തരം കാര്യങ്ങളിൽ അങ്ങനെ നിൽക്കരുത്.

ഒറ്റ കാര്യം കൂടി പറഞ്ഞിട്ട് ഞാൻ അവസാനിപ്പിക്കാം. വളരെ വിനീതമായിട്ട് ചോദിക്കുകയാണ്. ശ്രീ. ഹസ്സൻ ഇവിടെയുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം ഇവിടെ പറഞ്ഞല്ലോ. ഞാൻ എല്ലാ വിനയത്തോടുംകൂടി ഒരിക്കൽക്കൂടി ചോദിക്കുകയാണ്, ശ്രീ. ബാബുവിന്റെയും, ശ്രീ. കുട്ടി അഹമ്മദ് കുട്ടിയുടെയും പ്രമേയത്തിന് ശ്രീ. ഹസ്സൻ പറഞ്ഞല്ലോ, ഞങ്ങൾ കാത്തിരിക്കുകയാണ്. എന്തിന്? സമവായത്തിന്, ഞാൻ ചോദിക്കുകയാണ്, ഒരിക്കലും വരാത്ത സമവായത്തിന് വേണ്ടി കാത്തിരിക്കുന്ന നിങ്ങൾക്ക് അക്കാര്യത്തിൽ വല്ല ആത്മാർത്ഥതയുമുണ്ടെങ്കിൽ അത് ഉടനെ കാണിക്കണം. വെറുതെ ആളുകളെ കുഴപ്പത്തിലാക്കരുത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ ഞങ്ങൾ പറയുന്നത് ഞങ്ങളുടെ കാര്യം മാത്രമല്ല. നരേന്ദ്രൻ കമ്മീഷൻ പറയുന്നത് സോഷ്യൽ ജസ്റ്റിസിന് വേണ്ടി ആഗ്രഹിക്കുന്ന ജനങ്ങൾ, വേഴാമ്പൽ മഴയ്ക്കുവേണ്ടി കാത്തിരിക്കുന്നതുപോലെ കാത്തിരിക്കുകയാണ്. എന്നാണ് സമവായം വരാൻ പോകുന്നത്? ഇത് സമവായം ഉണ്ടാക്കാൻ കഴിയുന്ന ഒരു പ്രശ്നമല്ല. സമവായം ഇവിടെ ഒരു നിലയിൽ ഉണ്ടായി. ഇനി സമവായത്തിന് വരുന്ന ആളുകൾ ഒരു പക്ഷേ സമവായത്തിന് നിൽക്കില്ല. അതുകൊണ്ട് നിങ്ങൾ കാണേണ്ട കാര്യം എന്താണെന്ന് അറിയുമോ? ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഇപ്പോൾ വർഗ്ഗീയത വളർത്താനും വിഭാഗീയതയുണ്ടാക്കാനും ആളുകൾ ശ്രമിക്കുന്നുണ്ട്. ഞങ്ങൾ അതിനൊന്നുമില്ല. ഞങ്ങൾ ശാന്തമായിട്ട് നിൽക്കുകയാണ്. പക്ഷേ ദയവായി നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. 'അളമുട്ടിയാൽ ചേരയും കടിക്കും' എന്നത് പഴഞ്ചൊല്ല് മാത്രമല്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഗൗരവതരമായ സമീപനം ഉണ്ടാകണം. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് ചർച്ച ചെയ്യാം, സമവായം ഉണ്ടാക്കാം എന്ന് പറഞ്ഞിട്ട് നീതി നിഷേധിക്കപ്പെട്ട ജനങ്ങളെ ഇനിയും നിരാശരാക്കരുത്. ഗവൺമെന്റിനെപ്പറ്റി ആളുകൾക്ക് ഒരു പ്രതീക്ഷയുണ്ട്. ആ പെൻഡുലം താഴോട്ട് പോവുകയാണോയെന്ന് ഈ രാജ്യത്തെ ജനങ്ങൾ സംശയിക്കുന്ന വിധത്തിലേക്ക് കാര്യങ്ങൾ നീങ്ങുന്നുവെന്ന് വിനീതമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് എടുക്കുന്ന നല്ല കാര്യങ്ങളുണ്ട്. പ്രൊഫഷണൽ കോളേജുകളുടെ കാര്യമൊക്കെ നല്ലതാണ്. അവിടെയും സൂക്ഷിക്കേണ്ട ഒരു കാര്യമുണ്ട്. സംവരണത്തിൽ മായം ചേർക്കരുത്. സംവരണം ഉണ്ടാകണം. അതിന് വേണ്ട പരിശ്രമം നടത്തണം. ഗവൺമെന്റ് എടുക്കുന്ന നല്ല കാര്യങ്ങളെ ഞങ്ങൾ നല്ലതായിട്ട് കാണുകയാണ്. പ്രതിപക്ഷം എടുക്കുന്ന തെറ്റിനെ തെറ്റായിട്ട് കാണുകയാണ്. നല്ല കാര്യങ്ങൾക്ക് തുടക്കം കുറിച്ചിട്ടുള്ള ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഈ ഫിനാൻസ് ബില്ലിനെ സന്തോഷത്തോടുകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ധനകാര്യ ബില്ലിനെ എതിർക്കുന്നു. 1977-ലെ കേരള അബ്കാരി ആക്ട്, 1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്ട്, 1994-ലെ കേരള തദ്ദേശ പ്രദേശങ്ങളിലേക്ക് സാധനങ്ങൾ പ്രവേശിപ്പിക്കുന്നതിൻ മേലുള്ള നികുതി ആക്റ്റ് എന്നിവ ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചുള്ളതാണ്. പ്രൊഫ. എ. ഡി. മുസ്തഫ, ശ്രീ. ടി. യു. രാധാകൃഷ്ണൻ, ശ്രീ. വർക്കല കഹാർ എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ആദ്യം പ്രസംഗിച്ച മൂന്നുപേർ. പിന്നെയാണ് യഥാർത്ഥത്തിലുള്ള പ്രസംഗം വരുന്നത്. എന്റെ പ്രിയങ്കരനായ കെ. പി. വിശ്വനാഥൻ പ്രസംഗിച്ചപ്പോഴാണ് കാര്യങ്ങൾ ക്ലിയറായത്. ഐക്യജനാധിപത്യമുന്നണിയുടെ കെട്ടുറപ്പും ശക്തിയും യോജിപ്പുമെല്ലാം വ്യക്തമായി. ശ്രീ. രാമചന്ദ്രൻ മാസ്റ്റർ പറഞ്ഞപ്പോൾ ഒന്നുകൂടി അത് ക്ലിയറായി. ഇനി ആര്യാടൻ മുഹമ്മദ് സാറിന്റെ പ്രസംഗം വരികയാണ്. ആദ്യത്തെ മൂന്ന് ആളുകൾ ഈ ഗവൺമെന്റിലുള്ള വിശ്വാസം നഷ്ടപ്പെട്ടുവെന്ന് ശ്രീമതി സോണിയാഗാന്ധിയുടെ മുന്നിൽപോയി പ്രിന്റ് കൊടുത്തവരും ശ്രീ. രാമചന്ദ്രൻ മാസ്റ്ററും ശ്രീ. കെ. പി. വിശ്വനാഥനും ഇനി പ്രസംഗിക്കാൻ പോകുന്ന ശ്രീ. ആര്യാടൻ മുഹമ്മദ് ഉൾപ്പെടെയുള്ളവർ കെട്ടുറപ്പോടുകൂടി ശ്രീ. ആന്റണിയുടെ പിന്നിൽ ഉറച്ചു നിൽക്കുന്ന മുന്ന് മുൻമന്ത്രിമാരുമാണ്. ശ്രീ. രാമചന്ദ്രൻ മാസ്റ്റർ അത് പറഞ്ഞപ്പോൾ ഞങ്ങൾക്ക് ഒന്നുകൂടി ക്ലിയറായി. ശ്രീ. ആന്റണി അതൊക്കെ ഒന്ന് അംഗീകരിക്കട്ടെ. എന്തായാലും ഡൽഹിയിൽ പോയവർക്കുള്ള മറുപടി ശ്രീ. കെ. പി. വിശ്വനാഥൻ നല്ല സശക്തമായി യാതൊരു സംശയത്തിനും ഇടയില്ലാത്ത വിധത്തിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആ കാര്യം ഇവിടെ നിർത്തുകയാണ്. ഇന്ന് കർക്കിടകമാസം ഒന്നാം തീയതിയാണ്. ഞങ്ങളുടെയൊക്കെ നാട്ടിൽ ഇത് രാമായണമാസമാണ്. രാമായണം പാരായണം ചെയ്യുന്നത് കേൾക്കാൻ ഒരു സുഖമാണ്. അതുപോലെ വേറെയൊന്നു കൂടിയുണ്ട്. കർക്കിടക മാസത്തിലെ മരുന്നു കഞ്ഞി. ഔഷധി ഉൾപ്പെടെ ഇറക്കുന്ന മരുന്ന് കഞ്ഞി. ശരീരരക്ഷയ്ക്ക് മരുന്നു കഞ്ഞി കുടിക്കാൻ എന്നെഴുതിയ ബോർഡുകൾ ഞങ്ങളുടെ പ്രദേശത്തൊക്കെ വച്ചിട്ടുണ്ട്. മരുന്നുകഞ്ഞി കുടിക്കേണ്ട ഒരു പ്രായത്തിൽ നിൽക്കുകയാണ് നിങ്ങൾ. അതാണ് ഈ പ്രശ്നങ്ങളൊക്കെ ഞങ്ങൾക്ക് കേൾക്കാൻ കഴിഞ്ഞത്.

ബഹുമാനപ്പെട്ട മന്ത്രി ശങ്കരനാരായണൻ കൊണ്ടുവന്ന ബില്ലിനെ എങ്ങനെ അംഗീകരിക്കും? ഇപ്പോൾ വിദേശ മദ്യത്തോടാണ് പ്രിയം, മറ്റൊന്നിനോടുമല്ല. അരിയോടോ അല്ലെങ്കിൽ സാധാരണക്കാരൻ കഴിക്കുന്ന ഭക്ഷ്യസാധനങ്ങളോടോ അല്ല പ്രിയം. സമരങ്ങളൊക്കെ വരുമ്പോൾ അത്തരം പ്രശ്നങ്ങളൊന്നും പരിഹരിക്കാൻ ശ്രമിക്കുന്നില്ലല്ലോ? പ്രിയം മുഴുവൻ വിദേശമദ്യത്തോടാണ്. ഇവിടെ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ പ്രസംഗത്തിൽ അത് സൂചിപ്പിച്ചു. വിദേശമദ്യത്തോടുള്ള പ്രിയം കാരണം ഇരുന്നൂറോളം വിദേശമദ്യഷാപ്പുകളല്ലേ ഇവിടെ തുറന്നത്? ബാറുകൾ 34. ആദ്യം ഒരു 51, പിന്നെ ഒരു 55, ഇനി ഒരു 122 എണ്ണം. അങ്ങ് പറഞ്ഞത് എന്താണ്? പഞ്ചായത്തുകൾതോറും മാവേലിസ്റ്റോറുകൾ തുടങ്ങാൻ ഞങ്ങളുടെ ഗവൺമെന്റിന് കഴിഞ്ഞില്ലെങ്കിലും പഞ്ചായത്തുകൾതോറും ഓരോ വിദേശമദ്യഷാപ്പ് തുടങ്ങും എന്നാണ്. എന്താണ് വിദേശ മദ്യഷാപ്പിനോടുള്ള പ്രിയം? പ്രിയം എവിടെ എത്തി? ക്ലബ്ബുകൾക്ക് ലൈസൻസ് കൊടുക്കാനുള്ള ഉത്തരവ് ഇപ്പോൾ ഇറക്കി. 10 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ക്ലബ്ബുകൾക്ക് നേരത്തെ ഉണ്ടായിരുന്ന ലൈസൻസ് ഫീസ് പകുതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

താഴെയാക്കി കുറച്ചു. ഏത് ക്ലബ്ബാണ്? ആരുടെ ക്ലബ്ബ്? കൂടിച്ച് കുത്താടാൻ വരുന്ന സമ്പന്നൻമാരായ ഒരു കൂട്ടം ആളുകൾ, സമൂഹത്തിലെ എല്ലാ വിധ ദുഷ്ട പ്രവർത്തനങ്ങൾക്കും കൂട്ടുനിൽക്കുന്ന ആളുകൾ അവരുടെ ക്ലബ്ബുകൾക്കാണ് ലൈസൻസ് ഫീസ് കുറച്ചത്. ക്ലബ്ബ് എന്നു പറഞ്ഞാൽ നാട്ടിൻപുറത്തുള്ള ചെറുപ്പക്കാരും കുട്ടികളുമൊക്കെകൂടി നടത്തുന്ന ക്ലബ്ബുകളുണ്ട്. അതൊരു നാടിന്റെ ഭാഗമാണ്, നാടിന്റെ വികസനത്തിന്റെ ഭാഗമാണ്. നാടിന്റെ നൻമയുടെ ഭാഗമാണ്. മറിച്ച് തിൻമയുടെ ഭാഗമായിട്ടുള്ള സമ്പന്നൻമാർക്കും കൂറെ ഉദ്യോഗസ്ഥൻമാർക്കും കൂറെ കൈക്കൂലിക്കാർക്കുമൊക്കെ സമ്മേളിക്കാവുന്ന ക്ലബ്ബുകൾക്ക് ഇതിന്റെ മറവിലൂടെ വിദേശമദ്യം വിൽക്കാനുള്ള ലൈസൻസ് കൊടുക്കാനുള്ള ഉത്തരവ് രണ്ടുദിവസം മുൻപ് ഇറക്കി. എന്താണ് അതിന്റെ ആവശ്യകത എന്ന് മന്ത്രി വിശദീകരിക്കണം. മാവേലി സ്റ്റോറിൽ അരി വിൽക്കുന്നതിനുള്ള ലൈസൻസ് അല്ലല്ലോ കൊടുക്കുന്നത്? ക്ലബ്ബുകൾക്ക് വിദേശമദ്യം വിൽക്കാനുള്ള ലൈസൻസ് ആണ്. ഇവിടെ ബഹുമാനപ്പെട്ട മിനിസ്റ്റർ കഴിഞ്ഞയാഴ്ച നൽകിയ ഉത്തരത്തിൽ പറഞ്ഞ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക എത്രയാണെന്ന് അറിയാമോ? 98,26,03,440 രൂപ. കയർത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക എത്രയാണ്? 14,11,00,000 രൂപ. തൊഴിലില്ലായ്മ വേതനം എത്രയാണ് കുടിശ്ശിക? 121 കോടി രൂപ, മത്സ്യത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക എത്രയാണ്? 15 കോടി രൂപ. ഇതൊക്കെ കൊടുക്കാതെ ഏറ്റവും മുൻഗണന കൊടുക്കേണ്ട വിഭാഗങ്ങളെ അവഗണിക്കുകയാണ് സർക്കാർ ചെയ്യുന്നത്. അംഗൻവാടി കുട്ടികളുടെ കാര്യം പറഞ്ഞപ്പോൾ ശ്രീമതി ഗൗരിയമ്മ രോഷം കൊണ്ടു. ശ്രീമതി ഗൗരിയമ്മ നൽകിയ മറുപടിയിൽ പറയുന്നു അംഗൻവാടി കുട്ടികൾക്ക് പാൽ നൽകിയ ഇനത്തിൽ മിൽമയ്ക്ക് പന്ത്രണ്ടര കോടി രൂപ കൊടുക്കാനുണ്ടെന്ന്. നിങ്ങൾ കൊട്ടിഘോഷിച്ച് കൊണ്ടുവന്ന കുഞ്ഞുങ്ങൾക്ക് പാല് കൊടുക്കാനുള്ള പദ്ധതി പ്രകാരം പാൽ വിതരണം ചെയ്ത മിൽമയ്ക്ക് പന്ത്രണ്ടര കോടി രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക നൽകാത്തതുകൊണ്ട് 5850 അംഗൻവാടിയിൽ പാൽ വിതരണം മുടങ്ങുകയും ചെയ്തു. പാൽ വിതരണം നിർത്തുമെന്ന് മിൽമ അറിയിച്ചിട്ടുണ്ട്; നിർത്തിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി കുഞ്ഞാലിക്കുട്ടിയുടെ വകുപ്പാണ് അംഗൻവാടി. മിൽമ ശ്രീമതി ഗൗരിയമ്മയുടെ വകുപ്പാണ്. ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ മറുപടിയിൽ പറയുന്നു, കുടിശ്ശികയൊന്നുമില്ല, ഒരു കോടി രൂപയേയുള്ളൂ എന്ന്. രണ്ട് മറുപടിയും ഈ സഭയിൽ വന്നതാണ്. ആരാണ് ഇതൊക്കെ തയ്യാറാക്കുന്നത്? ഇതാണോ നിങ്ങളുടെ ധനകാര്യ മാനേജ്മെന്റ്? ബഡ്ജറ്റിൽ നിങ്ങൾ കൊണ്ടുവന്ന് കൊട്ടിഘോഷിച്ച പദ്ധതിയാണ് കുഞ്ഞുങ്ങൾക്കുള്ള പാലും ഗോൾഡൻ ഷേക്ക് ഹാൻഡും. അതിൽ ബഹുമാനപ്പെട്ട മന്ത്രി കുഞ്ഞാലിക്കുട്ടി പറയുന്നു, ഒരു കോടി രൂപയേ കുടിശ്ശികയുള്ളൂവെന്ന്. ബഹുമാനപ്പെട്ട ഗൗരിയമ്മ തന്ന ഉത്തരത്തിൽ പറയുന്നു പന്ത്രണ്ടര കോടി രൂപ മിൽമയ്ക്ക് കൊടുക്കാനുണ്ടെന്ന്. പകുതിയിലേറെയുള്ള അംഗൻവാടിയിലും ഈ പദ്ധതി മുടങ്ങി. ഇതാണോ നിങ്ങളുടെ ധനകാര്യ മാനേജ്മെന്റ്? ഇതാണോ ശ്രീ. ബഷീർ, മിടുക്കോടുകൂടി പ്രസംഗിച്ച ധനകാര്യ മാനേജ്മെന്റ്?

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ഇവിടെനിന്ന് മിനിഞ്ഞാന്ന് മെസ്സേജ് പോയിരിക്കുകയാണ്; ആദ്യം ടെലിഫോണിൽ. ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി സുധാപിള്ള ഇറക്കിയ ജി.ഒ. (പി) നമ്പർ 381/2003/ഫിനാൻസ്/ട്രിവാൻഡ്രം ഡേറ്റഡ് 9-7-2003 എന്ന ഉത്തരവ് ഇന്നലെ എല്ലാ കളക്ടർമാർക്കും കേരളത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ബ്ലോക്ക് സെക്രട്ടറിമാർക്കും ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും കൊടുത്തിരിക്കുകയാണ്. എന്താണ്? പഞ്ചായത്തുകൾക്ക് കൊടുത്തിരിക്കുന്ന 876 കോടി രൂപ പി. ഡി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നത് ക്ലോസ് ചെയ്യാൻ. 878 കോടി രൂപ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് പാസ്സാക്കി കൊടുത്തതല്ലേ? ബഡ്ജറ്റ് പ്രകാരം നമ്മൾ പാസ്സാക്കി കൊടുത്തത് ഈ വിധത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവ് കൊടുത്ത് പിൻവലിപ്പിക്കാൻ എന്താണ് നിങ്ങൾക്കുള്ള അധികാരം? അതിനുള്ള അധികാരം നിയമപരമായി നിലനിൽക്കുന്നതാണോ? അത് ശരിയാണോ? എന്റെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കൊച്ചുമുഹമ്മദ് വിശ്വേട്ടന്റെ ഏറ്റവും അടുത്ത അനുയായി ആണ്. ഇന്ന് അദ്ദേഹം സംസ്ഥാനതല ബ്ലോക്ക് പ്രസിഡന്റുമാരുടെ അസോസിയേഷന്റെ പ്രസിഡന്റാണ്, ഇപ്പോൾ തൃശ്ശൂർ പ്രസ്സ് ക്ലബ്ബിൽ പത്രസമ്മേളനം നടത്തിക്കഴിഞ്ഞു. ഞാൻ അൽപ്പം മുമ്പ് അദ്ദേഹവുമായി ബന്ധപ്പെട്ടു. എല്ലാ പഞ്ചായത്തുകളുടെയും ബ്ലോക്കുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും പ്രസിഡന്റുമാരുമായിട്ടും ഞാൻ സംസാരിച്ചു. അവർക്ക് അനുവദിച്ച ഫണ്ടിന്റെ ലാസ്റ്റ് ഗഡു കഴിഞ്ഞവർഷത്തെ ഗഡു, മാർച്ച് മാസം 28, 29 തീയതികളിലല്ലേ കൊടുത്തത്? മാർച്ച് 28, 29-ന് ഫണ്ട് അനുവദിക്കുന്നു. ഏപ്രിൽ മാസം ഒന്നാം തീയതിയോ രണ്ടാം തീയതിയോ അവർ അത് മാറ്റി എടുക്കുന്നു. ആ ഫണ്ട് നമ്മുടെ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് രൂപീകരിച്ച ഡി. പി. സി. അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കാനാണ് ഉപയോഗിക്കുന്നത്. നിങ്ങൾ മൂന്നാമത്തെ ഗഡു കൊടുത്തുവെന്ന് പറഞ്ഞു. സ്പിൽ ഓവർ വർക്കുകൾ ഉൾപ്പെടെ ചെയ്തു തീർക്കുന്നതിനായി അനുവദിച്ച 878 കോടി രൂപ പി. ഡി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നത് ക്ലോസ് ചെയ്യുന്നതിനുള്ള ഉത്തരവ് ഒരിട്ട് കളക്ടറേറ്റിലേക്ക് ടെലിപ്രിന്റർ മെസ്സേജ് മുഖേന ഇന്നലെ എല്ലാ സെക്രട്ടറിമാർക്കും കൊടുത്തു. ഇതിന്റെ ഫലമായി കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളുടേയും വികസനം തടസ്സപ്പെട്ടില്ലേ? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇതിന് മറുപടി പറയണം. ഞാൻ ജി. ഒ. കാട്ട് ചെയ്താണ് പറയുന്നത്. ജി. ഒ. (പി) നമ്പർ 381/2003/ ഫിനാൻസ്, ഡേറ്റഡ് 9-7-2003 ശ്രീമതി സുധാ പിള്ള ഒപ്പിട്ട് അയച്ചിരിക്കുകയാണ്. പഞ്ചായത്തുകൾ മുഴുവൻ സ്തംഭിച്ചില്ലേ? എൽ. ഡി. എഫോ, യു. ഡി. എഫോ പറയട്ടെ ഏതെങ്കിലും ഒരു പഞ്ചായത്തിൽ വികസന പ്രവർത്തനം നടക്കാൻ സാധ്യതയുണ്ടോ എന്ന്. ഡോ. എ. നീലലോഹിതദാസൻ നാടാർ ഇവിടെ ഒരു ചെക്ക് മേശപ്പുറത്ത് വെച്ചു. ഞാൻ 185 ചെക്കുകൾ കഴിഞ്ഞ പ്രാവശ്യം ഇവിടെ കൊണ്ടുവന്ന് കാണിച്ചു. ഈ സഭ കഴിഞ്ഞ പ്രാവശ്യം പനി, പകർച്ചവ്യാധി തുടങ്ങിയ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്തതല്ലേ? പഞ്ചായത്തുകളുടെ കീഴിൽ അല്ലേ, ജില്ലാ ആശുപത്രി ജില്ലാ പഞ്ചായത്തിന്റെ കീഴിലല്ലേ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പി. എച്ച്. സി. ബ്ലോക്കിന്റെ കീഴിലല്ലേ; അവരുടെ ചെലവുകൾക്കുള്ള പണം അല്ലേ നിങ്ങൾ ഇപ്പോൾ തടഞ്ഞുവച്ചിരിക്കുന്നത്? ഈ അക്കൗണ്ട് ക്ലോസ്, ഈ പണം പിൻവലിച്ചതിന്റെ ഫലമായി ഏത് ശുചീകരണ പ്രവർത്തനം പഞ്ചായത്തുകളിൽ നടക്കും? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രമേയം അവതരിപ്പിക്കുന്നു ഇവിടെ ചർച്ച ചെയ്യുന്നു. മുഖ്യമന്ത്രി പ്രസംഗിക്കുന്നു. ഏകകണ്ഠമായി സഭ പ്രമേയം പാസ്സാക്കുന്നു. ഇതൊക്കെയല്ലേ ജനങ്ങൾ വായിക്കുന്നത്? ഇതനുസരിച്ച് പ്രവർത്തിക്കേണ്ട സമിതികളെ നിങ്ങൾ കൈവിലങ്ങിടുന്നു. ഏത് പഞ്ചായത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്ത് പ്രതിരോധപ്രവർത്തനം നടക്കും; ഏത് ആശുപത്രികളിൽ നടക്കും? നമ്മൾ പ്രസംഗിക്കുകയും ഇവിടെ വന്ന് ഒരു പ്രഖ്യാപനം നടത്തുകയും ചെയ്താൽ മതിയോ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ സംസാരിക്കുമ്പോൾ ഇതിന് വ്യക്തമായി മറുപടി പറയണം.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഞാൻ കഴിഞ്ഞ ദിവസം ഇവിടെ ഉന്നയിച്ചതാണ്. ഈ ഗവൺമെന്റ് ഹണ്ട് വകമാറ്റി ചെലവഴിക്കുന്നു. ജവാൻമാരുടെ വിധവകൾക്ക് കൊടുക്കേണ്ടുന്ന കാർഗിൽ ഹണ്ട് എൽ. ഡി. എഫ്. ഗവൺമെന്റ് വകമാറ്റി ചെലവഴിച്ചു എന്ന് പറഞ്ഞ് ശ്രീ. ആര്യാടൻ മുഹമ്മദ് എത്ര പ്രാവശ്യം ഇവിടെ തലകുത്തി ആക്രമിച്ചതാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഗുജറാത്ത് ഹണ്ടിനെപ്പറ്റി കണക്ക് സഹിതം വളരെ വ്യക്തമായി ഇവിടെ ഉന്നയിച്ചതാണ്. മറുപടി പറഞ്ഞില്ല. ശ്രീ. ബിനോയ് വിശ്വത്തിന്റെ ചോദ്യത്തിന് ഗവൺമെന്റ് മറുപടി തന്നത് ഞങ്ങളുടെ കയ്യിലുണ്ട്. അത് വ്യക്തമായിട്ടുള്ള മറുപടിയല്ല. നിങ്ങൾ ഇവിടെ പറയണം. ഗുജറാത്തിലെ ഭൂകമ്പത്തിൽ ദുരിതമനുഭവിക്കുന്ന പാവപ്പെട്ട ജനങ്ങളെ സഹായിക്കാൻ 12,52,47,085 രൂപ നായനാർ സർക്കാർ കേരളത്തിൽ നിന്ന് പിരിച്ചെടുത്തതാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് മാറി ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് വന്നാലും ഗുജറാത്തിലെ ഭൂകമ്പദുരിതരെ സഹായിക്കേണ്ടേ? നിങ്ങൾ ചില്ലിക്കാശ് കൊടുത്തോ? മൂന്നുകോടി രൂപ കൊടുത്തത് ശ്രീ. നരേന്ദ്രമോഡി വേറെ വകുപ്പിൽപ്പെടുത്തി പോയില്ലേ? എന്തെങ്കിലും ഒരു പ്രവൃത്തി നിങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞോ? മലയാളമനോരമയും അതുപോലെ പല പത്രങ്ങളും സാമൂഹ്യസംഘടനകളും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി. കേരള ഗവൺമെന്റും ജീവനക്കാരും വിദ്യാർത്ഥികളും തൊഴിലാളികളും പാവപ്പെട്ടവരും നിയമസഭാംഗങ്ങളും ഉൾപ്പെടെ കൊടുത്ത, നായനാർ സർക്കാർ സമാഹരിച്ച 12,52,47,085 രൂപ എവിടെപ്പോയി? ഈ

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഗവൺമെന്റ് കൊടുത്ത രൂപ ശ്രീ. നരേന്ദ്രമോഡി എന്തു ചെയ്തു എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയണം. ബാക്കി സംഖ്യ നിങ്ങൾ പി. ഡി. അക്കൗണ്ടിലിട്ടു. ആ അക്കൗണ്ട് ക്ലോസ് ചെയ്തു. ആ പണം എവിടെ? ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി സുധാപിള്ള അതിൽ നിന്ന് 17 ലക്ഷം രൂപ പിൻവലിച്ചു. ഞാൻ അതൊക്കെ ഈ സഭയിൽ രേഖകൾ വച്ച് പറഞ്ഞതല്ലേ? ഏത് രേഖയും കാണിക്കാൻ ഞാൻ തയ്യാറാണ്. അതിനൊന്നും മറുപടി പറയാതെ, ഇത് ഗുജറാത്ത് ഹണ്ടിന്റെ കാര്യമല്ലേ എന്നു പറഞ്ഞ് ഒഴിഞ്ഞു മാറുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇന്നലെ കൊല്ലത്തുണ്ടായ സംഭവത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. കൊല്ലത്ത് സി. പി. ഐ.-യുടെ ജില്ലാ കമ്മിറ്റി ആഫീസ്, മഹാനായ സഖാവ് എം. എൻ.-ന്റെ പേരിലുള്ള (ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിഷേധിച്ചതുകൊണ്ട് കാര്യമുണ്ടോ), ആഫീസിൽ കയറി കൊല്ലം ജില്ലയിലുള്ള എം. എൽ. എ.-യും കേരളത്തിലെ യുവജനപ്രസ്ഥാനത്തിന്റെ .....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: Please..... Please..... you are taken five minutes more than your time. I will not permit you even a second. Nothing will go in record. Not even a single word will go in record. You have taken more than five minutes. I will not permit you even a second..... No..... No..... Let him sit.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഒന്നുകൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ ഫിനാൻസ് ബില്ലിനെക്കുറിച്ച് പറയുമ്പോൾ മറുഭാഗത്ത് നിന്ന് പറയേണ്ടുന്ന കാര്യം ആദ്യം പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുകയാണ്. ഒരു ബില്ലിന് മെമ്മോറാണ്ടം ആന്റ് റീസൺസ് പ്രധാനമായി പറയുന്നത് ആ ബില്ലിന്റെ പർപ്പസ് എന്താണെന്ന് അറിയിക്കാൻ വേണ്ടിയാണ്. അതു മുതൽ എല്ലാ ബില്ലിലും അംഗീകരിച്ചിട്ടുള്ള സമ്പ്രദായമാണ് മെമ്മോറാണ്ടം ആന്റ് റീസൺസ്. സർ, ഈ ബില്ലിൽ വളരെ അപകടമുള്ള സ്ഥിതിയാണ്. The Bill seeks to amend the following enactments to give effect to certain financial proposals of the Government of Kerala for the financial year 2003-2004, namely:- അത്രയേയുള്ളൂ. എന്നിട്ട് ആ ആക്ടിന്റെ പേരു കൊടുക്കുന്നു. ഇത് വീണ്ടും ആവർത്തിക്കാതിരിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഞങ്ങളൊക്കെ ഒരു ബില്ല് പഠിക്കുന്നത് ആദ്യം മെമ്മോറാണ്ടം ആന്റ് റീസൺസ് വായിച്ചാണ്. അതിനുശേഷമാണ് ക്ലോസിലേക്കു കടക്കുന്നത്. ഇതിന് കടകവിരുദ്ധമായിട്ടാണ് ബില്ല് അവതരിപ്പിച്ചിരിക്കുന്നത്. ഞാൻ അങ്ങയോട് അപേക്ഷിക്കുകയാണ്. അങ്ങ് ശക്തർ ആന്റ് കൗശ് തേർഡ് സെക്ഷന്റെ 4(a) നോക്കണം. പർപ്പസ് പറയണം എന്ന് വളരെ വ്യക്തമായി അതിൽ പറയുന്നുണ്ട്. ഇവിടെ കൊണ്ടുവന്നിട്ടുള്ള ബില്ലിന്റെ പർപ്പസ് എന്താണെന്ന് പറയണം. ബഹുമാനപ്പെട്ട മന്ത്രി അല്ലല്ലോ ബില്ലുണ്ടാക്കുന്നത്? അങ്ങും മന്ത്രിയായിരുന്നതാണല്ലോ ഞാനും മന്ത്രിയായതാണല്ലോ, മന്ത്രിമാരല്ലല്ലോ ബില്ലുണ്ടാക്കുന്നത്? ഇനി അവതരിപ്പിക്കുന്ന ബില്ലുകളിലെങ്കിലും ഇത് ഉണ്ടാകണമെന്ന് ഞാൻ ആമുഖമായി പറയുകയാണ്.

ഈ ബില്ലിൽ പറയുന്ന കാര്യങ്ങളിൽ ഒന്ന്, ടേൺ ഓവർ ടാക്സ് എക്സൈസ് ഡ്യൂട്ടിയിൽ ഉൾപ്പെടുത്തി ടാക്സ് കളക്ട് ചെയ്യുന്ന സമ്പ്രദായമായിരുന്നു നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നത്. എന്നാൽ ഹൈക്കോടതി ഇത് റദ്ദാക്കിയത് പുനഃസ്ഥാപിക്കാനും നമുക്ക് ആനികുതി ലഭ്യമാക്കാനും വേണ്ടിയുള്ളതാണ് ഇതിൽ ഒരു അമെന്റുമെന്റ്. അത് മെമ്മോറാണ്ടം ആന്റ് റീസൺസിൽ പറയേണ്ടതായിരുന്നു. അതിന് വലിയ എതിർപ്പൊന്നും മറുഭാഗത്ത് കണ്ടില്ല. 'വാറ്റ്' ഏപ്രിൽ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുമെന്നുള്ള ധാരണയിൽമാത്രം എൻട്രി ടാക്സിൽ ചില മാറ്റങ്ങൾ വരുത്തി ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയത് കറക്ട് ചെയ്യാനും എൻട്രി ടാക്സ് ഇല്ലാതെയാക്കുന്നതുകൊണ്ട് ചില ഭേദഗതികൾ വേണ്ടിവന്നതുമാണ്. ഇതിൽ വന്നിരിക്കുന്ന മറ്റൊരു ഭേദഗതി. ഇറക്കുമതി ചെയ്യുന്ന വസ്തുക്കൾക്ക് 'വാറ്റ്' ബാധകമായിരിക്കുമെന്നുള്ളത് ഒഴിവാക്കാൻ ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തു. എന്നാൽ വാറ്റ് നിലവിലില്ലാത്തതിനാൽ പഴയ രീതി തുടരാൻ വേണ്ടിയാണ് ഇതിൽ മറ്റൊരു അമെന്റുമെന്റ്. ഇതിനെല്ലാം വേണ്ടി ഡെഫിനിഷൻ ക്ലോസ് അടക്കം ചില ഭേദഗതികൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രേഖപ്പെടുത്തി. കോടതി ഉത്തരവിന്റെ ഫലമായി എൻട്രി-ടാക്സ് കെ. ജി. എസ്. ടി.-യിൽ മന്നാം പട്ടികയിൽ പറഞ്ഞ നിരക്കിൽ കൂടാതെ പിരിക്കാൻ വേണ്ടിയുള്ള ദേഭഗതിക്ക് ഒബ്ജക്ഷനൊന്നും മറുഭാഗത്തുനിന്നുണ്ടായില്ല. അതുകൊണ്ട് ഞാൻ ആ കാര്യത്തെ കുറിച്ചൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ഇത് ഏകകണ്ഠേന പാസ്സാക്കാവുന്ന ഒരു ബില്ലാണെന്നാണ് എന്റെ പക്ഷം.

ഇവിടെ ഒരു കാര്യം നാം മനസ്സിലാക്കേണ്ടത് വരുമാനം വർദ്ധിപ്പിക്കാതെ ഈ സംസ്ഥാനത്തിന് മുന്നോട്ട് പോകാൻ ഒക്കുകയില്ല. ഞാൻ എല്ലാ പ്രസംഗങ്ങളിലും പറയുന്നതാണ് ആവർത്തിക്കുന്നില്ല. എന്നാലും ഒരു യാഥാർത്ഥ്യമായതുകൊണ്ട് പറയാതിരിക്കാൻ നിർവ്വാഹമില്ല. എൽ. ഡി. എഫിന്റെ അഞ്ച് കൊല്ലത്തെ ഭരണത്തിൽ ഈ സംസ്ഥാനം സാമ്പത്തികമായി തകർന്നുയെന്നുള്ള കാര്യം എല്ലാവർക്കുമറിയാം. എന്റെ സ്നേഹിതൻമാർ ഇവിടെ അതിന്റെ കണക്കിനെക്കുറിച്ചൊക്കെ സംസാരിച്ചു. ഒരു സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി നന്നാകണമെന്നുണ്ടെങ്കിൽ ടാക്സ് കളക്ഷനും, നോൺടാക്സ് കളക്ഷനും വർദ്ധിപ്പിക്കാൻ സാധിക്കണം. റവന്യൂ സർപ്പിട്ടും കൂടുതൽ ഉണ്ടാക്കുവാൻ സാധിക്കണം. അതേ അവസരത്തിൽത്തന്നെ നോൺപ്ലാൻ എക്സ്പെൻഡിച്ചർ കുറച്ചുകൊണ്ടു വരുവാനും സാധിക്കണം. നോൺപ്ലാൻ എക്സ്പെൻഡിച്ചർ കുറച്ചുകൊണ്ടു വരുകയും പ്ലാൻ എക്സ്പെൻഡിച്ചറും കാപിറ്റൽ എക്സ്പെൻഡിച്ചറും വർദ്ധിക്കുകയും ചെയ്താൽ അത് സംസ്ഥാനത്തിന് പ്രയോജനം ചെയ്യും. പക്ഷെ എൽ. ഡി. എഫിന്റെ കാലഘട്ടത്തിൽ റവന്യൂ കളക്ഷൻ മോശമാവുകയും അതേ അവസരത്തിൽത്തന്നെ റവന്യൂ എക്സ്പെൻഡിച്ചറും നോൺപ്ലാൻ എക്സ്പെൻഡിച്ചറും വളരെയധികം വർദ്ധിക്കുകയും ചെയ്തതാണ്. എന്നാൽ, ശ്രീ. ശങ്കരനാരായണൻ ധനകാര്യവകുപ്പുമന്ത്രി ആയതിനുശേഷം അതിനൊരു മാറ്റം ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട് എന്നുള്ള കാര്യം ആർക്കും സമ്മതിക്കാതിരിക്കുവാൻ കഴിയുകയില്ല. 2002-ലെ സി. ആന്റ് എ. ജി. റിപ്പോർട്ട് പരിശോധിച്ചാൽ 9,056 കോടി രൂപയുടെ റിക്കാർഡ് റവന്യൂ കളക്ഷനാണ് ഇവിടെയുണ്ടായിട്ടുള്ളത്. ഇത്രയും വലിയ റവന്യൂ കളക്ഷൻ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല. റവന്യൂ കളക്ഷൻ കൂട്ടുവാൻ സാധിച്ചു എന്നുമാത്രമല്ല, റവന്യൂ ചെലവ് കുറച്ചുകൊണ്ടു വരാനും ഈ സർക്കാരിന് സാധിച്ചു. 2000-2001-ൽ 11,878 കോടി രൂപയായിരുന്നു ഈ സംസ്ഥാനത്തിന്റെ റവന്യൂ ചെലവ്. അത് 2001-2002 ആയപ്പോൾ 11,662 കോടി രൂപയായി ചുരുക്കാൻ സാധിച്ചു. കഴിഞ്ഞ ആറുകൊല്ലകാലത്തെ റവന്യൂ എക്സ്പെൻഡിച്ചർ എടുത്തു നോക്കുകയാണെങ്കിൽ ഓരോ വർഷവും കൂടിയത് അല്ലാതെ കുറഞ്ഞ ഒരു വർഷം ഉണ്ടായിട്ടില്ല. സി. ആന്റ് എ. ജി. റിപ്പോർട്ട് അനുസരിച്ച് കുറഞ്ഞ വർഷമെന്നു പറയുന്നത് 2001-2002 ആണ്. അത് നമ്മുടെ ഫിനാൻസ് മാനേജ്മെന്റിന്റെ ഗുണം തന്നെ. ആർക്കും അത് സമ്മതിക്കാതിരിക്കുവാൻ കഴിയുകയില്ല. അതുപോലെതന്നെ സി. ആന്റ് എ. ജി.-യുടെ സിവിൽ റിപ്പോർട്ടെടുത്താൽ നമുക്ക് ഈ കാര്യം കാണാം അത് എന്റെകയ്യിലുണ്ട്, സമയക്കുറവുകൊണ്ട് ഞാൻ അത് കാട്ട് ചെയ്യുന്നില്ല. അതുപോലെതന്നെ Non availability of the borrowed fund 2000-2001-ൽ ആകെ നമ്മുടെ റസീപ്റ്റ് എന്നു പറയുന്നത് സി. ആന്റ് എ. ജി.-യുടെ സിവിൽ റിപ്പോർട്ടനുസരിച്ച് 8,239 കോടി രൂപയാണ്. ഇതിൽ റീ-പേയ്മെന്റ് നടപടികൾ 17,452 കോടി രൂപയാണ്. അതേ അവസരത്തിൽ 2001-2002-ൽ റസീപ്റ്റ്

എന്നു പറഞ്ഞാൽ, കടം വാങ്ങിച്ച ബാദ്ധ്യതകൾ കുറച്ച് 18,899 കോടി രൂപയാണ്. അതിൽ റീ-പേയ്മെന്റ് നടത്തിയത് 18,088 കോടി രൂപ. കടം വാങ്ങിക്കുന്നത് കുറച്ച് റീ-പേയ്മെന്റ് കൂടുതലാക്കി. അതാണ് ഈ ഗവൺമെന്റ് ചെയ്തത്. അത് വാസ്തവത്തിൽ ഒരു നല്ല മാനേജ്മെന്റിന്റെ ലക്ഷണമാണ്. അതുപോലെതന്നെ ഈ സർക്കാരിന്റെ നെറ്റ് റസീപ്റ്റ് നോക്കുകയാണെങ്കിൽ കടം വാങ്ങിച്ചത് 2001-ൽ 1787 കോടി രൂപ ഉണ്ടായിരുന്നത് 2001-2002-ൽ അത് 813 കോടി രൂപയാക്കി കുറയ്ക്കുവാൻ സാധിച്ചു. അതിനെയാണ് ഫിനാൻസ് മാനേജ്മെന്റ് എന്നു പറയുന്നത്. നിങ്ങളുടെ കാലത്ത് ഓരോ വർഷവും ഇത് കൂടിക്കൂടി വന്നുവെന്ന് കാണാം. ഇതിന്റെ അർത്ഥമെന്താണ്? കടം വാങ്ങുന്നത് കുറയുന്നു എന്നുള്ളതാണ്. Internal debt loans and advances and other liabilitics എടുത്തു നോക്കുകയാണെങ്കിൽ ഇതും ഇവിടെ കുറഞ്ഞു വന്നുവെന്ന് നമുക്ക് കാണാം. അതുപോലെ തന്നെ ബി. സി. ആർ.-ന്റെ പൊസിഷൻ എടുത്തു നോക്കൂ. Balance from Current Revenue ആ പണമാണ് നാം പ്ലാനിനുവേണ്ടി വിനിയോഗിക്കുന്നത്. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് 1998-99, 1999-2000, 2000-01 കാലത്ത് ഒരു പൈസ എങ്കിലും സ്റ്റേറ്റിന്റെ ഷെയറായി നമുക്ക് ഈ പറയുന്ന പ്ലാനിനുവേണ്ടി മാറ്റിവയ്ക്കാൻ സാധിച്ചിട്ടില്ല. BCR (Balance From Current Revenue) ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല, എല്ലാവർക്കും അറിയാം. നമ്മുടെ Revenue receipt minus Non Plan Expenditure minus Plan Grant Assistance അതാണ് ബി. സി. ആർ. എന്നു പറയുന്നത്. ബി. സി. ആർ. ആണ് നമ്മുടെ പ്ലാനിനുവേണ്ടി കോൺട്രിബ്യൂഷനായി വയ്ക്കുന്നത്. 1995-96-ൽ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് 142 കോടി രൂപ പ്ലസ് ആണ് ഈ പറയുന്ന ബി. സി. ആർ. അതിനുശേഷമുള്ള സ്ഥിതി എന്താണ്? 2000-2001-ൽ 1704 കോടി രൂപ മൈനസ്. എവിടെയാണ് പ്ലാനിന്റെ ഔട്ട്ലേ കൂട്ടാൻ സാധിക്കുന്നത്? സർക്കാരിന്റെ ഒരു കോൺട്രിബ്യൂഷനുമില്ല. മുഴുവൻ സംഖ്യയും കടം. അതല്ലേ സ്ഥിതി? ഞാൻ പറഞ്ഞു വരുന്നത് 2001-2002 ആയപ്പോൾ ശ്രീ. ശങ്കരനാരായണന്റെ മാനേജ്മെന്റിന്റെ ഫലമായി BCR 56.90 കോടി രൂപയാക്കി ചുരുക്കാൻ സാധിച്ചു. 2003-2004-ലെ ആനുവൽ പ്ലാനെടുത്തു നോക്കിയാൽ ആനുവൽ പ്ലാനിൽ സാധാരണ മൂന്നാമത്തെ പേജിൽ റിസോഴ്സ് കൊടുത്തു, ബ്രേക്ക്-അപ് കൊടുത്തു. ആ ബ്രേക്ക്-അപ്പിൽ ബി. സി. ആർ. കാണിക്കുന്നു. ആ ബി. സി. ആർ. ആണ് സർക്കാരിന്റെ മുതൽ മുടക്ക്. അത് 1704 കോടി രൂപയുള്ളത് ശ്രീ. ശങ്കരനാരായണന്റെ മാനേജ്മെന്റിന്റെ ഫലമായി 56.90 കോടി രൂപയാക്കി ചുരുക്കിക്കൊണ്ട് വരാൻ സാധിച്ചു എന്നു പറഞ്ഞാൽ അത് ഫിനാൻസ് മാനേജ്മെന്റാണ് കാണിക്കുന്നത്. യാതൊരു സംശയവും വേണ്ട. 2004, 2005-ലെ ആനുവൽ പ്ലാൻ വരുമ്പോൾ സ്റ്റേറ്റിന്റെ കോൺട്രിബ്യൂഷൻ ഉണ്ടാക്കുവാൻ സാധിക്കും. ബി. സി. ആർ. പ്ലസ് ആയിരിക്കും കാണിക്കുന്നത് എന്നുള്ള കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ കാര്യങ്ങളിലും നമ്മൾ വളരെയധികം അപകടത്തിലേക്ക് നീങ്ങുകയാണ്. ഞാൻ എന്റെ പ്രസംഗം നീട്ടിക്കൊണ്ട് പോകുന്നില്ല. Borrowings and other Liability നോക്കുകയാണെങ്കിൽ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ ഏറ്റവും നല്ല വർഷമായിരുന്ന 2000-2001-ൽ അതായത് അവരുടെ ഭരണത്തിന്റെ അവസാനത്തെ വർഷത്തിൽപ്പോലും 3997 കോടി രൂപ കടം വാങ്ങി എന്നുള്ള കാര്യം മനസ്സിലാക്കണം. ശ്രീ. ശങ്കരനാരായണൻ 2001-2002-ൽ അത് 3432 കോടി രൂപയാക്കി കുറച്ചു. 2002-2003-ലേയ്ക്ക് വന്നപ്പോൾ അത് 3003 കോടി രൂപയായി ചുരുങ്ങി. സംസ്ഥാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കട ബാദ്ധ്യത മൂവായിരത്തി തൊള്ളായിരത്തി ചില്വാനം രൂപയാണ് എൽ. ഡി. എഫ്. ഗവൺമെന്റ് 2001-ൽ വരുത്തിയത്. ശ്രീ. ശങ്കരനാരായണൻ പടിപടിയായി കുറച്ച് അത് മൂവായിരം കോടി രൂപയാക്കി ചുരുക്കി എന്നുള്ള വസ്തുത നിങ്ങൾ കാണണം. ഞാൻ അതിലേയ്ക്കൊന്നും കൂടുതൽ പോകുന്നില്ല. ഈ ഭരണത്തിൽ കടബാധ്യത കുറയുന്നു എന്നുള്ളതാണ് സത്യം. പ്ലാൻ എക്സ്പെന്റീച്ചർ കൂടുന്നു; നോൺപ്ലാൻ എക്സ്പെന്റീച്ചർ കുറയുന്നു. അത് നല്ല ഒരു സാമ്പത്തിക ലക്ഷണമല്ലേ? അതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. അതാണ് ഗവൺമെന്റിന്റെ ഈ പ്രവർത്തനത്തിൽ കാണാൻ സാധിക്കുന്നത്. പ്ലാൻ എക്സ്പെന്റീച്ചർ ₹ 3901.92 crores ആയിരുന്നു. Central Sector Scheme അടക്കം ബഡ്ജറ്റ് പ്രൊവിഷൻ ഇപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് വന്നത് 4102 കോടി രൂപയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റാണ് ഞാൻ പറയുന്നത്. ഏകദേശം ഇതായിരിക്കുമല്ലോ കറക്ട്. അതിൽ ചില്ലറ വ്യത്യാസങ്ങൾ വരും. പ്ലാൻ എക്സ്പെൻഡീച്ചർ കൂടുന്നു. നോൺ പ്ലാൻ എക്സ്പെന്റീച്ചർ കുറയുന്നു. വരുമാനം കൂടുന്നു. ലോകത്തിൽ നടക്കുന്ന മാറ്റങ്ങൾ നമ്മൾ കാണണം. ഇവിടെ മുതൽമുടക്ക് ഉണ്ടാകണം. അതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉണ്ടാകണം. അപ്പോഴേ നികുതി വരുമാനം കൂട്ടാൻ സാധിക്കൂ. അപ്പോഴേ രാജ്യത്ത് ഡെവലപ്പ്മെന്റ് ഉണ്ടാക്കാൻ സാധിക്കൂ. ചൈനയെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. ബഷീർ ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. ചൈനയിൽ നടക്കുന്ന ഒരു കാര്യം മാത്രം ഞാൻ പറയട്ടെ. ചൈന വലിയ മാറ്റമാണുണ്ടാക്കിയത്. നമുക്ക് അംഗീകരിക്കത്തക്ക രൂപത്തിലുള്ള മാറ്റമാണ്. അവിടെ പ്രോപ്പർട്ടി റൈറ്റ് അനുവദിച്ചു. ഞാൻ കാട്ട് ചെയ്യുന്നു. 'News from China' ജനുവരി 1-ാം തീയതിയിലെ ലക്കം ജനുവരി 1-ലെ ചൈനീസ് ഗവൺമെന്റിന്റെ പ്രസിദ്ധീകരണത്തിൽ പറയുന്നത് എന്താണെന്നറിയാമോ? China is working on the draft of law on the protection of private property which proposes that the State protect personal deposit investment and profit generated from such investment. The role of property right was abolished in China during the planned economy and productive forces and people's creativeness used to be supressed during this time. The ultimate goal of the Legislation is to protect and consolidate the material interest of the workers and enterprises and thus arise the enthusiasm of people create a good care of and accumulate wealth of people for the rapid development of Chinese economy. The property rights are an important part of human right and the law of property will serve to advance China's human right causes. ചൈനയിൽ പ്രോപ്പർട്ടി റൈറ്റ് അനുവദിച്ചിരിക്കുകയാണ്. ഞാൻ രണ്ടാമത്തെ കാര്യം കൂടി പറയട്ടെ. ചൈനയിൽ മാവോ-സേ-തുങ്ങിന്റെ സോഷ്യലിസമൊക്കെ പോയി. അവിടെ സിവിൽ റൈറ്റായ പ്രോപ്പർട്ടി റൈറ്റ് കൊടുത്തിരിക്കുകയാണ്. ഞാൻ അതിലേക്കൊന്നും അധികം കടക്കുന്നില്ല. പക്ഷെ ഒരു കാര്യം കൂടി Chinese law-makers and legal experts at Beijing expressed that the goal..... protection for the right to women's dignity and private property will be put forward in China's human right protection. For the first time the draft make it clear that the private property, public property and state owned property enjoy equal protection.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ചൈനയിൽ ചെയ്യുന്നതുപോലെ സ്വകാര്യവത്കരണവും ആഗോളവത്കരണവും നമുക്ക് വേണ്ട. Within the limit നമ്മൾ കുറെ കാര്യങ്ങൾ ചെയ്തില്ലെങ്കിൽ ഈ സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റ് ഉണ്ടാകില്ല. ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കാൻ വേണ്ടിയുള്ള ഒരു നയം വേണം. ആ നയത്തിന് അവരുടെ ഭാഗത്ത് നിന്നുള്ള സഹകരണം കൂടി ഉണ്ടാകണം. ആ സഹകരണം ഉണ്ടായില്ലെങ്കിൽ ഈ സംസ്ഥാനം നശിക്കും. അയൽ സംസ്ഥാനങ്ങളിൽ ഇൻവെസ്റ്റ്മെന്റ് വരുന്നു. ഈ സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റ് ഇല്ല. ഈ സംസ്ഥാനം കടബാദ്ധ്യതയിലാണ്. റവന്യൂ കമ്മി കൂടുതൽ, ധനകമ്മി കൂടുതൽ, പ്രൈമറി ഡെഫിസിറ്റ് കൂടുതൽ. ഇങ്ങനെയുള്ള സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാതിരുന്നാൽ സംസ്ഥാനം നശിക്കും. എനിക്ക് ഒന്നേ പറയാനുള്ളൂ. ഞങ്ങൾ ഇന്ന് ഭരിക്കുന്നു. എല്ലാ കാലത്തും ഞങ്ങൾ ഭരിക്കുമെന്ന് പറയുന്നില്ല. ഏതെങ്കിലും ഒരു കാലത്ത് ഒരുപക്ഷേ നിങ്ങൾ വന്നേക്കാം. ആ സന്ദർഭത്തിലും ഈ സംസ്ഥാനം നിലനിൽക്കണമെങ്കിൽ ഇതിന് അനുകൂലമായ ഒരു ട്രെൻഡുണ്ടാകണം. ഇതിനെ കുറയ്ക്കാനുള്ള ഏർപ്പാടുകൾ ചെയ്യുകയല്ല എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ധനകാര്യ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ചർച്ച തുടങ്ങുന്ന സന്ദർഭത്തിൽ ഈ ബില്ലിലെ objects and reasons-നെ സംബന്ധിച്ച് ചൂണ്ടിക്കാട്ടുകയുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തുന്നതിനുപകരം ഉദ്യോഗസ്ഥൻമാരുടെ തലയിൽ വിരൽചൂണ്ടിയാണ് ഇക്കാര്യം പറഞ്ഞിട്ടുള്ളത് എന്നത് സഭയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ധനകാര്യ വകുപ്പുമന്ത്രിയോട്തന്നെ ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് അത് ഉൾപ്പെടുത്താൻ കഴിയുമായിരുന്നു. അതിന് പകരം പരോക്ഷമായി ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തുന്ന ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ എന്തായാലും ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ചൈനയിലേക്ക് തന്നെ കടന്നുവന്നതിൽ വലിയ സന്തോഷമുണ്ട്. കാരണം 45 വർഷക്കാലം ഈ രാജ്യം ഭരിച്ച് ഇൻഡ്യയെക്കുറിച്ച് രണ്ടു വാക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയാത്തവർക്ക് ചൈനയെ ചൂണ്ടിക്കാണിച്ച് അതിന്റെ നേട്ടങ്ങൾ പറയുക മാത്രമേ ഗതിയുള്ളുവെന്നാണ് എനിക്ക് ഇത് സംബന്ധിച്ച് പറയാനുള്ളത്.

ഈ ധനകാര്യബില്ലിനെ എതിർത്തുകൊണ്ട് എനിക്ക് പറയാനുള്ളത് അങ്ങേയറ്റം മോശമായ രീതിയിലുള്ള ഒരു അവതരണമാണ് ഇപ്പോൾ ഇതു സംബന്ധിച്ച് ഉണ്ടായിട്ടുള്ളത്. കാരണം മാർച്ചിൽ അവതരിപ്പിച്ച ബഡ്ജറ്റും ഈ ബില്ലും തമ്മിൽ കടലും കടലാടിയും പോലുള്ള സാമ്യം മാത്രമേയുള്ളൂ. തികച്ചും വ്യത്യസ്തമായിട്ടുള്ള ഒരു ബിൽ എന്ന നിലയിൽ ഇത് പാസ്സാക്കിത്തരാൻ യാതൊരു നിവൃത്തിയുമില്ല. ഈ ബിൽ പിൻവലിക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് കുറെ കണക്കുകളും സംഖ്യകളുമൊക്കെ വച്ച് ഒരു പുകമറ സൃഷ്ടിച്ചുകൊണ്ട് ചില കാര്യങ്ങൾ ഈ ധനകാര്യ ബില്ലിനുശേഷം നടത്താൻ പോകുന്നു എന്ന മട്ടിലാണ് സംസാരിച്ചത്. യാഥാർത്ഥ്യം എന്താണ്? 519.88 കോടി രൂപയുടെ വർഷാന്ത്യ കമ്മി ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. പക്ഷേ VAT നടപ്പാക്കിയില്ല. VAT നടപ്പാക്കിയാലുണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടം 500 കോടി രൂപ ഉൾപ്പെടുത്തിയാണ് ആ കമ്മിയെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളത്. യഥാർത്ഥ കമ്മി VAT നടപ്പിലാക്കാത്ത സാഹചര്യത്തിൽ 19.88 കോടി രൂപ മാത്രമേ വരുന്നുള്ളൂ. വേറൊരു രണ്ടുമാസം കൂടി ഈ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാത്ത ഒരു വരുമാനമാണ്. അത് എ. എസ്. ടി. യിലൂടെയാണ്. 350 കോടി രൂപയുടെ വരുമാനം ഈ ഗവൺമെന്റിന് അതിലൂടെ ലഭിച്ചിട്ടുണ്ട്. വീണ്ടും ഗവൺമെന്റിലേക്ക് 650 കോടി രൂപ വരാൻ പോവുകയാണ്. ഇന്നലെ രമേശ് രണ്ടാമത് ചാർജ്ജ് റിപ്പോർട്ട് ചെയ്തപ്രകാരം ശ്രീ. രാജേന്ദ്രൻ പറഞ്ഞത് എണ്ണൂറോളം കോടി രൂപ വരുമെന്നാണ്. എന്തായാലും ഈ കോടി രൂപ ഗവൺമെന്റിന് വീണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തിരിച്ചെടുക്കുകവഴി കൈവരികയാണ്. ഏകദേശം 1000 കോടി രൂപയുടെ അധിക വരുമാനം ഈ ഗവൺമെന്റിന് വന്ന സാഹചര്യത്തിൽ ഇതൊരു മിച്ച ബഡ്ജറ്റായി മാറുകയാണ്. അപ്പോൾ കമ്മി ബഡ്ജറ്റായി അവതരിപ്പിക്കുകയും ബിൽ അവതരിപ്പിക്കുന്ന സാഹചര്യത്തിൽ മിച്ച ബഡ്ജറ്റായി മാറുകയും ചെയ്യുന്ന സന്ദർഭത്തിൽ ഈ ബില്ലിനെ ഒരു തരത്തിലും അംഗീകരിക്കാൻ സാധ്യമല്ലെന്നു മാത്രമല്ല, ബിൽ പിൻവലിച്ച് പുതിയ ബഡ്ജറ്റ് അവതരിപ്പിക്കുകയാണ് വേണ്ടത് എന്നാണ് ആദ്യമായി അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന് ചെലവാക്കിയ പണം തിരിച്ചു പിടിക്കുന്നതിനെ സംബന്ധിച്ച് ശ്രീ. രാജേന്ദ്രൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയൊരു തീരുമാനവും നടപടിയും ഒരു ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്ത പണമാണ് യാതൊരു നീതികരണവുമില്ലാതെ തിരിച്ചുപിടിക്കുന്നത്. തിരിച്ചു പിടിച്ച പണം അങ്ങോട്ടുതന്നെ കൊടുക്കണം. പഞ്ചായത്തുകൾക്ക് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. യു. ഡി. എഫ്. ഗവൺമെന്റിന്റെ പാപ്പരത്തമാണ് ഇത് കാണിക്കുന്നത്. കൊടുത്ത പണം തിരിച്ചെടുക്കുകയെന്നുള്ളത് അഭിമാനബോധമുള്ള ഒരു ഗവൺമെന്റിനും ചെയ്യാൻ പറ്റുന്ന ഒന്നല്ല. അതുപോലെതന്നെ അപ്പുറത്ത് നിന്ന് സംസാരിച്ചവർ ആരും ധനകാര്യബില്ലിനെ അടിസ്ഥാനപ്പെടുത്തി അതിൽ ഊന്നിക്കൊണ്ട് സംസാരിച്ചില്ല. പല മെമ്പർമാരും കഴിഞ്ഞ രണ്ടു വർഷം മുമ്പ് എൽ. ഡി. എഫ്. ന്റെ ഭരണത്തെ സംബന്ധിച്ചും അതിന്റെ കൊള്ളരുതായ്മയെ സംബന്ധിച്ചുമെല്ലാം ആവർത്തിച്ചാവർത്തിച്ച് പറയുകയാണ്. എനിക്ക് തമ്പുടെ നാട്ടിൽ പറയുന്ന ഒരു വാക്യമാണ് ഓർമ്മ വരുന്നത്. അവനവന്റെ ഒരുമ്പട്ടം മറച്ച് ആരാന്റെ അരമ്പത്തെക്കുറിച്ച് സംസാരിക്കുക. ഇപ്പോൾ ഈ ഗവൺമെന്റിന്റെ പിടിപ്പുകേടും കൊള്ളരുതായ്മയും കെടുകാര്യസ്ഥതയും സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങളെന്താണ്? നല്ല മൈനാൻസ് മാനേജ്മെന്റ് ആണത്രേ. പക്ഷെ അതിന് തൊട്ടടുത്ത് അദ്ദേഹം പറയുന്നത് ബഡ്ജറ്റ് കമ്മിയാണ്, കടബാദ്ധ്യതയുണ്ട്, കേന്ദ്രം നൽകുന്ന ധനം കൃത്യമായി ചെലവഴിക്കാൻ സാധിക്കുന്നില്ല, അധികഭാരം ജനങ്ങളിൽ ചുമത്തുന്നു, വകമാറ്റി ചെലവഴിക്കുന്നുവെന്ന്. കൂട്ടത്തിൽ ഒന്നുകൂടി പറയാമായിരുന്നു. ഒരു 50 കോടി രൂപയോളം കുറെ പാക്കിലും കുറെ ആൾക്കാരുടെ പേരിൽ അക്കൗണ്ടിലും നിക്ഷേപിച്ചതുകൂടെ ഈ മെച്ചപ്പെട്ട മൈനാൻസ് മാനേജ്മെന്റിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്താമായിരുന്നു. അത് അദ്ദേഹം അന്ന പറഞ്ഞിട്ടുള്ള കാര്യമാണ്. ഇതെല്ലാം പരിഹരിക്കണമെന്ന ഒരു അഭ്യർത്ഥനയും. അപ്പോൾ എന്താണ് യാഥാർത്ഥ്യം? വളരെ സീനിയർ

LIBRARY ARCHIVES Kerala Legislative Assembly

ആയിട്ടുള്ള മുൻ മന്ത്രികൂടിയായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഈ ധനകാര്യ ബില്ലിനെ സംബന്ധിച്ച് ഇത്തരത്തിലുള്ള ഒരു അഭിപ്രായപ്രകടനം നടത്തിയാൽ അതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത് കെടുകാര്യസഹതയും പിടിപ്പുകേടും കൊള്ളരുതായ്മയും അഴിമതിയും ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുണ്ട് എന്നാണ്. എന്നിട്ട് വീണ്ടും അദ്ദേഹം അഭ്യർത്ഥിക്കുകയാണ്. ഇംപ്ലിമെന്റേഷൻ രംഗത്ത് കുറച്ചുകൂടി ശ്രദ്ധിക്കണം എന്ന്. എവിടെ ഏത് ഇംപ്ലിമെന്റേഷനെക്കുറിച്ചാണ് പറയുന്നത്? ഈ രണ്ട് വർഷക്കാലം കൊണ്ട് കേരളത്തിൽ ഏത് മേഖലയിൽ എന്ത് ചെയ്തുവെന്നാണ് ഈ ഗവൺമെന്റ് അവകാശപ്പെടുന്നത്? ഒന്നും ചെയ്തിട്ടില്ല. ഒരു ക്ഷേമപ്രവർത്തനവും ഉണ്ടായിട്ടില്ല. ഒരു വികസന പ്രവർത്തനവും നടത്തിയിട്ടില്ല. കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിൽ 45 ലക്ഷത്തോളം വരുന്ന തൊഴിലാളികൾ ഇന്ന് മുറുമുറെ പട്ടിണിയിലാണ്. ആ പട്ടിണി മാറ്റുന്നതിന് ആവശ്യമായ ക്ഷേമപ്രവർത്തനങ്ങൾപോലും നടത്താൻ കഴിയാത്തവർക്ക് മറ്റ് മേഖലകളിൽ എന്ത് നടത്താൻ കഴിഞ്ഞുവെന്നാണ് പറയുന്നത്?

ഈ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് മറ്റൊരു കാര്യം പറയാനുള്ളത് ഇവിടെ കടത്തെ സംബന്ധിച്ചാണ് എൽ. ഡി. എഫ്. ഗവൺമെന്റ് വരുത്തിയിട്ടുള്ള കടബാധ്യതയെപ്പറ്റി ആവർത്തിച്ചാവർത്തിച്ച് പറയുകയും അത് പെരുപ്പിച്ച് കാണിക്കുകയുമാണ്. ഗവൺമെന്റിന്റെ കടബാധ്യതയെ സംബന്ധിച്ച് ഈ സഭയിൽതന്നെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. കെ. ദേവകുമാർ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി പറഞ്ഞ മറുപടി എൽ. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിലുണ്ടായിരുന്ന 2001 മാർച്ച് വരെയുള്ള പൊതുകടം 23919 കോടി രൂപ എന്നാണ്. അത് 2002 മാർച്ച് 31-ന് 31672 കോടി രൂപയായിട്ട് പെരുകി. ഒരു വർഷം കൊണ്ട് ഏകദേശം 5706 കോടി രൂപ ഈ ഗവൺമെന്റ് കടം വരുത്തിവച്ചു എന്നുള്ളതാണ്. ഇതെല്ലാം കൂടി കൂട്ടിച്ചേർത്താൽ 7138 കോടി രൂപയോളം ഈ ഗവൺമെന്റ് കടം വരുത്തിവെച്ചിട്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ള കടമാണെന്ന് പറയുന്നത്. ഇതിങ്ങനെ ആവർത്തിച്ച് പറഞ്ഞതുകൊണ്ട് യാതൊരു കാര്യവുമില്ല. തീർച്ചയായിട്ടും ഈ ഗവൺമെന്റ് കടക്കെണിയിൽതന്നെ അകപ്പെടാൻ പോകുകയാണ്. ആളോഹരി കടവും വർദ്ധിച്ചു വരികയാണ്.

മറ്റൊരു കാര്യം സാമ്പത്തിക മാനേജ്മെന്റിനെ സംബന്ധിച്ച് വളരെ അഭിനന്ദനാർഹമായി ഇവിടെ പറയുകയുണ്ടായി. കടം വാങ്ങില്ലെന്ന് പ്രഖ്യാപിച്ചവരല്ലേ അങ്ങയുടെ ഗവൺമെന്റ്? കടം വാങ്ങില്ലെന്നല്ലേ പ്രകടനപത്രികയിലും പിന്നീട് ധവള പത്രത്തിലുമൊക്കെ പറഞ്ഞിട്ടുള്ളത്? അതുപോലെ ശ്രീ. വർക്കല കഹാർ പറഞ്ഞു എൽ. ഡി. എഫ്. ഗവൺമെന്റ് അഞ്ചുവർഷംകൊണ്ട് 7789 കോടി രൂപ കടത്തിൽ എത്തിയെന്ന്. ഇപ്പോൾ രണ്ട് വർഷംകൊണ്ടുതന്നെ ഈ ഗവൺമെന്റ് 7653 കോടിയുടെ കടം വരുത്തിക്കഴിഞ്ഞു. ഇത്തരത്തിൽ കടക്കെണിയിലേക്കാണ് ഗവൺമെന്റ് ജനങ്ങളെ കൊണ്ടുപോകുന്നത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളവും, കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളവും വൻബാധ്യത വരാൻ പോകുകയാണ്. ഇത്രയധികം കടം വാങ്ങിക്കൂട്ടിയതിന് ജനങ്ങളോട് നിങ്ങൾ സമാധാനം പറയേണ്ടിവരും എന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു പ്രധാന പ്രശ്നം സഭയിൽ വന്നു. ബഹുമാനപ്പെട്ട സ്പീക്കർതന്നെ നിർദ്ദേശം കൊടുത്തു. ഉപഭോക്താക്കളിൽ നിന്ന് ചില വ്യാപാരികൾ പിരിച്ചെടുത്തിട്ടുള്ള 170 കോടി രൂപയുടെ നികുതി. ഈ 170 കോടി രൂപയുടെ നികുതി ഇതുവരെ ഈടാക്കാൻ ആവശ്യമായിട്ടുള്ള ഒരു നടപടിയും ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇതാണോ മെച്ചപ്പെട്ട ഫിനാൻസ് മാനേജ്മെന്റ്? അപ്പോൾ ജനങ്ങളെ ഹാനികരമായി ബാധിക്കാത്ത എന്ന അവകാശവാദവും ജനങ്ങളെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന രീതിയിലുള്ള പ്രായോഗിക നടപടികളും എങ്ങനെയാണ്. പൊരുത്തപ്പെടുന്നത്? കഴിഞ്ഞ രണ്ടു വർഷക്കാലത്തിനിടയിൽ ഏറ്റവും വലിയ ഭാരം, 2600 കോടി രൂപയുടെ ഭാരം പാവപ്പെട്ട ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിട്ടുണ്ട്. വൈദ്യുതി നിരക്ക് കൂട്ടിയിട്ടില്ലേ; അതുപോലെ യാത്രാക്കൂലി വർദ്ധിപ്പിച്ചില്ലേ; ചികിൽസാ ഫീസ് വർദ്ധിപ്പിച്ചില്ലേ; വിദ്യാഭ്യാസ ഫീസ് വർദ്ധിപ്പിച്ചില്ലേ; കേരളത്തിലെ ഏത് ജന വിഭാഗമാണ് ഈ ഭാരത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളത്? ഏറ്റവും പാവപ്പെട്ടവരാണ് ഇതിന്റെ ഭാരം ഏറ്റവും കൂടുതൽ താങ്ങേണ്ടി വരുന്നത്. ഈ രീതിയിലുള്ള സമീപനം സ്വീകരിച്ചിട്ട് റവന്യൂ കമ്മിയിൽ വലിയ കുറവു വന്നു എന്ന് അഭിമാനിക്കുന്നവരോട് എന്താണ് പറയുക? വാർഷിക പദ്ധതി നടപ്പാക്കുന്നതിൽ വലിയ തകർച്ചയാണ് വന്നിട്ടുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ തകർച്ചയാണ് ഇപ്പോൾ വന്നിട്ടുള്ളതെന്നാണ് ഈ സന്ദർഭത്തിൽ പറയാനുള്ളത്. കാലിയായിട്ടുള്ള ഖജനാവുമായിട്ടാണ് ഭരണം തുടങ്ങിയതെന്നു പറഞ്ഞു. എന്നിട്ട് പറയുന്നത് യുവജനങ്ങൾക്കെല്ലാം വലിയ ആശങ്കയാണെന്ന്. കേരളത്തിലെ എഴുപത്താറായിരത്തിലധികം വേക്കൻസികൾ, റിട്ടയർമെന്റ് വേക്കൻസികൾ, റിപ്പോർട്ട് ചെയ്യപ്പെട്ടത് കിടക്കുന്നുണ്ട്. പി. എസ്. സി. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽപ്പെട്ട ലക്ഷോപലക്ഷം ജനങ്ങൾ ജോലിക്കുവേണ്ടി കാത്തുനിൽക്കുമ്പോൾ നിയമനനിരോധനമാണ് നടക്കുന്നത്. ഈ രണ്ടു വർഷക്കാലത്തിനിടയിൽ ആർക്കെങ്കിലും അഡ്വൈസ് മെമ്മോ കൊടുത്തതായിട്ട് അറിയില്ല. എന്നിട്ടാണ് യുവജനങ്ങൾക്കുവേണ്ടി കേഴുന്നത്. ഇത് അങ്ങേയറ്റം അപഹാസ്യമെന്നേ പറയാനുള്ളൂ. അതുപോലെ ശ്രീ. ടി. യു. രാധാകൃഷ്ണൻ പറയുകയുണ്ടായി. ഒരുപാട് മുദ്രാവാക്യങ്ങൾ എൽ. ഡി. എഫും. സി. പി. എം. ഉം ഭരിക്കുന്ന സന്ദർഭങ്ങളിൽ ഉയർന്നു വന്നു. അതൊന്നും നടപ്പിലാക്കിയില്ലായെന്ന്. എന്നാൽ ഗരീബി ഘടാവോ, ബേക്കാരി ഘടാവോ പോലുള്ള മുദ്രാവാക്യങ്ങൾ കോൺഗ്രസ് ഭരിക്കുന്ന സന്ദർഭത്തിൽ നടപ്പിലാക്കാതെ പോയത് സംബന്ധിച്ച് ഒരു വാക്കും പറയാൻ അവർക്ക് കഴിഞ്ഞില്ല. മറിച്ച് ഇത്തരം പ്രശ്നങ്ങളാണ് ഉന്നയിച്ചത്.

ഇവിടെ വിദ്യാഭ്യാസ കച്ചവടത്തെ സംബന്ധിച്ച് പറഞ്ഞു, പുഷ്പഗിരി മെഡിക്കൽ കോളേജിലെ അഡ്മിഷനെ സംബന്ധിച്ച് പറഞ്ഞ സഹകാര്യ മാനേജുമെന്റുകളുടെ തെറ്റായ നടപടികൾക്കെതിരെ ഒരു നിയമം കൊണ്ടുവരണമെന്ന് അങ്ങുതന്നെ നിർദ്ദേശിച്ചു. പക്ഷെ നിയമം കൊണ്ടുവരാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തുകൊണ്ടാണ് മടികാണിക്കുന്നത്? ആരെ സഹായിക്കാനാണ്? ആരോടാണ് ഗവൺമെന്റിന് പ്രതിബദ്ധത? കേരളത്തിലെ വിദ്യാഭ്യാസ കച്ചവടക്കാർ നേതൃത്വം കൊടുത്തുകൊണ്ട് യോഗ്യതയുള്ളവരെ അകറ്റി നിർത്തുന്ന ഒരു സമീപനം സ്വീകരിച്ചിരിക്കുകയാണ്. പുഷ്പഗിരി മെഡിക്കൽ കോളേജിലെ 100 ശതമാനം കുട്ടികളും കോഴ കൊടുത്തവരാണ്. യോഗ്യതയുള്ള കുട്ടികൾക്ക് അങ്ങോട്ട് കയറാൻ പറ്റുന്നില്ല. 100 ശതമാനം കോഴ കൊടുക്കാൻ പറ്റുന്നവരെയാണ് അവിടെ എടുക്കാൻ പോകുന്നത്. മറിച്ച് കർണ്ണാടകയിൽ നിയമം ഉണ്ടാക്കി എന്നു മാത്രമല്ല ആ നിയമം നടപ്പിലാക്കാനും തുടങ്ങി. സുപ്രീംകോടതി വിധിയുമായി ബന്ധപ്പെട്ടുകൊണ്ട് നിയമസഭയ്ക്ക് നിയമം പാസ്സാക്കാമെന്നിരിക്കെ ഗവൺമെന്റ് അതിന് തയ്യാറാകാത്തത് എന്താണ്? ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞതു പോലെ ഏതെല്ലാം നിയമങ്ങൾ നമ്മൾ പാസ്സാക്കി. പക്ഷെ ഈ നിയമം മാത്രം

LIBRARY ARCHIVES Kerala Legislative Assembly

നുക്ക് ഇവിടെ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ഇവിടെ സമരം നടത്തിയതിനാണ് ആക്രമണം. അതൊരു അനാരോഗ്യ സമരമായിരുന്നു. കേരളത്തിൽ നിഷേധിക്കപ്പെട്ട അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള ആ സമരത്തെ ഈ രീതിയിൽ തകർക്കാൻ വേണ്ടിയായിരുന്നു പോലീസുകാരെ ഉപയോഗപ്പെടുത്തിയത്. സമരം നടത്തിയവർക്കെതിരെ നടപടിയെടുത്ത ഗവൺമെന്റിനോട് അങ്ങേക്ക് അഭ്യർത്ഥിക്കാനുള്ളത് അടിയന്തിരമായി ഇതുപോലുള്ള വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കണം; പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ മാനേജ്മെന്റ് സ്വീകരിക്കുന്ന സമീപനം, അവസാനിപ്പിക്കാൻ നിയമമൂലം തയ്യാറാകണം; കർണ്ണാടക ഗവണ്മെന്റിന്റെ മാതൃക സ്വീകരിക്കുന്നില്ലെങ്കിലും അതിന്റെ പുറകിലെങ്കിലും നിൽക്കാൻ ഈ ഗവണ്മെന്റിന് കഴിയണം എന്നാണ്.

<u>ശ്രീ. പി. സി. ജോർജ്:</u> ന്യൂനപക്ഷ പരിഗണന ലഭിക്കണമെങ്കിൽ ഭരണഘടനാപരമായി ക്യാബിനറ്റിന്റെ അപ്രൂവൽ വേണം. ആ നിലയ്ക്ക് ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവരാണ് അതിന്റെ മാനേജ്മെന്റ്. എങ്കിൽപോലും ക്യാബിനറ്റിന്റെ അപ്രൂവൽ വേണമെന്നുള്ള ഒരു നിയമമുണ്ട്. അതനുസരിച്ച് ന്യൂനപക്ഷ പദവി കൊടുത്തിട്ടില്ലെങ്കിൽ ഭരണഘടനാപരമായി എങ്ങിനെയാണ് പുഷ്പഗിരി മെഡിക്കൽ കോളേജിന് ന്യൂനപക്ഷ പദവി ലഭിക്കുക? ആ കാര്യം ഗവൺമെന്റ് ശ്രദ്ധിക്കാതിരുന്നത് ശരിയാണോ?

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:</u> ഭരണഘടനാപരമായ അവകാശം തന്നെയാണ് ഇവിടെ നിഷേധിക്കപ്പെടുന്നത്. അത് യാതൊരു സംശയവും ഇല്ലാത്ത കാര്യമാണ്. വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവുമായിരിക്കണം. ഇപ്പോൾ ന്യൂനപക്ഷത്തിന് അവകാശങ്ങളെല്ലാം നിഷേധിക്കപ്പെടുകയാണ്. അടിയന്തിരമായി ഗവൺമെന്റ് പറഞ്ഞ കാര്യങ്ങൾ പാലിക്കാൻ നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

വ്യവസായ വകുപ്പുമന്ത്രിയും ശ്രീ. കോടിയേരി ബാലകൃഷ്ണനും ചൈനയിൽ പോയ കാര്യത്തെ സംബന്ധിച്ച് ശ്രീ. ബഷീർ പറഞ്ഞു. ശ്രീ. കുഞ്ഞാലിക്കുട്ടിക്ക് ഇഹലോകത്തുമാത്രമേ ഇതു സംബന്ധിച്ച് മോക്ഷം കിട്ടൂ എന്നു പറഞ്ഞു. ഈ ഭരണത്തിൻ കീഴിൽ എന്തെങ്കിലുമൊക്കെ ചെയ്യാൻ കഴിയുമെന്നുള്ള പ്രതീക്ഷ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന് ഇല്ല എന്ന് അദ്ദേഹം തന്നെ വ്യക്തമാക്കിയിട്ടുണ്ട്. പ്രവാസി മലയാളികളെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞു. അതോടൊപ്പം അദ്ദേഹം മാറാട് പ്രശ്നവുമായി ബന്ധപ്പെട്ട് വളരെ സീരിയസ്സായിട്ടുള്ള ഒരു ഇഷ്യൂ ഇവിടെ ഉന്നയിച്ചിട്ടുണ്ട്. യു. ഡി. എഫിന്റെ നയത്തെ പരസ്യമായി എതിർക്കുന്ന ഒരു സമീപനമാണ്. സ്വന്തം സമുദായത്തോട് താൽപ്പര്യമുണ്ടെങ്കിൽ അങ്ങ് ചെയ്യേണ്ടത് എന്താണ്? അങ്ങേയ്ക്കും അങ്ങയുടെ പാർട്ടിക്കും അധികാരത്തോടാണ് ഏറ്റവും വലിയ ദാഹം. അധികാര ഭ്രാന്ത് പിടിപെട്ടതുകൊണ്ടാണ്, അല്ലായിരുന്നുവെങ്കിൽ മുസ്ലീം ന്യൂനപക്ഷത്തോട് ഇത്രമാത്രം ക്രൂരമായ സമീപനം സ്വീകരിക്കുമായിരുന്നില്ല. അവരുടെയെല്ലാം വായിൽ സ്ലിപ്പ് ഒട്ടിച്ചിരിക്കുകയാണ്. ഒരക്ഷരം പറയാൻ കഴിയുന്നില്ല. പറയണമെന്ന് തോന്നിയത് പറയാൻ സാധിക്കാത്ത അവസ്ഥ. അതാണ് ഇവിടെയും വ്യക്തമാക്കപ്പെട്ടത്. അതുകൊണ്ട് മാറാട് പ്രശ്നത്തിൽ പ്രത്യേകിച്ച് മുസ്ലീം സഹോദരങ്ങൾ വീട് നഷ്ടപ്പെട്ട് രണ്ടുമാസത്തിലധികമായി അന്യന്റെ തിണ്ണയിൽ കഴിയുന്ന അവരെ പാർപ്പിക്കാൻ നടപടിയെടുക്കുവാൻ തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ചത്തവരുടെ കാര്യമെല്ലാം പോയി. ഇപ്പോൾ ഇതാണ് കാര്യം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ അടക്കം മുൻകൈ എടുത്തു നടത്തുന്നതിനുപകരം ഇത് സംബന്ധിച്ച് ഇവിടെ വന്ന് വിലപിച്ചിട്ട് എന്താണ് കാര്യം? സമുദായത്തോട് നീതി കാണിക്കുന്ന സമീപനമല്ല ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് എടുക്കുന്നത് എന്നാണ് എതിര് പറയാനുള്ളത്.

അദ്ദേഹത്തിനെതിരെ വകുപ്പ് മന്ത്രിയെക്കുറിച്ച് ഇവിടെ അഴിമതി ആരോപണം വന്നു; ഏറ്റവും ശക്തമായ അഴിമതി ആരോപണം. അഴിമതി ആരോപണം ഉയർന്നു വന്ന സന്ദർഭത്തിൽ അത് ശ്രദ്ധിച്ചിട്ടുണ്ടാകും ഇവിടെ ലീഗ് എം. എൽ. എ-മാരില്ലായിരുന്നു. കോൺഗ്രസ് (ഐ) എം. എൽ. എ. ആയാലും ലീഗ് എം. എൽ. എ. ആയാലും ഭരണപക്ഷത്തുള്ള ഒരു എം. എൽ. എ. യ്ക്ക് നേരെ അഴിമതി ആരോപണം ഉയർന്നുവന്നപ്പോൾ ഒരക്ഷരം ശബ്ദിച്ചിട്ടില്ല, എന്തുമാത്രമല്ല പ്രതികരിച്ചതുമില്ല. അത് ഈ അഴിമതി അദ്ദേഹം നടത്തിയിട്ടുണ്ടെന്നുള്ളതിന് വ്യക്തമായ തെളിവാണ് ഭരണപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. ഇത്രയുമധികം കാര്യങ്ങൾ ഉണ്ടായിട്ടും അഴിമതി ഇവിടെ കൊടികുത്തി വാഴുന്നു. നിരവധി മന്ത്രിമാർക്കെതിരെ അഴിമതി ആരോപണം വന്നു. കെടുകാര്യസ്ഥത നിറഞ്ഞു വാഴുന്നു എന്നിട്ടും കടമെല്ലാം വരുത്തിവെച്ചത് എൽ. ഡി. എഫ്. ആണ് എന്ന് കുറ്റം പറഞ്ഞുകൊണ്ട് ഇത്തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കുന്നത് ശരിയല്ല. കേരളത്തിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗത്തെ സഹായിക്കുന്നതുപോലെ തന്നെ പരമ്പരാഗത മേഖലകളിലെ തൊഴിലാളികളെ സഹായിക്കാൻ, ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കാൻ, വിദ്യാഭ്യാസ രംഗത്തെ കച്ചവടം അവസാനിപ്പിക്കാൻ തകർച്ച നേരിടുന്ന കേരളത്തിലെ കാർഷിക മേഖലയേയും വ്യാവസായികമേഖലയെയും പുനരുജ്ജീവിപ്പിക്കാൻ അങ്ങേക്ക് കഴിയണം. അതിനാവശ്യമായിട്ടുള്ള സമീപനം സ്വീകരിക്കണം. അതിനുപകരം ഖജനാവ് അഴിമതിക്കാർക്കു വേണ്ടി തുറന്നു കൊടുക്കുന്നതു ശരിയല്ല. യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കി കേരളത്തിലെ ജനങ്ങളുടെ നിറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അങ്ങ് മുന്നോട്ട് വരണം. കേരളം ഇന്ന് മുങ്ങുന്ന ഒരു കപ്പലായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ അപ്പുറത്ത് നിന്ന് ഒരഭ്യർത്ഥന ഇങ്ങോട്ട് വച്ചത്. അദ്ദേഹം പറഞ്ഞത് കുറെ ആളുകൾ ചാടിപ്പോകാൻവേണ്ടി നിൽക്കുന്നു. കുറെ ആളുകൾ ഇങ്ങോട്ട് കയറിക്കോ ഞങ്ങളെ സഹായിക്കണം എന്ന് പറഞ്ഞ് കയറ്റാൻ വേണ്ടി നിൽക്കുകയാണ്. ഈ കപ്പൽ എപ്പോഴാണ് മുങ്ങുന്നതെന്ന് ആർക്കും അറിയാൻ കഴിയില്ല. അത്തരത്തിൽ മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലിന്റെ നേതൃത്വത്തിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ള ധനകാര്യബില്ല് കേരളത്തിലെ ജനങ്ങൾക്ക് ഉപയോഗപ്പെടാൻ പോകുന്നില്ല. അതുകൊണ്ട് ഈ ബില്ല് അംഗീകരിക്കാൻ കഴിയില്ല. ഇത് പിൻവലിച്ച് അടിയന്തിരമായി പുതുക്കിയ ബഡ്ജറ്റുമായി കൊണ്ടുവരണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്ക് നിയമപ്രാബല്യം നൽകുന്നതിനാണ് ഈ ബില്ല് അവതരിപ്പിച്ചിരിക്കുന്നത്. The Kerala Abkari Act, 1077, The Kerala
1 P.M.] Tax on Luxuries Act, 1976, The Kerala Tax on Entry of Goods in to Local Areas Act, 1994 എന്നിവ ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒന്നാണിത്. അബ്കാരി നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ പ്രധാനമായും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദേശമദ്യത്തിൻമേൽ ചുമത്തിയിട്ടുള്ള വിറ്റു വരവ് നികുതിയിൽ നിന്നുള്ള വരുമാനം സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. ഈ ഭേദഗതി എന്നു മുതലാണ് പ്രാബല്യത്തിൽ വരികയെന്ന് ഈ ബില്ലിൽ വ്യക്തമായി പറഞ്ഞിട്ടില്ല. വിറ്റുവരവ് നികുതി ചുമത്താൻ തുടങ്ങിയത് 1-7-1987 മുതലാകയാൽ ആ തീയതി മുതൽ നിയമപ്രാബല്യം കൊണ്ടു വരണമെന്നാണ് ഉദ്ദേശിക്കുന്നത്. 1-4-2003-ൽ മൂല്യവർദ്ധിത നികുതി നടപ്പിൽ വരുമെന്ന ധാരണയിലാണ് ഇത് നീട്ടിവെച്ചത്. അതുകൊണ്ട് താഴെപറയുന്ന മാറ്റങ്ങൾ ആവശ്യമാണ്. ഇറക്കുമതി ചെയ്യുന്ന വസ്തുക്കൾക്കും മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിൽ നികുതി ബാധ്യത ഉണ്ടാകുമെന്നതിനാലും ഇറക്കുമതി ചെയ്ത വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിന് പ്രവേശനനികുതി ബാധകമാക്കി വിൽപ്പന നികുതി നിയമം തന്നെ തുടരുന്നതിനാലും രണ്ടും മൂന്നും വകുപ്പുകളിൽ ഈ ഭേദഗതി ഒഴിവാക്കേണ്ടതുണ്ട്. 3-ാം വകുപ്പിലും ഇത്തരത്തിലുള്ള കൈമാറ്റം നികുതി വിധേയ മാക്കിയത് ഒഴിവാക്കേണ്ടതാണ്. 3-ാം വകുപ്പിൽ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് വിൽപ്പന നികുതി നിയമത്തിലെ 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള നിരക്കിൽ കൂടാത്ത നിരക്കിലാണ് പ്രവേശന നികുതി ചുമത്തേണ്ടത്. എന്നാൽ പിന്നീട് മറ്റ് പട്ടികയി ലുൾപ്പെടുത്തിയിട്ടുള്ള ചില വസ്തുക്കൾക്കും പ്രവേശന നികുതി ബാധകമാക്കിയിട്ടുണ്ട്. ഇതിനുപുറമെ അധിക വിൽപ്പന നികുതി ബാധകമായ വസ്തുക്കൾക്ക് ആ നികുതിയും ഈടാക്കേണ്ടതുണ്ട്. അതിനാൽ പൊതു വിൽപ്പന നിയമപ്രകാരം നൽകേണ്ട തുകയ്ക്ക് തുല്യമായ തുക പ്രവേശന നികുതി ഈടാക്കാവുന്ന രീതിയിൽ ഈ വ്യവസ്ഥ ഭേദഗതി ചെയ്യേണ്ടതാണ്. സ്കാനിംഗ് മെഷീൻ, വാഹന നിർമ്മാണത്തിനുള്ള വസ്തുക്കൾ, വൈദ്യുത ഉപകരണങ്ങൾ എന്നിവയുടെ നിർവ്വചനം വിശദമാക്കുന്നതിനാണ് പ്രസ്തുത നിർവ്വചനത്തിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുള്ളത്. ആശുപത്രികളിൽ ഉപയോഗിക്കുന്ന സാമഗ്രികൾക്ക് പ്രവേശന നികുതി ഈടാക്കുമ്പോൾ Consumables and disposables അവയിൽ നിന്ന് ഒഴിവാക്കുന്നതിന് ഒരു ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. മൂല്യവർദ്ധിത നികുതി നിയമ സംവിധാനത്തിൽ Appellate Assistant Commissioner എന്ന തസ്തിക എടുത്തു കളഞ്ഞിരുന്നു. അപ്പീലുകൾ തീർപ്പാക്കുന്നതിനുള്ള അധികാരം ഡെപ്യൂട്ടി കമ്മീഷണർക്കാണ് നൽകിയിട്ടുള്ളത്. നിലവിലുള്ള സംവിധാനം തന്നെ തുടരുന്ന സ്ഥിതിക്ക് ധനകാര്യബില്ലിലെ 4-ാം വകുപ്പിലെ 4, 7, 8, 9 എന്നീ ഉപവകുപ്പുകൾ ഒഴിവാക്കേണ്ടതാണ്.

ശ്രീ. ടി. കെ. ബാലൻ: മിനിസ്റ്റർ വ്യക്തമായി ഈ ബില്ലിന്റെ ഉദ്ദേശത്തെക്കുറിച്ച് ഇവിടെ വായിക്കുന്ന സമയത്ത് അതിന്റെ മുന്നോടിയായിട്ടുതന്നെ ഞങ്ങൾക്ക് ഇത് സർക്കുലേറ്റ് ചെയ്യണമായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് ശരിയാണ്. ഇതു വായിക്കുന്നതിനു മുമ്പ് ഞങ്ങൾക്ക് സർക്കുലേറ്റ് ചെയ്യണ മായിരുന്നു. ഞങ്ങൾക്ക് അതിൽ ഒബ്ജക്ഷനുണ്ട്.

മി. സ്പീക്കർ: അത് ചെയ്യണമായിരുന്നു എന്നുള്ളത് പോയിന്റൗട്ട് ചെയ്തു. അതുകൊണ്ട് അത് ഇല്ലീഗലാകുന്നില്ല. പ്രൊസീഡർ മുന്നോട്ട് പോകട്ടെ.

ശ്രീ. കെ. ശങ്കരനാരായണൻ: നിശിതമായ വിമർശനങ്ങളൊന്നും ധനകാര്യവകുപ്പിനെക്കുറിച്ച് ഉണ്ടായില്ല. ധനകാര്യവകുപ്പിനെ സംബന്ധിച്ചിടത്തോളം ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് കഴിഞ്ഞ രണ്ടു വർഷക്കാലമായി കേരളത്തിൽ സാമ്പത്തിക രംഗത്ത്

ഉണ്ടായിട്ടുള്ള വളർച്ച, മറ്റു പല രംഗങ്ങളിൽ ഉണ്ടായിട്ടുള്ള പ്രധാനമായ നേട്ടങ്ങൾ ചില കാര്യങ്ങളിൽ ഇനിയും ഉണ്ടാകേണ്ടതായിട്ടുള്ള മാറ്റങ്ങൾ ഇതെല്ലാം തന്നെ ഇവിടെ പലരും പരാമർശിച്ചു. ഈ കാര്യങ്ങൾ വളരെ ഗൗരവമായിതന്നെയാണ് ഗവൺമെന്റ് കാണുന്നത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പലരും നികുതി പിരിവിനെക്കുറിച്ചും നികുതി കുടിശ്ശികയെക്കുറിച്ചും പരാമർശിച്ചു. ഈ ഗവൺമെന്റിന്റെ രണ്ടു വർഷക്കാലത്തെ സാമ്പത്തിക രംഗത്തുണ്ടായ നേട്ടങ്ങളെക്കുറിച്ചും ശ്രീ. ആര്യാടൻ ഇവിടെ പരാമർശിച്ചു. ഞാൻ ഈ നിയമസഭയിൽതന്നെ പലപ്രാവശ്യം പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇപ്പോൾ ആവർത്തിച്ച് പറയണമെന്ന് ആഗ്രഹിക്കുന്നില്ല. 24-ാം തീയതി നമുക്ക് സമഗ്രമായ ചർച്ച ഉണ്ടാകുമ്പോൾ പറയാം. അങ്ങനെയൊക്കെയാണെങ്കിലും ഒന്നുരണ്ട് കാര്യങ്ങൾ പറയണമെന്ന് ആഗ്രഹിക്കുന്നു. കേരളത്തിലെ സാമ്പത്തിക നില മെച്ചപ്പെടണമെങ്കിൽ വരുമാനം വർദ്ധിപ്പിക്കാതെ മാർഗ്ഗമില്ല. ഓരോ ദിവസവും ചെലവ് കൂടിവരുന്നു എന്നുള്ളത് നമുക്ക് അംഗീകരിക്കാതിരിക്കാൻ പറ്റുകയില്ല. നിയമസഭാസാമാജികർക്ക് പണം നീക്കിവെയ്ക്കുന്ന കാര്യം പറയുന്നതിൽ യാതൊരു ആക്ഷേപവുമില്ല. അതാത് നിയോജകമണ്ഡലത്തിലെ പ്രവർത്തനവും അവിടത്തെ വികസനവും നടപ്പാക്കേണ്ടത്, അതിന് നേതൃത്വം കൊടുക്കേണ്ടത്, നിയമസഭാ സാമാജികൻമാരുടെ ചുമതലയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് അംഗീകരിച്ചേ പറ്റൂ. അംഗീകരിക്കാതിരിക്കാൻ പറ്റുകയില്ല. അതിനെ അനുകൂലിച്ചേ പറ്റൂ. അതിനുള്ള എക്സ്പെൻസസിനുള്ള പണവും നീക്കിവെയ്ക്കണം. എന്നാലും പ്രതിപക്ഷത്താകുമ്പോൾ ഒരു ചെറിയ വിമർശനമില്ലെങ്കിൽ വളരെ മോശമാണ്. നല്ല മുളക് അരച്ചാൽ കുറച്ച് വെളിച്ചെണ്ണ ഒഴിക്കണം. അല്ലെങ്കിൽ സ്വാദ് കിട്ടുകയില്ല. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ വിമർശിച്ചു എന്ന് എനിക്ക് അഭിപ്രായമില്ല. ഇതൊക്കെയാണെങ്കിലും വരുമാനം കൂട്ടുന്നതിനായി ടാക്സ് വർദ്ധിപ്പിച്ചിട്ടില്ല. വാറ്റ് നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ 2002-2003-ൽ കൊണ്ടുവന്ന എ. എസ്. ടി. re-introduce ചെയ്യുന്നു എന്നു മാത്രമേയുള്ളൂ. അത് re-introduce ചെയ്യാതിരിക്കാൻ ഈ ഗവൺമെന്റിന് സാദ്ധ്യമല്ല. കണക്കുകളുടെ കാര്യത്തിൽ വേണമെങ്കിൽ കൂട്ടിയും കിഴിച്ചുമൊക്കെ അങ്ങോട്ടും ഇങ്ങോട്ടും ചെയ്യാൻ സാധിക്കും. അതിന് വലിയ പ്രയാസമില്ല. ടാക്സ് കൂട്ടാൻ പറ്റുകയില്ല. എന്നാൽ കൂട്ടാവുന്ന കാര്യങ്ങൾക്കൊക്കെ ടാക്സ് കൂട്ടിയേ പറ്റൂ. അച്ചുതമേനോന്റെ പുസ്തകത്തെക്കുറിച്ച് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞപ്പോൾ ചോദിച്ച ചോദ്യം മാതിരിയാണിത്. അതുകൊണ്ട് കാര്യമില്ലല്ലോ. നമുക്ക് സത്യം മറച്ചുവെയ്ക്കാൻ സാദ്ധ്യമല്ല. ഇവിടെ 1957 മുതൽ അവിടെയിരിക്കുന്നവരും ഇവിടെയിരിക്കുന്നവരും മരിച്ചിട്ടുണ്ട്. 1957-ൽ കേരളവും ഭാരതവും ബഹുമാനിച്ചിരുന്ന ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടായിരുന്നു മുഖ്യമന്ത്രി. അതിന് ആർക്കും യാതൊരു അഭിപ്രായവ്യത്യാസവുമില്ല. എനിക്ക് അദ്ദേഹത്തെ ഇന്നും ബഹുമാനമാണ്. അദ്ദേഹം രണ്ടു പ്രാവശ്യം മുഖ്യമന്ത്രിയായിരുന്നു. അച്ചുതമേനോൻ കോൺഗ്രസ്സിന്റെ കൂടെയിരുന്നിട്ടായിരുന്നു മുഖ്യമന്ത്രിയായത്. ഇപ്പോൾ ശ്രീ. കെ. പി. രാജേന്ദ്രനും ശ്രീ. ബിനോയ് വിശ്വവും നിരോധിച്ചാൽ ചരിത്രം നമുക്ക് മാറ്റിയെഴുതാൻ പറ്റുകയില്ലല്ലോ?

.....(ബഹളം).....

Mr. Speaker: Please hear me.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: ശ്രീ. ദേവകുമാർ നിങ്ങളുടെ ശബ്ദം ഇവിടെ മഹിമസമാകുന്നു. അത്ര ശക്തിയാണ് ആ ശബ്ദത്തിന്. ബോംബിന്റെ ശക്തിയാണ്. നമുക്ക് ചരിത്രം മാറ്റാൻ സാധിക്കില്ല. ഇ. എം. എസ്. നമ്പൂതിരിപ്പാട് 1957-ഉം 1967-ലും മുഖ്യമന്ത്രിയായി വന്നപ്പോൾ അന്ന് അദ്ദേഹം ഉണ്ടാക്കിയ മാറ്റങ്ങളൊക്കെ നമുക്ക് അറിയാവുന്ന കാര്യമാണ്. അച്യുതമേനോൻ മുഖ്യമന്ത്രി ആയിരുന്നപ്പോഴും കേരളത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ നമ്മൾ ഉൾക്കൊണ്ടിട്ടുണ്ട്. എം. എൻ. ഗോവിന്ദൻ നായർ ലക്ഷംവീട് പദ്ധതി കൊണ്ടുവന്നപ്പോൾ അതും ഉൾക്കൊണ്ടിട്ടുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇപ്പോൾ ഇവിടെ നടന്നതോ?

ശ്രീ. കെ. ശങ്കരനാരായണൻ: അവിടെ ഇപ്പോൾ ഓഫീസിൽ ഇരിക്കുന്നവരുടെ തകരാറാണ് തല്ലിപ്പൊളിച്ചത്. അന്ന് അവർ അങ്ങനെയല്ലായിരുന്നു. ഞാൻ പറഞ്ഞത്, നമ്മൾ അത് അംഗീകരിക്കാതിരുന്നിട്ട് കാര്യമില്ല. മാറ്റങ്ങൾ ഉൾക്കൊള്ളണം. മാറ്റങ്ങൾ ഉൾക്കൊള്ളാതെ നിവൃത്തിയില്ല. ഇവിടെ ചൈനയെക്കുറിച്ച് പറഞ്ഞാൽ എന്താണ്? ചൈനയെക്കുറിച്ച് സംസാരിക്കുന്നതെന്നാണ്? ഇപ്പോൾ റഷ്യയെക്കുറിച്ച് സംസാരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടാണ് ചൈനയെക്കുറിച്ച് പറഞ്ഞത്. എന്താണ് വെസ്റ്റ് ബംഗാളിനെക്കുറിച്ച് സംസാരിക്കുന്നതെന്ന് ചോദിച്ചാൽ, വെസ്റ്റ് ബംഗാളിൽ ഇപ്പോഴുള്ള മാറ്റങ്ങൾ നാം ഉൾക്കൊണ്ടേ പറ്റൂ. നമ്മൾ ഒരാളുടെ കൂടെ നടന്നതുകൊണ്ടോ ഒരാളുടെ കൂടെ ഭക്ഷണം കഴിച്ചതുകൊണ്ടോ രാഷ്ട്രീയം മാറില്ല. ഏതെങ്കിലും രാഷ്ട്രീയ കക്ഷിയോട് മുഖ്യമന്ത്രിയോ മന്ത്രിമാരോ സംസാരിച്ചാൽ രാഷ്ട്രീയം മാറുമോ? ഇന്നലെ ബഹുമാനപ്പെട്ട ജ്യോതിബസു പ്രധാനമന്ത്രിയുടെ കൂടെ കൽക്കട്ടയിലെ ഒരു ഹോട്ടലിൽപോയി ഭക്ഷണം കഴിച്ചു. ബഹുമാനപ്പെട്ട ജ്യോതിബസുവിന്റെ രാഷ്ട്രീയം മാറുമോ? മാറില്ല. മാറാൻ പറ്റില്ല. നമ്മളാണ് മാറുന്നത്. അവിടെയാണ് കുഴപ്പം. ബഹുമാന്യരെ സംബന്ധിച്ചിടത്തോളം അവർ ആ കാര്യം പേഴ്സണലായിട്ടേ കാണൂ. ഇവിടെ വരുന്ന മാറ്റം അതല്ല. ഇവിടെ വരുന്ന ഒരു പ്രത്യേകത, ഇവിടെ ഒന്നും ചെയ്യാൻ നിവൃത്തിയില്ല. എന്തെങ്കിലും ഒരു കാര്യമുണ്ടെങ്കിൽ അതിനെ എതിർക്കും. കോൺഗ്രസ്സുകാർ അവിടെയിരുന്നാലും അവിടെയുള്ളവർ ഇവിടെയിരുന്നാലും എതിർക്കും.

ശ്രീ. പി. സി. ജോർജ്: ഞങ്ങളൊന്നും അങ്ങനെയല്ല.

ശ്രീ. കെ. ശങ്കരനാരായണൻ: നിങ്ങൾ പറഞ്ഞിട്ട് കാര്യമില്ല ശ്രീ. ജോർജ്. ഇത് ചിന്ന ചിന്ന പാർട്ടിയല്ലേ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും കോൺഗ്രസ്സും കൂടിയല്ലേ പറയുന്നത്? ഇൻഡ്യാ രാജ്യത്തെ പ്രധാനപ്പെട്ട പാർട്ടികൾ എന്നു പറയുന്നത് പൊളിറ്റിക്കൽ പാർട്ടീസാണ്. ആ പാർട്ടികൾ തമ്മിൽ വികസനത്തിന്റെ കാര്യത്തിൽ സമന്വയം ഉണ്ടായേ പറ്റൂ. അത് ഉണ്ടാകാതിരിക്കുവാൻ പറ്റില്ല. ഇവിടെ ആരോ സൂചിപ്പിച്ചു. എന്നും ഇവിടെ ഇരിക്കുന്നവർ ഇവിടെ ഇരിക്കുകയും അവിടെ ഇരിക്കുന്നവർ അവിടെ ഇരിക്കുകയും ചെയ്യുമെന്ന്. അങ്ങനെ സംഭവിക്കില്ല. ഇൻഡ്യാ രാജ്യത്ത് ഇല്ല. പിന്നെ കേരളത്തിൽ ഉണ്ടാകുമോ? ഇൻഡ്യാ രാജ്യം എന്നും ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഭരിക്കുമെന്ന് വിചാരിച്ചത് ഇപ്പോൾ ഇല്ലാതെ പോയിരിക്കുന്നു. പിന്നെ കേരളത്തിലെ ഈ മാറ്റത്തിനെ ഉൾക്കൊള്ളാതിരിക്കുവാൻ പറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

വെസ്റ്റ് ബംഗാളിൽ മാറ്റം വരുത്തിയില്ലേ? തമിഴ്നാട്ടിൽ മാറ്റം വരുത്തിയില്ലേ; വരണ്ടേ? അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ നമുക്ക് വികസന പ്രവർത്തനങ്ങൾക്ക് റിസോഴ്സസ് ഉണ്ടാക്കാതെ മാർഗ്ഗമില്ല. അതിന് ചൈനയെ ഉദ്ധരിച്ചാൽ, അല്ലെങ്കിൽ വെസ്റ്റ് ബംഗാളിനെ ഉദ്ധരിച്ചാൽ, അല്ലെങ്കിൽ ആന്ധ്രാപ്രദേശിനെ ഉദ്ധരിച്ചാൽ നമുക്ക് ഒന്നും പറയുവാൻ പറ്റില്ല. ഇപ്പോൾ തമിഴ്നാട്ടിൽ ഗവൺമെന്റ് ജീവനക്കാർ സമരം ചെയ്തു. കുമാരി ജയലളിതയോട് മിണ്ടാൻ നിവൃത്തിയില്ല. അങ്ങനെയാണോ കേരളത്തിൽ? കേരളത്തിൽ അങ്ങനെയല്ല. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, "ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു ഇനി പൊതുമുതൽ കല്ലെറിഞ്ഞ് നശിപ്പിക്കില്ലെന്ന്." ആയിരംവട്ടം ആണയിട്ട് നമസ്കരിച്ച് അതു നമ്മൾ സ്വീകരിക്കണം. മാർക്സിസ്റ്റുപാർട്ടി പറഞ്ഞു എന്നുള്ളതുകൊണ്ട് കോൺഗ്രസിന് സ്വീകരിക്കുവാൻ പറ്റില്ലെന്ന് പറയുവാൻ കഴിയുമോ; സി. പി. ഐ. യ്ക്ക് സ്വീകരിക്കുവാൻ പറ്റില്ലെന്ന് പറയാൻ കഴിയുമോ? ഈ വക കാര്യങ്ങളിൽ നമുക്ക് സമന്വയം വേണം. യോജിപ്പു വേണം. അങ്ങിനെ വരുന്ന അവസരത്തിൽ ഗവൺമെന്റ് റിസോഴ്സസ് കൂട്ടുന്ന കാര്യത്തിലും നമുക്ക് യോജിച്ചു പോകുവാൻ സാധിക്കണം. യോജിക്കാവുന്ന മേഖലകളിൽ മുഴുവൻ യോജിക്കണം.

ശ്രീ. ബിനോയ് വിശ്വം: ഈ മാറ്റത്തെപ്പറ്റി അങ്ങ് ഇവിടെ ആവർത്തിച്ച് പറഞ്ഞു ഓരോ മാറ്റവും എടുത്തു പറഞ്ഞു. ഞങ്ങൾ ഇപ്പോൾ ഇവിടെ ഒരു മാറ്റം കണ്ടു. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ വികാരം കൊണ്ട് പറഞ്ഞു. സംവരണ കാര്യത്തിൽ, മാറാട് വിഷയത്തിൽ ഗവൺമെന്റിന്റെ നയം ഇതാണെങ്കിൽ അളമുട്ടിയാൽ ചേരയും കടിക്കുമെന്ന്. ആ മാറ്റത്തെപ്പറ്റി അങ്ങ് എന്തു പറയുന്നു?

ശ്രീ. കെ. ശങ്കരനാരായണൻ: ഞാൻ അതിലേയ്ക്ക് വരുന്നതേയുള്ളൂ. ഞാൻ മുഖവുര എഴുതുന്നതേയുള്ളൂ. അതിനിടയിൽ കഞ്ഞിവെന്തോയെന്ന് കയ്യിട്ടു നോക്കിയാൽ പറ്റുമോ; കയ്യിട്ടുനോക്കിയാൽ പൊള്ളും. കയ്യിലിട്ടു നോക്കണം. ഞാൻ പറഞ്ഞത്, മാറ്റങ്ങൾ ഉൾക്കൊള്ളാൻ ഇൻഡ്യാരാജ്യം തയ്യാറാകുമ്പോൾ സംസ്ഥാന ഗവൺമെന്റും തയ്യാറാകണം. ഇവിടെ സമരത്തിന്റെ കോലാഹലമാണ്. മാറാട് ഇഷ്യൂവിൽ ഗവൺമെന്റ് അനുകൂല തീരുമാനമെടുത്താൽ അപ്പോൾ എതിർക്കും. മുത്തങ്ങ ഇഷ്യൂ സംബന്ധിച്ച് ഒരുമിച്ചിരുന്ന് തീരുമാനമെടുത്താൽ അപ്പോൾ അതിനെയും എതിർക്കും. ബസ് ചാർജ് കൂട്ടിയാൽ അതിനെയും എതിർക്കും. ഇവിടെ മാറി മാറി വന്ന ഗവൺമെന്റുകൾ ബസ് ചാർജ്ജും നികുതിയും കൂട്ടിയിട്ടില്ലേ? ചാർജ് കൂട്ടിയിട്ടുണ്ട്; നികുതി കൂട്ടിയിട്ടുണ്ട്; എല്ലാം കൂട്ടിയിട്ടുണ്ട്. ഇവിടെ ഒരു നയാപൈസ ഏതെങ്കിലും ഒരു ഏരിയായിൽ പിരിക്കുവാൻ വേണ്ടി തീരുമാനിച്ചാൽ അന്ന് എടുക്കും ആവനാഴിയിലെ ആയുധങ്ങൾ മുഴുവൻ. വെസ്റ്റ് ബംഗാൾ ഗവൺമെന്റിന്റെ പത്തു ഉദാഹരണം എന്റെ കൈവശമുണ്ട്. അത് വായിച്ചിട്ട് കാര്യമില്ല നിങ്ങൾക്കും മറ്റെല്ലാപേർക്കും അറിയാവുന്നതാണ്. ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ? നമ്മൾ അത് അക്സപ്റ്റ് ചെയ്യാൻ തയ്യാറാകണം. മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക്ക് അദ്ദേഹത്തിന്റെതായിട്ടുള്ള സമീപനം ഉണ്ടാകും. ശ്രീ. കെ. പി. രാജേന്ദ്രന് അദ്ദേഹത്തിന്റേതായ സമീപനം ഉണ്ടാകും. ശ്രീ. വി. എസ്. അച്യുതാനന്ദന് അദ്ദേഹത്തിന്റേതായ സമീപനം ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: ബില്ലിനെക്കുറിച്ച് സംസാരിക്കണം.

ശ്രീ. കെ. ശങ്കരനാരായണൻ: ഇന്ന് ഇവിടെ സംസാരിച്ചതു മുഴുവൻ ബില്ലിനെ പറ്റിയാണോ? ഇവിടെ സംസാരിച്ചത് മുഴുവൻ ബില്ലിന്റെ ക്ലോസ്സിനെകുറിച്ചായിരുന്നോ? ഞാൻ സംസാരിച്ചത് പൊതുവേയുള്ള കാര്യങ്ങളാണ്. നമുക്ക് എന്തെങ്കിലും സഹികരിക്കുവാൻ സാധിക്കുമോ എന്നുള്ളതാണ്.

കുറേ ദിവസങ്ങളായിട്ട് കേരളത്തിന്റെ സാമ്പത്തിക നിലയെക്കുറിച്ചും ജിം-നെക്കുറിച്ചും ഇവിടത്തെ വികസനത്തെക്കുറിച്ചുമൊക്കെ പറയുന്നുണ്ട്. 2002-03-ൽ പ്ലാനിന്റെ 96-97 ശതമാനം തുക ചെലവാക്കിയില്ലേ? നാം സന്തോഷിക്കുകയല്ലേ വേണ്ടത്? ഇനിയും പ്ലാൻ 4,430 കോടി രൂപകൂടി ചെലവാക്കുവാൻ നമുക്ക് കൂട്ടായ്മയല്ലേ വേണ്ടത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മൾ അംഗീകരിച്ച ബഡ്ജറ്റിന്റെ മുന്നിലൊരു ഭാഗം തുക അദ്ദേഹമേ സ്ഥാപനം വഴി ചെലവാക്കുവാൻ കൊടുത്തത് തിരിച്ചെടുക്കുവാൻ വേണ്ടി ഫൈനാൻസ് സെക്രട്ടറി കൊടുത്ത ഉത്തരവിന്റെ ഫലമായി അദ്ദേഹ മേഖല സ്ഥാപനങ്ങൾ ഉദ്ദേശിച്ച പ്രവർത്തനങ്ങളൊക്കെ സ്തംഭിക്കും. 800-ഓളം കോടി രൂപ തിരിച്ചെടുക്കുവാൻ തീരുമാനിച്ചത് നിയമസഭ അംഗീകരിച്ച ബഡ്ജറ്റിന് വിരുദ്ധമായിട്ടാണ്. അത് ശരിയാണോ? അതു സംബന്ധിച്ച് ഇവിടെ ഉയർന്ന ആക്ഷേപം എന്താണ്?

ഡോ. തോമസ് ഐസക്: പ്ലാനിന്റെ 90 ശതമാനം തുക ചെലവാക്കിയെന്നു പറഞ്ഞു. ആ തുകയിൽ ഇപ്പോൾ തിരിച്ചെടുക്കുവാൻ പോകുന്ന തുകയും ഉൾപ്പെടുന്നതാണ്. അതുകിഴിച്ചാൽ എത്രയാണ് പ്ലാൻ?

ശ്രീ. കെ. ശങ്കരനാരായണൻ: ഡോ. തോമസ് ഐസക്, 1996 മുതൽ ഓരോരോ വർഷവും പ്ലാനിൽ വരുത്തിയ കട്ടിനേക്കാൾ എത്രയോ കുറഞ്ഞ ശതമാനമാണ് 2001-02-ലും 2002-03-ലും കട്ട് ചെയ്തത്? അതിന്റെ മുമ്പ് അഞ്ച് പ്ലാനിംഗ് ബോർഡിലുണ്ടായിരുന്ന കാലത്ത് 51 ശതമാനം കട്ട് ചെയ്തിട്ടുണ്ട്. The record is with me.

ഞാൻ തെറ്റായിട്ട് പറയുകയല്ല. അന്ന് അതേ സാധിക്കുകയുള്ളൂ. അരി ഇല്ലാത്തവൻ എങ്ങനെയാണ് ചോറ് വെയ്ക്കുന്നത്? നിവൃത്തിയില്ല. അതേ അന്ന് സാധിച്ചുള്ളൂ. ഇന്ന് ഇതേ സാധിച്ചുള്ളൂ. അതിൽ കൂടുതലാക്കാൻ വേണ്ടിയാണ് ശ്രമിക്കുന്നത്.

ഡോ. തോമസ് ഐസക്: ഏതുവർഷമാണ് 49% വെട്ടിക്കുറച്ചത്?

ശ്രീ. കെ. ശങ്കരനാരായണൻ: ഞാൻ പറഞ്ഞുതരണോ? 1997-98, 1998-99-ലെ സ്ഥിതി എന്താണ്? ഡോ. തോമസ് ഐസക് നമ്മൾ കണ്ണടച്ച് ഇരുട്ടാക്കിയിട്ട് കാര്യമില്ല. കണ്ണ് ചിമ്മിയാൽ ഇരുട്ടാകുകയില്ല. എനിക്ക് ഒരു ആഗ്രഹമുണ്ട്. ബഹുമാനപ്പെട്ട തോമസ് ഐസക്കിന് തെറ്റുപറ്റുമ്പോൾ. അങ്ങേയ്ക്ക് കണക്കു തെറ്റുന്നത് എനിക്കുകൂടി ബുദ്ധിമുട്ടാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: പഞ്ചായത്തിന്റെ കാര്യം പറയണം.

ശ്രീ. കെ. ശങ്കരനാരായണൻ: അതു ഞാൻ പറയാം. പുതുക്കിയ ഉത്തരവു പ്രകാരം പി.ഡി. അക്കൗണ്ടുകൾ മാത്രമാണ് പ്ലാൻ വിഹിതം നിക്ഷേപിക്കാനായിട്ടുള്ളത്. ഓരോ മാസവും ട്രഷറി റിക്കൺസിലിയേഷൻ നിർബന്ധമായും നടത്തിയാൽ മാത്രമേ ചെക്ക് നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുകയുള്ളു എന്നതാണ് ഉത്തരവിന്റെ ഒരു പ്രത്യേകത. റിക്കൺസിലിയേഷൻ നിർബന്ധമാക്കുന്നതോടുകൂടി സാമ്പത്തിക ക്രമക്കേടുകൾ ഇല്ലാതാക്കാൻ സാധിക്കും. പുതുക്കിയ രീതി അനുസരിച്ച് പദ്ധതിവിഹിതം പൂർണ്ണമായി അതാതു വർഷം വിനിയോഗിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശ്രമിക്കും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരും മന്ത്രിയുമായി ആലോചിച്ച് തീരുമാനിച്ചതാണ്. ഇത് തീരുമാനിക്കാനുള്ള പ്രധാനപ്പെട്ട കാരണം എൽ.സി. കൊടുത്തുകഴിഞ്ഞശേഷം കുറെ വർഷങ്ങളായിട്ട് ഇത് പെരുവാക്കുന്നില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഇല്ലെന്നു മാത്രമല്ല, ഇപ്പോൾ ആഡിറ്റ് വന്നപ്പോൾ വളരെയധികം അപാകതകളും കണ്ടുപിടിച്ചിട്ടുണ്ട്. വർഷങ്ങളായിട്ടുള്ളവ കാണാൻ സാധിക്കുന്നില്ല. ഫണ്ട് വാങ്ങി അക്കൗണ്ടിലിട്ട് അതു ചെലവാക്കാതെ പോകുന്നതിനൊരു മാറ്റം വരുത്താൻവേണ്ടിയാണ് ടി. പി. അക്കൗണ്ട് ഫ്രീസ് ചെയ്തുകൊണ്ട് അതാതു മാസം ലോക്കൽ ബോഡീസിന് മുഴുവൻതുകയും കൊടുക്കാൻ തീരുമാനിച്ചത്. അതാതുമാസം ലോക്കൽ ബോഡീസിനു ഒരു ട്രഷറി ബാനുമില്ലാതെ പണം വാങ്ങിക്കുകയും ചെലവാക്കുകയും ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെയാണെങ്കിൽ ഈ വർഷം മുതൽ ചെയ്താൽ പോരെ; കൊടുത്ത പണം എന്തിനാണ് തിരിച്ചെടുക്കുന്നത്?

ശ്രീ. കെ. ശങ്കരനാരായണൻ: ആ പണം ചെലവു ചെയ്യാൻ പറ്റില്ല. അതിനുള്ള എക്സ്പെൻഡിച്ചറും പ്രോജക്ടും മാർഗ്ഗവുമില്ല. അത് ടി.പി. അക്കൗണ്ടിൽ വെറുതേ കിടക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഭരണഘടനാപരമായിട്ടുള്ള ഒരു സമിതിയാണ് ഡിപിസി. ഈ സമിതി നമ്മൾ അംഗീകരിച്ചിട്ടുള്ളതാണ്. ഡിപിസി അപ്രൂവ് ചെയ്തിട്ടാണ് ജില്ലാ പഞ്ചായത്ത് ആയാലും ത്രിതല ഭരണസംവിധാനത്തിലെ ഏതു പ്രോജക്ടിനും അംഗീകാരം കൊടുക്കുന്നതും നടപ്പാക്കുന്നതും. അങ്ങനെ ഡിപി.സി. അംഗീകരിച്ച ഒരു പദ്ധതി, 5 വർഷത്തേയ്ക്കുള്ള പ്രോജക്ട് തയ്യാറാക്കി കഴിഞ്ഞശേഷം പദ്ധതിയില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സഭയിൽ പറയുന്നത് വളരെ നിരുത്തരവാദപരമായ പ്രസ്താവനയല്ലേ? ഇത് വെട്ടിപ്പല്ല. നിരുത്തരവാദപരമായ പ്രസ്താവനയാണ്.

ശ്രീ. കെ. ശങ്കരനാരായണൻ: നമ്മൾ ഇതിൽ ഒരു ആർഗ്യുമെന്റ് നടത്തിയിട്ട് കാര്യമില്ല. ഇതിങ്ങനെ ചെയ്യാൻവേണ്ടി കാബിനറ്റ് തീരുമാനിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: സർ, രണ്ടു വ്യത്യസ്ത കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചു. ഒന്ന്, ഇംപ്ലിമെന്റേഷൻ ഓഫീസർമാരുടെ പി.ഡി. അക്കൗണ്ടുകൾ നിർത്തലാക്കുന്നതിനെക്കുറിച്ച്. ഇതിന്റെ ഫലമെന്താണെന്നുവച്ചാൽ അവിടെയുള്ള മുഴുവൻ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർക്കും പത്തു പൈസ ചെലവാക്കണമെന്നുണ്ടെങ്കിൽ ഓരോ പ്രാവശ്യവും അവിടത്തെ പഞ്ചായത്ത് സെക്രട്ടറിവഴി നടപടി എടുക്കേണ്ടിവരും. ഇതിന്റെ ഫലമായിട്ട് ഉണ്ടാകാൻ പോകുന്നത് പഞ്ചായത്തിൽ പൂർണ്ണമായിട്ടുള്ള ഭരണസ്തംഭനമാണ്. രണ്ടാമത്, നിങ്ങൾ എന്നാണ് പണം നൽകിയത്; മാർച്ച്മാസത്തിൽ അല്ലേ; ഏപ്രിൽ മാസത്തിലല്ലേ ക്രഡിറ്റ് ചെയ്തത്; അതിന്ശേഷം എത്ര ദിവസം ട്രഷറി പ്രവർത്തിച്ചിട്ടുണ്ട്? .....(ബഹളം).....

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു പുതുമയുള്ള കാര്യമല്ല. വർഷങ്ങളായിട്ട് നടക്കുന്ന കാര്യത്തിന് പൂർണ്ണവിരാമം ഇട്ടിരിക്കുകയാണിപ്പോൾ. ഇനിയങ്ങനെ പറ്റില്ല. അങ്ങനെ മിസ്യൂസ് ചെയ്യാൻ പറ്റില്ലായെന്നുള്ളതുകൊണ്ടുതന്നെയാണ് ഇങ്ങനെ തീരുമാനിച്ചിരിക്കുന്നത്. ഭരണസ്തംഭനം വരും, ചെലവു ചെയ്യാൻ ബുദ്ധിമുട്ടാകും എന്നൊക്കെ പറഞ്ഞു. ചെലവു ചെയ്യാൻ ബുദ്ധിമുട്ടുണ്ടാക്കാത്ത വിധത്തിൽ അതാതുമാസം ഗവൺമെന്റ് തീർച്ചയായിട്ടും ഒരു ട്രഷറി ബാനും ഇല്ലാതെ ഈ സംഖ്യ കൊടുക്കുന്നതാണ്. ക്യാബിനറ്റ് എന്നുപറയുന്നത് ഗവൺമെന്റാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, മുഖ്യമന്ത്രി കൂടി പറയേണ്ടതാണ്. ഭരണഘടനാപരമായിട്ടുള്ള ഒരു സമിതി ഡി.പി.സി.കൂടി തീരുമാനിച്ച് അംഗീകരിച്ച പദ്ധതി ക്യാബിനറ്റ് കൂടി വിത്ഡ്രാ ചെയ്യാൻ ഏതു നിലയ്ക്കാണ് അധികാരമുള്ളത്? നിങ്ങളുടെ ഉത്തരവ് തെറ്റാണ്.

മി. സ്പീക്കർ: ക്യാബിനറ്റിന് എന്താണ് അധികാരമില്ലാത്തത്?

ശ്രീ. കെ. ശങ്കരനാരായണൻ: പ്ലാൻ നിശ്ചയിച്ചു കഴിഞ്ഞശേഷം ആ പ്ലാൻ കട്ട് ചെയ്യാൻ അധികാരമുണ്ടെങ്കിൽ ഇതിനും അധികാരമുണ്ട്. അങ്ങനെ ഡൈവെർട്ട് ചെയ്തു ചെലവാക്കാൻ പറ്റില്ല. ഉള്ള പണം ന്യായമായി ചെലവാക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്.

ബഹുമാനപ്പെട്ട ശ്രീമതിടീച്ചർ പറഞ്ഞു, മുങ്ങിത്താഴാൻ പോകുന്ന കപ്പലാണ് യു.ഡി.എഫ്. എന്ന്. അവർ സത്യം പറഞ്ഞതാണ്, വ്യസനം കൊണ്ടാണ്. ടീച്ചർ പേടിക്കേണ്ട. ഇതു മുങ്ങുകയില്ല. ഇനി മുങ്ങിയാൽത്തന്നെ നീന്തി ആ കപ്പലിൽ തന്നെ കയറും. നീന്താൻ അറിയാത്തവർ മുങ്ങിച്ചാകും. അതുകൊണ്ട് എനിക്ക് നിങ്ങളോട് പറയാനുള്ളത്, ആരെങ്കിലും പറഞ്ഞാൽ ഈ കപ്പലിൽ കയറാൻ പോകേണ്ട. നമ്മുടെ സംസ്ഥാനത്ത് വളരെ സമാധാനപരമായ അന്തരീക്ഷം.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: നിങ്ങൾ കപ്പലിൽ കയറാൻ ശ്രമം നടത്തുന്നത് പുതിയൊരു അറിവാണ്.

ശ്രീ. കെ. ശങ്കരനാരായണൻ: സമാധാനപരമായ അന്തരീക്ഷം ആവശ്യമാണ്. 1957-നു ശേഷം കഴിഞ്ഞ 10 വർഷക്കാലത്തിനുള്ളിൽ അവിടെയും ഇവിടെയും അറിഞ്ഞും അറിയാതെയും ചെറിയ കുറെ അസ്വസ്ഥതകളുണ്ട്. ഈ അസ്വസ്ഥതകളുണ്ടാകാനുള്ള പ്രധാന കാരണം ഭരണത്തിൽ ആര് ഇരിക്കുന്നു എന്നുള്ളതുകൊണ്ടല്ല, നമ്മുടെ സംസ്ഥാനത്ത് ദീർഘകാലമായി ഉണ്ടായിരുന്ന സൗഹാർദ്ദം, സ്നേഹം, comradeship എന്നിവ ഇടക്കാലത്ത് ചോർന്നുപോയി. അതു ചോർന്നുപോകാനുണ്ടായ പ്രധാനപ്പെട്ട കാരണം, ഭരണം മാത്രമല്ല, മറ്റേതു സംസ്ഥാനത്തിനേക്കൾ ദീർഘകാലമായി കേരളത്തിൽ നിലനിന്നിരുന്ന സൗഹാർദ്ദം തകരുകയാണ്. 1957-നു ശേഷം ഇങ്ങോട്ട് ഏതു വിഭാഗത്തിൽപ്പെട്ടവരായാലുംശരി, നമ്മൾ സ്നേഹത്തോടുകൂടി ഒരു കുടുംബത്തെപ്പോലെ ജീവിക്കുന്നവരാണ്. അതു താറുമാറാക്കണമെന്നുള്ള ആഗ്രഹക്കാരുമുണ്ട്. അവർക്ക് ഇവിടുത്തെ ഭരണത്തിൽ യാതൊരു പങ്കുമില്ല. ഇവിടെ നശിപ്പിക്കണമെന്നും ഈ സൗഹാർദ്ദം താറുമാറാക്കണമെന്നും നിലനിൽക്കരുതെന്നും ആഗ്രഹിക്കുന്ന ആളുകൾക്ക് കേരളത്തിന്റെ ഭരണത്തിൽ യാതൊരു പങ്കുമില്ല. അവർ ഇവിടെ വിരുന്നുകാരാണ്. അവരാണ് ഇവിടെയുള്ള സൗഹാർദ്ദ അന്തരീക്ഷം തകർക്കണമെന്ന്, നശിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നത്. ആ സൗഹാർദ്ദ അന്തരീക്ഷം നശിപ്പിക്കുന്നതിന് കൂട്ട് നിൽക്കാൻ നമുക്ക് സാധിക്കുകയില്ല. അതിനു കൂട്ടുനില്ക്കാൻ ഒരു കാരണവശാലും പറ്റില്ല....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആ വിരുന്നുകാരന് പഴവരാനി വിരിച്ചു കൊടുക്കരുത്.

ശ്രീ. കെ. ശങ്കരനാരായണൻ: ആ വിരുന്നുകാരന് പഴവരാനി കൊടുത്തിട്ടില്ലെന്നുള്ളതാണ് ഏറ്റവും വലിയ തകരാർ. ആരും അത് വിരിച്ചുകൊടുക്കാൻ ശ്രമിക്കരുത്. തൽക്കാലാവശ്യത്തിനുവേണ്ടി അവരോട് ആരെങ്കിലും സൗമനസ്യം കാണിക്കുന്നതും തെറ്റാണ്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴുള്ള അന്തരീക്ഷത്തിന് സ്വരച്ചേർച്ച ഇല്ലാത്തപ്പോൾ ആ സ്വരച്ചേർച്ചയ്ക്ക് അകൽച്ചയുണ്ടാക്കിക്കൊണ്ട് അതിൽനിന്ന് രാഷ്ട്രീയമായ മുതലെടുപ്പു നടത്താൻ ആരു ശ്രമിച്ചാലും അതു തെറ്റാണ്.....(ബഹളം).....

വീഗിനെ സംബന്ധിച്ചൊന്നും നിങ്ങൾ പറയേണ്ട. ലീഗ് എന്നുപറയുന്നത് കേരളത്തിൽ ഇന്നും ഇന്നലെയും ഉണ്ടായ ഒരു രാഷ്ട്രീയ സംഘടനയല്ല. കേരളത്തിൽ മതസൗഹാർദ്ദത്തിനുവേണ്ടി വലിയ വില കൊടുത്തിട്ടുള്ള ഒരു രാഷ്ട്രീയ കക്ഷിയാണ് ലീഗ്.....(ബഹളം)..... ശ്രീ. ബിനോയ് വിശ്വം ബഹളമുണ്ടാക്കണ്ട. ശ്രീ. ബിനോയ് വിശ്വമല്ല, ശ്രീ. ബിനോയ് വിശ്വത്തിന്റെ ഡൽഹിയിലുള്ള ആളുകൾ വിചാരിച്ചാലും അതു പൊളിക്കാൻ സാധിക്കുകയില്ലായെന്ന കാര്യം മനസ്സിലാക്കണം. നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമാധാനാന്തരീക്ഷം ആവശ്യമാണ്. അതു നിലനിർത്താൻ വേണ്ടി ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. നാളെയും ശ്രമിക്കും. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം സൗഹാർദ്ദം നിലനിർത്തണമെന്നുള്ളതാണ് ഉദ്ദേശ്യം. അതാണ്, ഈ ഗവൺമെന്റിന്റെ പ്രത്യേക അജണ്ട. അതിനെ പൊളിക്കാൻ ആരും ശ്രമിക്കരുത്. ഈ ഗവൺമെന്റിലുള്ള കക്ഷികൾ സൗഹാർദ്ദത്തോടും സ്നേഹത്തോടും ആശയവിനിമയം നടത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതിനെ പരാജയപ്പെടുത്താൻ നിങ്ങൾ വിചാരിച്ചാൽ നിങ്ങൾക്കായിരിക്കും നാവിയിൽ അതിന്റെ അപകടം എന്നു മനസ്സിലാക്കുന്നത് നല്ലതാണ്. .....(ബഹളം)..... ഡോ. തോമസ് ഐസക് പറഞ്ഞ പല കാര്യങ്ങളും ഞങ്ങൾ പറയാത്തതെന്താണെന്നറിയാമോ? പറയാൻ ഇഷ്ടമില്ലാത്തതുകൊണ്ടല്ല, പറയേണ്ട എന്നു വിചാരിച്ചിട്ടാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Mr. Speaker: Smt. Malethu Sarala Devi, do you press your amendment?

Smt. Malethu Sarala Devi: No

Mr. Speaker: The amendment moved by Smt. Malethu Sarala Devi is, by leave, withdrawn.

Shri T. K. Balan, do you press your amendment?

Shri T. K. Balan: Yes.

Mr. Speaker: The amendment moved by Shri T. K. Balan is put and lost.

2003-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂലായ് മാസം 18-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.32-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly